Vol. 7 No. 1 January 2024

ISSN 2582-2594

RNI No. KERMUL/2018/77513

www. akgct.org

ACADEMIC RESEARCH AND REVIEW LETTERS

(Multi-disciplinary Peer Reviewed Research Journal)

A Biannual Research Journal

Association of Kerala Government College Teachers

ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 7 No. 1 January 2024

A Biannual Research Journal

Association of Kerala Government College Teachers
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www. akgct.org

ACADEMIC RESEARCH AND REVIEW LETTERS
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

Published in India by
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL. 7 NO. 1 January 2024

ISSN: 2582 - 2594

RNI No. KERMUL/2018/77513

Book design: SJ Communications

[Free and private circulation only]

Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

Editorial Correspondence
All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

Editorial Board

Managing Editor
Dr. K. K. Damodaran
Principal, Government College, Malappuram

Chief Editor
Dr. Muhammed Rafeeq T.
Associate Professor, Dept. of Islamic History, University College, Thiruvananthapuram

Sub Editor
Dr. Muhamed Basheer K. K.
Assistant Professor, Dept. of Malayalam, KKTM Govt. College, Pullut

Issue Editor
Dr. Ajaykumar A. P.
Assistant Professor, Dept. of Zoology, SNGS College, Pattambi

Dr. Muhamed Basheer K. K.
Assistant Professor, Dept. of Malayalam, KKTM Govt. College, Pullut

Editorial
Dr. Sandhya S. Nair
Associate Professor, Dept. of Political Science, University College, Thiruvananthapuram

Dr. Baiju S.
Associate Professor, Dept. of Mathematics, Govt. College Kariavattom, Thiruvananthapuram

Dr. P. K. Sujathan
Assistant Professor, Dept. of Economics, Govt. Victoria College, Palakkad

Dr. Sajikumar K. B.
Associate Professor, Dept. of Commerce, PMG College, Chalakkudy, Thrissur.

Dr. Finosh G. Thankam
Assistant Professor
Tissue Engineering and Regenerative Medicine
Department of Translational Research
Western University of Health Sciences, Pomona, CA-91766

Dr. Sherin B. S.
Associate Professor,
Department of Comparative Literature and India Studies,
The English and Foreign Languages University, Hyderabad.

Statement about ownership and other particulars about

ACADEMIC RESEARCH AND REVIEW LETTERS

Form IV

1.	Place of publication	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
2.	Periodicity of Publication	:	Half Yearly
3.	Printers Name	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
4.	Publishers Name	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
5.	Editor's Name	:	Dr. MUHAMMED RAFEEQ T.
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
6.	Name and Address of the Individual who own the Periodical	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

15-01-2024

Sd/-
K. K. DAMODARAN
Publisher

Preface

Welcome to the January 2024 issue of *Academic Research and Review Letters,* a peer-reviewed, multidisciplinary journal published by the Association of Kerala Government College Teachers (AKGCT). This edition presents a diverse collection of scholarly articles that offer deep insights into various academic fields. We begin with Sinto Korokot's article *Vastu: For Dwelling and Worship*, which explores the principles of Vastu Shastra, focusing on its application in residential and religious architecture. Ramya K.R. provides a critical ecological reading of K.R. Meera's *"Yudasinte Suvishesham"* in *A Situational Reading of K.R. Meera's "Yudasinte Suvishesham"*. This analysis sheds light on the intricate socio-political themes embedded in the narrative. VM Halleelu Rahman's *Dalit Resistance: In the Stories of Manoj Vengola* delves into the portrayal of Dalit struggles and resistance in the literary works of Manoj Vengola, highlighting the socio-political context and the resilience of the Dalit community. Fathima R.V.'s article *Thanma, Body, Desire in the Stories of Madhavikutty* explores the recurring themes of body and desire in the works of the renowned writer Madhavikutty (Kamala Das), offering a nuanced understanding of her literary contributions.

In *Pseudonyms and Books: Creation and Rejection - A Study Based on Nabokov's "Lolita"*, Jilsha P. examines the creative and critical dimensions of Nabokov's Lolita, focusing on the pseudonyms and the controversies surrounding the novel. Dr. Jency K.A. discusses the representation of human rights violations in literature in her article *Violations of Human Rights and Literary Representations*. This study provides an in-depth analysis of how literature reflects and critiques human rights abuses. Dr. Deepa S.S. contributes with *The Psychology of Women's Resistance,* analyzing the psychological aspects of women's resistance

movements, and offering insights into the mental resilience and motivations of women involved in such struggles. Finally, Dr. Bijikumari P. presents *Influence of Jainism in South India - A Study Based on Thirucharanath Hill Temple*. This article examines the historical and religious significance of the Thirucharanath hill temple, highlighting the influence of Jainism in the region. We hope that the diverse topics covered in this issue will engage our readers and inspire further research and discussion. We extend our gratitude to all the authors and reviewers for their invaluable contributions and dedication.

Sincerely

Dr.Muhammed Rafeeq T.
Chief Editor

Dr. Ajaykumar A. P.
Issue Editor

ACADEMIC RESEARCH AND REVIEW LETTERS
Vol. 7 No. 1 January 2024

CONTENTS

1 **വാസ്തു: അധിവാസത്തിനും ആരാധനയ്ക്കും** 9
സിന്റോ കോങ്കോത്ത് എ.

2 **കെ.ആർ. മീരയുടെ 'യൂദാസിന്റെ സുവിശേഷം' ഒരു പാരിസ്ഥിതിക വായന** 23
രമ്യ വി.ആർ.

3 **ദളിത് പ്രതിരോധങ്ങൾ: മനോജ് വെങ്ങോലയുടെ കഥകളിൽ** 31
ഹല്ലീലു റഹ്മാൻ വി.എം.

4 **തന്മ, ശരീരം, കാമന മാധവിക്കുട്ടിയുടെ കഥകളിൽ** 38
ഫാത്തിമ ആർ.വി.

5 **പുറംചട്ടവത്കരണങ്ങളും പുസ്തകവും: ആവിഷ്ക്കാരവും നിരാസവും** 45
നബക്കോവിന്റെ 'ലോലിത' എന്ന നോവലിന്റെ പുറംചട്ടകളെ മുൻനിർത്തിയുള്ള പഠനം
ജിൽഷ പി.

6 **മനുഷ്യാവകാശധ്വംസനങ്ങളും സാഹിത്യപ്രതിനിധാനങ്ങളും** 53
ഡോ. ജെൻസി കെ. എ.

7 **പെൺപ്രതിരോധത്തിന്റെ മനശ്ശാസ്ത്രം** 61
ഡോ. ദീപ എസ്.എസ്.

8 **ജൈനമതസ്വാധീനം തെക്കേ ഇന്ത്യയിൽ –**
തിരുച്ചരണത്ത് മല ക്ഷേത്രത്തെ ആസ്പദമാക്കി ഒരു പഠനം 68
ഡോ. ബിജികുമാരി പി.

വാസ്തു: അധിവാസത്തിനും ആരാധനയ്ക്കും

സിന്റോ കോങ്കോത്ത് എ.
അധ്യാപിക
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email : sintokonkoth@gmail.com

സംഗ്രഹം

ഓരോ പ്രദേശത്തിനും അവരുടേതായ കെട്ടിടനിർമ്മാണ രീതികളുണ്ട്. അധിവാസത്തിനും അധിവാസേതര ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആരാധനാലയങ്ങൾ, കൊട്ടാരങ്ങൾ, കൂത്തമ്പലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കളിയിടങ്ങൾ തുടങ്ങി നിർമ്മിതിയുടെ പുതിയ അർത്ഥതലങ്ങൾ വാസ്തു എന്ന പദം ഇന്ന് ഉൾക്കൊള്ളുന്നുണ്ട്. കേരളത്തിന്റെ വ്യത്യസ്തമായ വാസ്തുവിദ്യാ ചിന്തകളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിൽ.

താക്കോൽവാക്കുകൾ : വാസ്തുശാസ്ത്രം, വാസ്തുവിദ്യ, അധിവാസം, പ്രാദേശികചരിത്രം

നാലുചുമരുകളും മേൽക്കൂരയും നൽകുന്ന സുരക്ഷിതത്വമാണ് വീട് എന്ന സങ്കല്പത്തിനടിസ്ഥാനം. പക്ഷികൾ ലഭ്യമായ അസംസ്കൃത വസ്തുക്കൾകൊണ്ട് മനോഹരമായ കൂടുകൾ നിർമ്മിക്കുന്നു. ജന്മസിദ്ധമായ കഴിവിനൊപ്പം അനുഭവജ്ഞാനവും അവർക്കതിന് സഹായകമാകുന്നുണ്ടാകണം. ആ കിളിക്കൂടുകൾ അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നുമുണ്ട്. അവയുടെ നിർമ്മാണ വൈദഗ്ധ്യം അതിശയിപ്പിക്കുന്നതാണ്. മരച്ചില്ലകളിലും ഗുഹാന്തർഭാഗങ്ങളിലും അഭയം തേടിയിരുന്ന മനുഷ്യന്റെ ക്രമാനുഗതമായ വളർച്ചയായിരുന്നിരിക്കണം വാസ്തുവിദ്യ എന്ന സാങ്കേതിക ജ്ഞാനത്തിലേയ്ക്ക് എത്തിച്ചേരാൻ ഇടയായത്. വാസ്തു എന്ന സംസ്കൃതപദത്തിന് പാർപ്പിടം എന്നാണർത്ഥം. ഗൃഹം നിൽക്കുന്ന സ്ഥലം എന്ന് ശബ്ദതാരാവലി അർത്ഥം നൽകുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ 'ഗൃഹക്ഷേത്ര - ആരാമ-സേതുബന്ധ - തടാകമാധാരോ-വാവാസ്തു' എന്നാണ് നിർവചിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാണരീതിയെയാണ് വാസ്തുവിദ്യ എന്ന പദം കൊണ്ട് പൊതുവെ അർത്ഥമാക്കുന്നത്. കെട്ടി ഉണ്ടാക്കുന്നവയാണ്

കെട്ടിടങ്ങൾ. അധിവാസത്തിനും അധിവാസേതര ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആരാധനാലയങ്ങൾ, കൊട്ടാരങ്ങൾ, കൂത്തമ്പലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കളിയിടങ്ങൾ തുടങ്ങി നിർമ്മിതിയുടെ പുതിയ അർത്ഥതലങ്ങൾ ഈ പദം ഇന്ന് ഉൾക്കൊള്ളുന്നുണ്ട്.

ഓരോ പ്രദേശത്തിനും അവരുടേതായ കെട്ടിടനിർമ്മാണ രീതികളുണ്ട്. അവിടുത്തെ കാലാവസ്ഥയും ഭൂപ്രകൃതിയുടെ പ്രത്യേകതകളും നിർമ്മാണവസ്തുക്കളുടെ ലഭ്യതയും ഇതിൽ പ്രധാന ഘടകങ്ങളാകുന്നു. മഞ്ഞുപെയ്യുന്ന യൂറോപ്യൻ നാടുകളിലും മരുഭൂമി അധികമുള്ള ഗൾഫ് നാടുകളിലും ഏറെ മഴലഭിക്കുന്ന കേരളത്തിലും ഒരേ വാസ്തുവിദ്യാരീതി ഉപയോഗപ്പെടുത്താനാവില്ല. കേരളത്തിൽത്തന്നെ പ്രാദേശികമായി കടലോരങ്ങളിലും മലഞ്ചെരിവുകളിലും പുഴയോരങ്ങളിലും സമതലങ്ങളിലും വ്യത്യസ്തമായ സാങ്കേതികതകൾ ഉപയോഗപ്പെടുത്തുമ്പോഴേ ഗൃഹനിർമ്മാണം കൃത്യതയുള്ളതാകുന്നുള്ളൂ. ഉയർന്ന ശില്പവൈദഗ്ധ്യവും കരവിരുതും ഉൾക്കൊണ്ട പഴയ തറവാടുകളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും കേരളത്തിലെ പരമ്പരാഗത വാസ്തു ശൈലിയുടെ മുഖമുദ്രയായി നിലനിൽക്കുന്നു എന്ന് ഡോ. ബിനുമോൾ ടോം വിലയിരുത്തുന്നു. “ഇളം ചൂടും ഈർപ്പവും മാറിമാറിവരുന്ന, ചിലപ്പോൾ കനത്തമഴ പെയ്യുന്ന കാലാവസ്ഥ ഇവിടുത്തെ വാസ്തുകലാരീതിയിൽ നല്ല സ്വാധീനത ചെലുത്തിയിട്ടുണ്ട്. പത്തായപ്പുരപോലെ പ്രധാന കെട്ടിടത്തിൽ നിന്നുമാറി സ്ഥിതിചെയ്യുന്ന എടുപ്പുകൾ, നടുമുറ്റത്തേക്ക് തുറക്കുന്ന മുറികൾ, രണ്ടറ്റവും മുഖപ്പുകളുള്ള ചെരിഞ്ഞ മേൽക്കൂര, വീടുകളുടെ എല്ലാ ഇറയങ്ങളിലും വരാന്തകൾ - എന്നിവയൊക്കെ ചില ഉദാഹരണങ്ങൾ മാത്രം” (2013: 1343). കേരളത്തിൽ, കൂടുതൽ ചെരിവുള്ള മേൽക്കൂരകളും സമതലത്തിൽ നിന്നും ഉയർന്ന തറകളും മഴവെള്ളത്തെ പ്രതിരോധിക്കാൻ അത്യാവശ്യമാണ്. കടലേറ്റത്തേയും ഭൂകമ്പങ്ങളെയും മണ്ണിടിച്ചിലിനെയും വെള്ളപ്പൊക്കത്തെയും പരിഗണിച്ചു മാത്രമേ നമുക്ക് ഭൂമി തിരഞ്ഞെടുക്കാൻപോലും കഴിയൂ.

നെൽവയൽ, ദേവാലയം, സമുദ്രം, നദി, ഋഷിയാശ്രമം, ഗോശാല, പർവ്വതം എന്നിവയുടെ അടുത്ത് പുരപണിയുന്നത് പല അനർത്ഥങ്ങളുമുണ്ടാക്കുമെന്ന് മനുഷ്യാലയചന്ദ്രികയിൽ സൂചനയുണ്ട്.[1] ആരാധനാലയങ്ങളുടെ സമീപത്തെ വീടുകൾക്ക് അവയെക്കാൾ ഉയരം കൂടുതലാകുന്നത് ഉചിതമല്ല എന്ന ചിന്ത ഇന്നും എല്ലാ മതവിശ്വാസികളുടെ ഇടയിലുമുണ്ട്.

വാസ്തുവിദ്യാ സംബന്ധമായി നമുക്ക് ലഭ്യമായിട്ടുള്ള തന്ത്രസമുച്ചയം, മനുഷ്യാലയ ചന്ദ്രിക, വാസ്തുവിദ്യ, ശില്പരത്നം തുടങ്ങിയ സംസ്കൃതകൃതികൾ ഈ കലാവിദ്യയുടെ മികവും പ്രാവീണ്യതയും രേഖപ്പെടുത്തുന്നു. തന്ത്രസമുച്ചയത്തിൽ ക്ഷേത്രനിർമ്മാണത്തെക്കുറിച്ചും മനുഷ്യാലയ ചന്ദ്രികയിൽ ഗൃഹനിർമ്മാണത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. തന്ത്രസമുച്ചയത്തിന്റെ ഗ്രന്ഥകാരനായ ചേന്നാസ്സ നമ്പൂതിരിപ്പാടിന്റെ ജനനം കൊല്ലവർഷം 603 മേടമാസത്തിലാണ് എന്ന് ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ വിലയിരുത്തുന്നു.[2] പതിനഞ്ചാം നൂറ്റാണ്ടിൽ തന്നെ വാസ്തുവിദ്യയെ സംബന്ധിച്ച വിപുലമായ നിർദ്ദേശങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരുന്നു എന്ന് സാരം. അതിനുമുൻപും പിൻപും വാസ്തുവിദ്യയിൽ കൃത്യമായ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കപ്പെട്ടിരുന്നു എന്ന് മനസ്സിലാക്കണം. ഗൃഹനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം സാമൂഹികക്രമവും സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്. ജാതിവ്യവസ്ഥ നിലനിന്നിരുന്ന ഘട്ടത്തിൽ വേഷവിധാനത്തിൽ എന്നപോലെ ഭവനം കൊണ്ടും ജാതി തി

 ISSN: 2582 - 2594

രിച്ചറിയാൻ സാധിക്കുമായിരുന്നു. കൊട്ടാരവും കോവിലകവും രാജാവിന് സ്വന്തം. മാളികയും ഇല്ലവും മനയും മാവുമെല്ലാം ആഢ്യൻമാർക്ക് മാത്രം സാധ്യമാകുന്നതാണ്. ശൂദ്രന്റേത് ചെറ്റകളും കുപ്പകളും കുടിലുകളുമായിരുന്നു. ഓട്ടുമേയണമെങ്കിൽ പ്രത്യേകം അനുവാദം വേണം. അത് ശൂദ്രന് അസാധ്യവുമല്ലായിരുന്നു.

കേരളത്തിൽ ചൂട്ടുകടക്കാത്ത ഓടിട്ട വീട്ടുകളായിരുന്നു ധനികരുടേത്. ഓലമേഞ്ഞ പുരകളാകട്ടെ സാധാരണക്കാരന്റേതും. പുര എന്ന വാക്കുതന്നെ അനാർഭാടമായ വീട് എന്ന ചിന്തയാണ് ഉണർത്തുന്നത്. പുല്ലോ ഓലയോ കൊണ്ട് മേഞ്ഞ പുരകൾ ജാതിവ്യവസ്ഥയെ മാത്രമല്ല, താഴ്ന്നസാമ്പത്തിക നിലയേയും പ്രതിഫലിപ്പിച്ചിരുന്നു. ക്രൈസ്തവ- ഇസ്ലാം മതവിശ്വാസികൾക്കിടയിലും ഓലമേഞ്ഞ വീടുകൾ കാണാമായിരുന്നു. തറയിൽ മണ്ണുപൊത്തി അതിനു മുകളിൽ ചാണകംമെഴുകിയ വീടുകൾ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിലധികം കാലം വരെ ഇവിടെ സാധാരണമായിരുന്നു. ഇത്തരം പുരകൾ വർഷാവർഷം പുതുക്കിപ്പണിയേണ്ടിവന്നു. പുരകെട്ട് ഒരാഘോഷം തന്നെയായിരുന്നു അക്കാലത്ത്. പുരകെട്ടിന്റെ അന്ന് ബന്ധുക്കളും അയൽക്കാരും ഒത്തുചേർന്ന് കഞ്ഞിയും പുഴക്കും ഉണ്ടാക്കിക്കഴിച്ച് ആഘോഷമാക്കിയിരുന്നു എന്ന് വീട്ടിലെ മുതിർന്നവർ പറഞ്ഞ് കേട്ടിട്ടുണ്ട്. ഓലമേഞ്ഞ പുരകൾ വർഷാവർഷം പുതുക്കിപ്പണിയേണ്ടിവന്നിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ പുരകെട്ടിനെക്കുറിച്ച് പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നുണ്ട്, "എത്ര വമ്പനും ഒറ്റയ്ക്ക് ഒരു പുര മേഞ്ഞുകെട്ടാൻ കഴിയില്ല. അതിനു മറ്റുള്ളവരുടെ സഹായം കൂടിയേ കഴിയൂ. വർഷംപ്രതി വേനൽക്കാലത്താണ് പുരമേയുക. പതിവ് തെറ്റിയാൽ, അടുത്ത മഴയ്ക്ക് വെള്ളം വീടിനകത്താവും. ഈ ദുരിതത്തെ സാമൂഹ്യദുരിതമായി കാണാനും അതിന് ഒരുമിച്ചുതന്നെ പ്രതിവിധി ചെയ്വാനും കരയോഗങ്ങൾ സന്നദ്ധമായിരുന്നു എന്നുള്ളതാണ് മർമ്മസ്പൃക്കായഭാഗം. ഒരാൾ മറ്റുള്ളവർക്കുവേണ്ടി, മറ്റുള്ളവർ ഒരാൾക്കു വേണ്ടി എന്ന സിദ്ധാന്തത്തിന്റെ പ്രായോഗികമായ നിറവേറ്റലാണ് ഈ കെട്ടിമേയൽ" (2000:85). പരസ്പര സഹകരണത്തിന്റെ ഒരു വലിയപാഠം തന്നെയാണ് ഈ പുരമേയൽ. കൊച്ചിരാജ്യചരിത്രത്തിൽ ഇക്കാര്യം ഇപ്രകാരം രേഖപ്പെടുത്തുന്നു, "ഓരോ വീട്ടുകാരും മറ്റുള്ളവരുടെ പുരകെട്ടു കഴിച്ചു കൊടുക്കണം. പുര കെട്ടിനുള്ള ഓല തയ്യാറായാൽ വീട്ടിലുള്ളവർ പോയി ശേഷം വീട്ടുകാരെ ക്ഷണിക്കും. പിറ്റേദിവസം നേരത്തെ കരക്കാർ ചെന്നു പുരയുടെ ഓല പൊളിച്ചു അടിച്ചു നന്നാക്കി പുതിയ ഓലകൊണ്ടു മേഞ്ഞുകൊടുക്കും. കരക്കാർക്ക് ഈ വകയിൽ പ്രതിഫലമായി ഒന്നും കൊടുക്കുകയില്ല. മുറുക്കുവാൻ വെറ്റില, അടക്ക, ചുണ്ണാമ്പ്, പുകയില, ദാഹനിവൃത്തിക്കു സംഭാരം, പാനകം ഇതുകൾ തയ്യാറുണ്ടായിരിക്കും. ഉച്ചയ്ക്ക് കഞ്ഞിയുടെ വട്ടവും വൈകുന്നേരം സദ്യയും ഉണ്ട്" (രണ്ടാം പുസ്തകം പുറം 581-582). ഇന്ന് ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്കായി അതിഥി തൊഴിലാളികളെ ആശ്രയിക്കുന്ന പുതിയ തലമുറയ്ക്ക് ഇതൊരു അതിശയകരമായ സംസ്കാരചരിത്രം തന്നെയാണ്.

ശ്രേഷ്ഠഭൂമി

ജാതിക്രമമനുസരിച്ച് ഗൃഹനിർമ്മാണത്തിനുള്ള ഭൂമി തിരഞ്ഞെടുക്കേണ്ടത് എങ്ങനെയെന്ന് മനുഷ്യാലയ ചന്ദ്രികയിൽ പറയുന്നത് ഇപ്രകാരമാണ്, വളരെ കശയുള്ളതും നീളവും വീതിയും സമമായിട്ടുള്ളതും മണ്ണിനു വെളുപ്പ് നിറമുള്ളതുമായ ഭൂമി ബ്രാഹ്മണനു പുരചമപ്പാൻ

നല്ലതാകുന്നു. അമ്ലകുട്ടമുള്ളതും വീതിയിൽ എട്ടിലൊന്നു നീളമേറിയതും മണ്ണിനു ചുവപ്പുനിറവും ചോരയുടെ ഗന്ധവും ചവർപ്പു രസമുള്ളതുമായ ഭൂമി ക്ഷത്രിയർക്ക് നല്ലതാകുന്നു. എല്ലാകാലത്തും വളരെ കറുകയുള്ളതും വീതിയിൽ ആറൊന്നു നീളമേറിയതും മണ്ണിന് മഞ്ഞ നിറവും ചോറി കയ്പുരസമുള്ളതുമായ ഭൂമി വൈശ്യന് പുര പണിയാൻ നല്ലതാകുന്നു. ആറ്റുദർഭ വളരെയുള്ളതും വീതിയിൽ നാലിലൊന്ന് നീളമേറിയതും മണ്ണ കറുത്തനിറത്തോടും മദ്യത്തിന്റെ ഗന്ധത്തോട്ടും എരിവു രസത്തോടും കൂടിയിരിക്കുന്നതുമായ ഭൂമി ശൂദ്രന് ഗൃഹമുണ്ടാക്കാൻ നല്ലതാകുന്നു.[3] വിശുദ്ധമായതെന്തും സവർണ്ണന് സ്വന്തം എന്ന ചിന്ത ഇത്തരം നിഷ്കർഷകളിലെല്ലാം കണ്ടെത്താനാവും. തച്ചുശാസ്ത്ര വൈദഗ്ധ്യത്തിന്റെ കുത്തക ഉപരിവർഗ്ഗങ്ങളായിരിക്കുമെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യുന്നുണ്ട് ഈ കൃതികൾ.

ഗൃഹനിർമ്മാണത്തിനുള്ള മണ്ണിന്റെ ഉറപ്പ് പരീക്ഷിച്ച് മനസ്സിലാക്കുന്നതിന് വളരെ ലളിതമായമാർഗ്ഗങ്ങൾ വാസ്തുശാസ്ത്രം നിർദേശിക്കുന്നുണ്ട്. പണിയാനുള്ള ഭൂമിയിൽ ഒരു കോൽ സമചതുരത്തിലും ആഴത്തിലും കുഴിയെടുക്കുക. കുഴിയിൽ നിന്നും പുറത്തെടുത്തമണ്ണ് വീണ്ടും കുഴിയിൽ തന്നെ നിക്ഷേപിക്കുക. മണ്ണ് ബാക്കി വരികയാണെങ്കിൽ ആ ഭൂമി ഏറ്റവും ഉറപ്പുള്ളതാണ് എന്ന് തീരുമാനിക്കാം. വീട് പണിയുന്ന ഭൂമിയിലെ വായുവിലെ ഓക്സിജന്റെ ലഭ്യത അളക്കുന്നതിനും തനതായ മാർഗ്ഗങ്ങളുണ്ട്. ഒരുകോൽ സമചതുരത്തിലും ആഴത്തിലും കുഴിയെടുക്കുക. ഇതിൽ വേവിക്കാത്ത മൺപാത്രത്തിൽ നെല്ല് നിറച്ച ചട്ടി മൂടിവയ്ക്കുക. അതിൽ വെള്ള, മഞ്ഞ, ചുവപ്പ്, കറുപ്പ് എന്നീ നാലു നിറത്തിൽ കിഴക്കു തുടങ്ങി പ്രദക്ഷിണ ക്രമത്തിൽ കത്തിക്കുന്നു. കത്തുന്നതിരിയുടെ ശോഭ, പുക എന്നിവ നോക്കി ഓക്സിജന്റെ അളവ് നിർണ്ണയിക്കാം. കുഴിയിൽ തിരികൾ കത്തുന്നതിനാൽ ഓക്സിജനേക്കാൾ ഭാരം കൂടിയ വിഷഹാരിയായ വാതകങ്ങൾ കുഴിയിൽ അടിയും. മൂടി തുറന്നാൽ തിരി കത്തുന്നുണ്ടെങ്കിൽ അത് ശ്രേഷ്ഠഭൂമിയാണ് എന്ന് നിശ്ചയിക്കാം. അവിടെ ഓക്സിജൻ കുറവാണെങ്കിൽ തിരികൾ പെട്ടെന്ന് കെട്ടുപോകും.

ഗവേഷണം എന്ന് ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന പദത്തിന് പിന്നിലും ഗോക്കളെ ഉപയോഗിച്ച് വാസ്തുനിർമ്മിതിക്കായി ശ്രേഷ്ഠ ഇടം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട അർത്ഥമാണ് ഉണ്ടായിരുന്നതത്രേ. നിർമ്മിതിക്കായി ഉദ്ദേശിക്കുന്ന പറമ്പിലേക്ക് ഒരു പശുവിനെ സ്വതന്ത്രമായി മേയാൻ വിടുന്നു. ആദ്യ ഇരുപത്തൊന്ന് ദിവസത്തേക്ക് ഈ പശുവിനെക്കുറിച്ച് യാതൊരു അന്വേഷണവും നടത്തുന്നില്ല. എന്നാൽ ഇരുപത്തൊന്ന് ദിവസത്തിനുശേഷം ഈ പശുവിനെ തിരയുന്ന കർമ്മത്തിനാണ് ഗവേഷണം എന്ന വാക്ക് ഉപയോഗിച്ചിരുന്നത്. ഇത്രയും ദിവസത്തിനുള്ളിൽ ഭക്ഷണം എല്ലാം കഴിഞ്ഞു കിടക്കാൻ ഏറ്റവും നല്ല ഇടം ആ പശു തിരഞ്ഞെടുത്തിരിക്കും. ഇതുതന്നെയാണ് നിർമാണത്തിനും ഏറ്റവും ഉചിതമായ സ്ഥാനം.

നിർമ്മാണ വൈദഗ്ധ്യം

നാലുകെട്ടുകളുടെ നിർമ്മാണവൈദഗ്ധ്യവും കരകൗശലവും ശ്രദ്ധേയമാണ്. കേരളത്തിൽ വാസ്തുവിദ്യാരംഗത്ത് തച്ചന്മാർക്ക് ഏറെ പ്രാധാന്യം ലഭിച്ചിരുന്നു. തച്ചുശാസ്ത്രം വാസ്തുവിദ്യയുടെ ഒരു പ്രധാന ഭാഗമാണ്. ഗൃഹ-ക്ഷേത്ര-വിഗ്രഹ-ശില്പ നിർമാണങ്ങളിലെല്ലാം തച്ചന്മാർക്ക് വലിയ പ്രാധാന്യമുണ്ട്. ഗൃഹനിർമ്മാണവസ്തുക്കളിൽ പ്രധാനം മരം തന്നെയായിരുന്നു. കഴുക്കോലുകളും ഉത്തരവും വളയങ്ങളും ജനൽവാതിലുകളും കട്ടിളകളും തുടങ്ങി ഭിത്തികൾ

പോലും മരത്തിൽ നിർമിക്കുന്ന രീതി പ്രചാരത്തിലിരുന്നു. തേക്ക്, ഈട്ടി, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളുടെ കാതലുള്ള ഭാഗമാണ് ഇതിനായി ഉപയോഗിക്കുക. "ദിവാൻ പേഷ്ക്കാർ ശങ്കുണ്ണി മേനോനെപ്പോലെ പ്രഭുത്വവും ആഢ്യത്വവും ഔദ്യോഗിക പ്രഭുത്വവും ഉള്ള ചുരുക്കം ചിലർക്കു മാത്രമേ ഭവനനിർമ്മാണത്തിന് ഈട്ടിയും തേക്കും അനുവദിച്ചിരുന്നുള്ളൂ. തേക്ക് ഇരുപതാം നൂറ്റാണ്ടിലും രാജകീയ വൃക്ഷമായിരുന്നു. രാജകീയ വസതികൾക്കോ തത്തുല്യമായ വസതികൾക്കോ അല്ലാതെ തേക്ക് ഉപയോഗിക്കാൻ പാടില്ലായിരുന്നു. പദവിയും പ്രഭുത്വവും കുറഞ്ഞവർ പ്ലാവോ ആഞ്ഞിലിയോകൊണ്ട് മരച്ചുവരു നിർമ്മിച്ചുവന്നു" എന്ന് പി.ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നു (2000: 85). തേക്കുകൊണ്ട് പണിത വീടുകൾ 400 കൊല്ലം കഴിഞ്ഞും കേടുകൂടാതെ നിൽക്കുന്നതായി കെ. പി. പത്മനാഭമേനോൻ സാക്ഷ്യപ്പെടുത്തുന്നത് ശ്രദ്ധേയമാണ്, "മലയാളത്തിലുള്ള വീടുകൾ മിക്കവയും തേക്കുകൊണ്ടാണു പണിചെയ്തിട്ടുള്ളത്. നാനൂറു കൊല്ലങ്ങൾക്കുമേൽ പഴക്കം ചെന്നതായ പല വീടുകളും ഞാൻ കണ്ടിട്ടുണ്ട്. ഇക്കാലത്തിനിടക്ക് അവകൾക്ക് യാതൊരു ദോഷവും തട്ടിക്കണ്ടിട്ടില്ല. ഈ മരത്തിനും പുരകൾ മേയുന്ന ഓലയ്ക്കും ഈർമ്മയെ ആകർഷിക്കുന്നതിനും സൂര്യൻ ഉദിച്ചു വെയിലും കാറ്റും തട്ടിയാൽ ആ ഈർമ്മയെ അകറ്റിക്കളയുന്നതിനുമുള്ള ശക്തി ഉണ്ട്. അതുകൊണ്ട് കല്ലും കുമ്മായവും കൊണ്ടു പണിചെയ്തിട്ടുള്ള വീടുകളേക്കാൾ ഈ വീടുകൾ വാസത്തിന് അധികം ദേഹസുഖമുള്ളതാകുന്നു" (കൊച്ചി രാജ്യചരിത്രം രണ്ടാം പുസ്തകം, പുറം 581-583). ഗൃഹനിർമ്മാണത്തിൽ നല്ലവണ്ണം മൂത്ത് പാകമായ ഒരേ ജാതിയിൽപ്പെട്ട മരം തന്നെ ഉപയോഗിക്കേണ്ടതുണ്ട്. മരത്തിന് ബലം നൽകുന്ന അതിന്റെ നാരുകളിലെ കൂട്ടിപ്പിടുത്തം അന്തരീക്ഷ ഈർപ്പം കൊണ്ട് സങ്കോചവികാസങ്ങൾക്ക് കാരണമായേക്കാം. ഇത്തരം സന്ദർഭങ്ങളിൽ ഒരേ ഇനത്തിൽപ്പെട്ട മരം തന്നെ വാതിൽപ്പടിയും വാതിലും തീർക്കാൻ ഉപയോഗിച്ചില്ലെങ്കിൽ അവയുടെ തണ്ടോ വാതിലോ വട്ടച്ചു പോകുന്നതിന് കാരണമാകും.

ഓട്ടു മേയാനായി രൂപപ്പെടുത്തുന്ന മേൽക്കൂരയുടെ ചട്ടക്കൂട് ശ്രദ്ധേയമാണ്. ഉത്തരത്തിലും മോന്തായങ്ങളിലുമായി കഴുക്കോലുകൾ കൊണ്ട് വളബന്ധങ്ങൾ ഉണ്ടാക്കി ബന്ധിച്ച് ദൃഢപ്പെടുത്തുന്ന കേരളീയ തച്ചന്മാരുടെ കരവിരുത് അതിശയിപ്പിക്കുന്നതാണ്. കർക്കശവും കൃത്യവുമായ കൈ കണക്കുകളും ആനുപാതികതയിലൂന്നിയ അംശക്രമവുമായി ചേർന്ന ഗണിതസമ്പ്രദായം ഇതിന് അനുബന്ധമായി നിൽക്കുന്നു. കേരളീയ വാസ്തുവിദ്യയെ സവിശേഷമാക്കുന്ന ഈ ത്രികോണ ഗണിതം നാം കേട്ടുപഠിച്ച പൈത്തഗോറസ് സിദ്ധാന്തത്തിലെ പ്രായോഗിക തന്ത്രം തന്നെയാണ് എന്ന് ഡോ. പി. വി. ഔസേപ്പ് നിരീക്ഷിക്കുന്നുണ്ട്, "ഒരു ത്രികോണത്തിന്റെ ഒരു ഭുജം അളവ് 3, മറ്റു ഭുജം, അളവ് 4 എന്നിങ്ങനെ ആയാൽ കർണ്ണം അളവ് 5 ആകും. പൈതഗോറസ് സിദ്ധാന്തത്തിന്റെ ഉത്ഭവത്തിന് വളരെക്കാലം മുന്നേ ഈ സംവിധാന-പ്രയോഗ-തന്ത്രം ഭാരതത്തിൽ നിലനിന്നു പോന്നിരുന്നു. ഭാരതത്തെ കൂടാതെ പഴയ സുമേറിയൻ സംസ്കാരത്തിലും അഗ്നിയുടെ വേദി പണിയുന്നതിന് ഉപയുക്തമാക്കിയിരുന്ന തന്ത്രം 3 - 4 - 5 കണക്കു തന്നെയായിരുന്നു. മേൽക്കൂരയുടെ ഇരുവശത്തുമുള്ള കഴുക്കോൽ വിന്യാസം മുഖായത്തിനു നേരെ കീഴോട്ടു ഭാഗിച്ചാൽ കിട്ടുന്നത് രണ്ട് റൈറ്റ് ആംഗിൾ ട്രയാംഗിളുകളാണ്. ഇവയിലാണ് "3- 4-5" കണക്കുകളാൽ പ്രയോഗിക്കപ്പെടുന്നത്. ഈ പ്രയോഗത്തിന് ഉത്തരച്ചുറ്റുകൂടി പ്രാധാന്യത്തോടെ തന്നെ ക്രമീകരിക്കേണ്ടത്. കഴുക്കോൽ ചെരിവുകൾ മാറുന്നതനുസരിച്ച്

ഈ ഗണിത ക്രമത്തിൽ മാറ്റം വരും. തച്ചുഭാഷയിൽ 'ഒരു വിരൽ ചരിവ്', 'ഒന്നേകാൽ വിരൽ ചരിവ്', 'ഒന്നര വിരൽ ചെരിവ്' എന്നീ മൂന്നുചരിവുകൾ ആവശ്യം പോലെ പ്രയോഗിക്കപ്പെടുന്നു" (2006: 103). ചെരിഞ്ഞ മേൽക്കൂരയ്ക്കൊപ്പം ചുമർ ഭിത്തികളിൽനിന്ന് പുറത്തേക്ക് നീട്ടിയിടുന്ന കഴുക്കോൽ ചാട്ടം മഴചാറ്റലിനെയും വെയിലിനെയും പ്രതിരോധിക്കാൻ സഹായകമാണ്.

വായുസഞ്ചാരം ഗൃഹനിർമ്മാണത്തിൽ ഏറെ പ്രധാനം തന്നെയാണ്. മുറികളിൽ സ്വാഭാവികമായ വായുപ്രവാഹത്തിനായി ജനൽവാതിലുകൾ നേർരേഖയിൽ വിന്യസിക്കുന്നു. നാലുകെട്ടുകളെ സുഖവാസ സ്ഥാനങ്ങളാക്കുന്നത് താപനിലയനുസരിച്ച് അതിനകത്തെ കാറ്റിന്റെ പ്രവാഹത്തിന്റെ അളവ് കൂടുതലായതിനാലാണെന്ന് ഡോ. പി. വി. ഔസേപ്പ് വിലയിരുത്തുന്നു. "സൂര്യന്റെ കിരണങ്ങൾ നേരിട്ട് നടുമുറ്റത്ത് പതിക്കുമ്പോൾ അതിനകത്തെ വായുമണ്ഡലം ഒന്നാകെ ചൂടാകുന്നു. ഇപ്രകാരം ചൂടാകുന്ന വായു വികസിച്ച് കനംകുറഞ്ഞ് നേരെ തുറന്നുകിടക്കുന്ന മേലോട്ട് ഉയരുന്നു. വായു ഉയർന്നുപോയ ഇടം നാലുകെട്ടിന്റെ പാർശ്വങ്ങളിൽ നിന്നു വരുന്ന കാറ്റുകൊണ്ട് നിറയുന്നു. ഈ ഭാഗം വീണ്ടും വീണ്ടും ചൂടാക്കുമ്പോൾ വായു മേലോട്ട് ഉയർന്ന് കാറ്റ് രൂപപ്പെടുന്നു. ഈ പ്രക്രിയ നിരന്തരം ഉണ്ടാകുന്നതിനാൽ നാലുകെട്ടിലെ വാസം ഏറ്റവും ഹൃദ്യമാകുന്നു" (2006:141-2).

ചതുഷ്കോണാകൃതിയിൽ പണിയുന്ന നാലുകെട്ടുകൾ നടുമുറ്റത്തിനു ചുറ്റുമായി തെക്കിനി, കിഴക്കിനി, വടക്കിനി, പടിഞ്ഞാറ്റിനി എന്നിങ്ങനെ പരസ്പരബന്ധമുള്ള നാലു പുരകളാണുള്ളത്. ഒരു പുര മാത്രമാണ് നിർമ്മിക്കുന്നതെങ്കിൽ തെക്കിനിയാണ് പണിയേണ്ടത്. രണ്ടു പുരയാണെങ്കിൽ തെക്കിനിയും പടിഞ്ഞാറ്റിനിയും മൂന്ന് പുരയാണെങ്കിൽ വടക്കിനിയും പണി കഴിക്കുന്നു. നാലുകെട്ടിലാണ് കിഴക്കിനിയും കൂടി പ്രത്യക്ഷപ്പെടുന്നത്. പത്തായപ്പുരയും പടിപ്പുരയുമുള്ള ഇത്തരം നാലുകെട്ടുകൾ ഇരുനില മാളികകളായും കാണാം. കിഴക്കിനിയിൽ ഔപാസനം അഗ്നിഹോത്രം മുതലായ ദേവപൂജകളും വടക്കിനിയിൽ സ്ത്രീകൾ, കുട്ടികൾ മുതലായവരുടെ വാസവും ചെയ്യാമെന്നാണ് മനുഷ്യാലയ ചന്ദ്രികയിൽ നിർദ്ദേശിക്കുന്നത്. തെക്കിനിയിൽ അതിഥി സൽക്കാരവും പടിഞ്ഞാറ്റിനിയിൽ പണം സൂക്ഷിച്ചുവയ്ക്കുകയുമാവാം. തെക്കിനിയുടെയും വടക്കിനിയുടെയും നടുവിലുള്ള കോൺഗൃഹങ്ങളിൽ ശയനവും വിദ്യാഭ്യാസവുമാണ് നിർദ്ദേശിക്കുന്നത്.[5] വലിയ ആഡംബരങ്ങൾ ഇല്ലാത്ത നാലുകെട്ട് മാതൃകയിലുള്ള ചെറിയ വീടുകൾ ഇന്ന് സാധാരണക്കാരും പണിതീർക്കുന്നുണ്ട്.

ക്ഷേത്ര നിർമ്മിതി

പൊ.വ. 800-ന് മുൻപുള്ള കാലം കാവുകളുടേതായിരുന്നു എന്ന് വേണം കരുതാൻ. പ്രകൃതിക്കും അതിലെ ജീവജാലങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരിടത്തിൽ ഉയർന്ന തറയിൽ പ്രതിഷ്ഠിച്ച കൽവിഗ്രഹങ്ങളായിരുന്നു ആരാധനാമൂർത്തികൾ. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്ന പ്രകൃതിദത്ത ആരാധനാലയങ്ങളായിരുന്നു കാവുകൾ. എട്ടാം നൂറ്റാണ്ടിനു ശേഷമായിരുന്നിരിക്കണം ശ്രീകോവിലോടുകൂടിയ ക്ഷേത്രം എന്ന സങ്കൽപത്തിലേക്ക് എത്തിച്ചേരുന്നത്. കാവുകൾ രൂപാന്തരം പ്രാപിച്ചാണ് ക്ഷേത്രങ്ങളായി പരിണമിച്ചത് എന്ന ചിന്തയും ഉണ്ട്. ദേവാലയങ്ങളുടെ നിർമ്മാണവിധികളിൽ ജൈനബൗദ്ധ മതങ്ങൾക്കും പങ്കുണ്ടായിരുന്നിരിക്കാം എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "കേരളത്തിൽ അറിയപ്പെടുന്ന ദേവാലയങ്ങളിൽ

ചിലത് - തൃക്കണാമതിലകം, ആലത്തൂർ മുതലായവ - ജൈനമതക്കാരുടേതായിരുന്നു. ബുദ്ധ ജൈനമതങ്ങളുടെ നിർമ്മാണ മാതൃകയായ Aspidal രൂപം പല ക്ഷേത്രങ്ങളിലും കാണപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റുപല ഭാഗങ്ങളിലും സംഭവിച്ചതുപോലെ തച്ചശാസ്ത്രവിധികൾ പലതും ബ്രാഹ്മണർ ബുദ്ധ ജൈനമതങ്ങളിൽ നിന്ന് സ്വായത്തമാക്കിയതായിരിക്കാം" എന്ന് കെ. എൻ. ഗണേഷ് വിലയിരുത്തുന്നു (1997: 269). മേൽത്തട്ടിൽനിന്നും പുറത്തേക്ക് തള്ളി നിൽക്കുന്ന മേൽക്കൂരയുടെ അർദ്ധവൃത്താകൃതിയിലോ ബഹുകോണാകൃതിയിലോ കാണപ്പെടുന്ന എടുപ്പുകളാണ് Aspidal രൂപത്തിന്റെ സവിശേഷത. പുറമേനിന്ന് നോക്കിയാൽ മുകൾഭാഗം അർദ്ധവൃത്താകൃതിയായിരിക്കും. ആര്യ - സംസ്കൃത വാസ്തു ശാസ്ത്രങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതിനുമുമ്പേ കേരളത്തിലുണ്ടായിരുന്ന ഭവനമാതൃകകളുടെ ചുവടുപിടിച്ചാണ് ക്ഷേത്രങ്ങളുടെ ശ്രീകോവിലുകൾ നിർമ്മിച്ചിരുന്നതെന്ന അഭിപ്രായത്തെക്കുറിച്ച് പി. ഭാസ്കരനുണ്ണി സൂചിപ്പിക്കുന്നുണ്ട്. അടിഭാഗം ചതുരത്തിലോ വൃത്താകൃതിയിലോ ഉള്ളതും മേൽഭാഗം കൂമ്പിയിട്ടുള്ളതുമായ വീടുകളാണ് അവരുടേത്. അധഃകൃതരെന്ന് പറയുന്നവരുടെ 'വീട്ട'കൾക്കുള്ള പ്രത്യേക സാമ്യവും അവയുടെ നിർമ്മാണ രീതിയിലുള്ള പൊതുവായ കൂടക്കവും ഇനിയും ഗവേഷണവിഷയമാക്കേണ്ടതുണ്ട് എന്നദ്ദേഹം വിലയിരുത്തുന്നു.[6] എത്ര വലിയ ക്ഷേത്രങ്ങളുടെയും ശ്രീകോവിലുകൾക്ക് ആ കൊച്ചുകുടിലുകളുടെ കൃശതയും കൃത്യതയും കാണാനാകും.

തന്ത്രസമുച്ചയ വിധിപ്രകാരം തീർത്ഥസ്ഥാനങ്ങളുടെ തീരത്തോ വനാന്തർഭാഗത്തോ മറ്റോ തിരഞ്ഞെടുക്കുന്ന ഭൂമിയാണ് ക്ഷേത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പുഴകൾ പരസ്പരം സന്ധിക്കുന്ന ഇടം ക്ഷേത്രനിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ് എന്നും സൂചനയുമുണ്ട്. "ക്ഷേത്രനിർമ്മാണത്തിന് തീരുമാനിക്കുമ്പോൾ തന്നെ നിർദ്ദിഷ്ട ഭൂമി പരിശോധിച്ച് ദിങ്നിർണയവും ഭൂമിയുടെ ഉയർച്ചതാഴ്ചകളും കണ്ടെത്തണം. 'ദേവാലയ സമുദ്ദിശ്യ ഭൂമി സമ്യക് പരീക്ഷയേൽ' എന്ന് പ്രമാണമുണ്ട്. ക്ഷേത്രനിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ചടങ്ങിന് 'ഭൂപരിഗ്രഹ' മെന്നാണ് പേര്. സുപത്മാ, ഭദ്രാ, പൂർണ്ണ എന്നീ പേരുകളിലുള്ള ഭൂമി ക്ഷേത്രനിർമ്മാണത്തിന് ഉത്തമവും ധൂമ്രാഭൂമി അധമവും ആകുന്നു. ആചാര്യനും ശിൽപ്പികളും പരികർമ്മികൾ ക്ഷേത്രം നിർമ്മാതാവും ഇവിടെ സന്ധിക്കുന്നു. ഭൂമി അളന്ന് ദിക്കുകൾ മനസ്സിലാക്കണം" എന്നിങ്ങനെ ക്ഷേത്രനിർമ്മാണത്തിന്റെ ആദ്യ ഘട്ടങ്ങളെക്കുറിച്ച് കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് ക്ഷേത്രസങ്കൽപം എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നു (2013:1326). എട്ടാം നൂറ്റാണ്ടിനു ശേഷമായിരിക്കണം ഗർഭഗൃഹവും നമസ്കാരമണ്ഡപവും എല്ലാമടങ്ങുന്ന ക്ഷേത്രനിർമ്മിതികൾ കണ്ടുതുടങ്ങുന്നത്. തുടർന്ന് ഇവയെയെല്ലാം ചുറ്റുന്ന നാലമ്പലവും ബലിക്കല്ലുകളും സ്ഥാപിക്കപ്പെട്ടു. ചില ക്ഷേത്രങ്ങളിൽ ശ്രീകോവിൽ ഗജപൃഷ്ഠാകൃതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ചതുരാകൃതിയിലുള്ള ശ്രീകോവിലുകളാണെങ്കിൽ അവയുടെ മേൽക്കൂര പിരമിഡാകൃതിയിലായിരിക്കും. മരം കൊണ്ടുള്ള മേൽക്കൂരയുടെ ചട്ടക്കൂട് സാങ്കേതികത്തികവോടെയാണ് പണിതെടുക്കുന്നത്. വാസ്തുശാസ്ത്ര ഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന അളവനുസരിച്ചുള്ള ശ്രീകോവിലിന്റെ ഒന്നോ ഒന്നരയോ ഇരട്ടി അകലത്തിലാണ് ചുറ്റമ്പലം പണിയുന്നത്. നാലമ്പലം എന്നും അറിയപ്പെടുന്ന ഈഭാഗം ശ്രീകോവിലിനു ചുറ്റുമായി കെട്ടിയുയർത്തിയ സ്ഥലമാണ്. ചുറ്റമ്പലത്തിലെ ഒരുവശത്തായി തിടപ്പിള്ളി എന്നറിയപ്പെടുന്ന ചെറിയ പാചകശാല കാണാം. ശ്രീകോവിലിനു മുന്നിലുള്ള ഭാഗമാണ് സോപാനം. വാതിൽ

മാടം വഴിയാണ് അമ്പലത്തിലേക്ക് പ്രവേശിക്കുന്നത്. വിളക്കുമാടത്തിന് പുറത്ത് ശ്രീകോവിലിന് നേരെയായിട്ടാണ് കൊടിമരം സ്ഥിതിചെയ്യുന്നത്. ഇവയെല്ലാം സംരക്ഷിക്കുന്നത് ഗോപുരത്തോടുകൂടിയ ക്ഷേത്രമതിൽക്കെട്ടാണ്.

കൂത്തമ്പലം

ശ്രീ കോവിലിനു മുൻപിൽ ദേവന്റെ വലതുഭാഗത്തായി തെക്ക് കിഴക്ക് മൂലയിൽ വടക്കോട്ട് അഭിമുഖമായിട്ടാണ് കൂത്തമ്പലം പണിയുന്നത്. കൂത്ത്-കൂടിയാട്ടം മുതലായവ അവതരിപ്പിക്കുന്ന രംഗവേദിയാണിത്. തൃശ്ശൂർ, ഇരിങ്ങാലക്കുട, കിടങ്ങൂർ, ഹരിപ്പാട്, ഗുരുവായൂർ, പെരുവനം, മൂഴിക്കുളം, തിരുനക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ കൂത്തമ്പലങ്ങളുണ്ട്. കേരളത്തിലെ പഴക്കം ചെന്ന കൂത്തമ്പലങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിലേത്. ലക്ഷണമൊത്ത കൂത്തമ്പലം കേരളകലാമണ്ഡലത്തിലേതാണ്. "ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ കാണുന്ന നാട്യ മന്ദിരങ്ങളിൽ നിന്നും അല്ലെങ്കിൽ നാട്യസഭകളിൽ നിന്നും വ്യത്യസ്തമായി തനതായ ഒരു സദനമാണ് കേരളീയ ക്ഷേത്രങ്ങളിലെ കൂത്തമ്പലം. ഇത് ഉയരമുള്ള മേൽക്കൂരകളോടെ വൻ തൂണുകളുള്ള വലിയ മന്ദിരമാണ്. തൂണുകൾ ദാരുവിൽ പണിത ചെറു ഭിത്തികൾ എന്നിവ ലേഔട്ടിൽ മോടിയോടെ അലങ്കരിച്ചിരിക്കുന്നത് ദൃശ്യപരവും ശ്രവണപരവുമായ പരിഗണനയെ കണക്കിലെടുത്തുകൊണ്ടാണ് " (2013:1346). വിഷ്ണുധർമോത്തര പുരാണത്തിൽ വികൃഷ്ടം, ചതുരശ്രം എന്ന് രണ്ടുതരം നാട്യഗൃഹങ്ങളെ പറ്റി സൂചനയുണ്ട്. ദീർഘചതുരവും സമചതുരവുമാണവ. ചതുരത്തിന് അളവ് 32 x 32 ഹസ്തങ്ങളാണ്[7] ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ രണ്ടാം അധ്യായമായ മണ്ഡപവിധിയിലാണ് നാട്യഗൃഹലക്ഷണങ്ങളെക്കുറിച്ച് വിവരിക്കുന്നത്. അവിടെ വികൃഷ്ടം, ചതുരശ്രം, ത്ര്യശ്രം എന്നിങ്ങനെ മൂന്ന് തരം രംഗവേദികളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ദീർഘചതുരാകൃതിയിലുള്ളത് വികൃഷ്ടവും സമചതുരാകൃതിയിൽ ചതുരശ്രവും മുക്കോണാകൃതിയിൽ ത്ര്യശ്രവും ഉണ്ടായിരിക്കും. വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് മൂന്നിനും ജ്യേഷ്ഠം, മദ്ധ്യം, കനിഷ്ഠം എന്നിങ്ങനെ മൂന്ന് അളവുകളുമുണ്ട്. നൂറ്റെട്ട് കോലാണ് വലുത് (ജ്യേഷ്ഠം), അറുപത്തിനാല് കോല് ഇടത്തരം (മദ്ധ്യം), മുപ്പത്തിരണ്ട് കോല് ചെറുത് (കനിഷ്ഠം) എന്നിവയാണ് അളവുകൾ. ദേവന്മാർ കഥാപാത്രങ്ങളാകുമ്പോഴാണ് വലിയ കൂത്തമ്പലം ആവശ്യമായിവരുന്നത്. രാജാക്കന്മാർ എങ്കിൽ ഇടത്തരം കൂത്തമ്പലം വേണം. മറ്റാരായാലും ചെറുതു മതി. രംഗം വളരെ അകന്നുപോയാൽ ഉച്ചത്തിൽ ഉച്ചരിക്കുന്ന നടവാക്യങ്ങൾ അക്ഷരവ്യക്തതയില്ലാതെ വികൃതസ്വരമാകാൻ സാധ്യതയുണ്ട്. നടന്റെ രസദൃഷ്ടികളോട് കൂടിയ മുഖഭാവം വ്യക്തമായി കാണാനും വലിയ കൂത്തമ്പലങ്ങളിൽ ബുദ്ധിമുട്ടുണ്ടാകും. അതിനാൽ മദ്ധ്യമമായ - അറുപത്തിനാല് കോൽ നീളമുള്ള കൂത്തമ്പലങ്ങൾ ആണ് ഏറ്റവും നല്ലത് എന്ന് ഭരതമുനി തന്നെ നിർദേശിക്കുന്നുണ്ട്. നടവാക്യങ്ങളും ഗീതങ്ങളുമെല്ലാം സുഖമായി കേൾക്കാനും മുഖഭാവങ്ങൾ വ്യക്തമായി കാണാനും ഇത് സഹായകരമാവും.[8] കൂത്തമ്പലനിർമ്മിതിക്കായി സ്ഥലം തിരഞ്ഞെടുക്കേണ്ടതിനെയും കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതിനെയും കുറിച്ച് മണ്ഡപവിധിയിൽ ഭരതമുനി കൃത്യമായി വിവരിക്കുന്നുണ്ട്. നിരപ്പായ ഉറപ്പുള്ള ഭൂമിയാണ് തിരഞ്ഞെടുക്കേണ്ടത്. മണ്ണിന്റെ നിറം കറുപ്പോ വെളുപ്പോ ആവാം. ഭൂമി കലപ്പകൊണ്ട് ഉഴുത് എല്ലിൻകഷണം, ആണി, പുല്ല്, വേര്, മുരട് മുതലായവ മാറ്റി ശുദ്ധമാക്കണം. തുടർന്ന് നല്ല മുഹൂർത്തം നോക്കി കുറ്റി തറച്ച് ചരട് കെട്ടണം. പഞ്ഞിനൂല്, ബല്ബ

ജപ്പല്ല്, മഞ്ഞപ്പല്ല്, മരത്തോല് ഇവയിലേതെങ്കിലും ഒന്നുകൊണ്ട് നല്ല ഉറപ്പുള്ള വിധത്തിൽ വേണം നൂല് നിർമ്മിക്കേണ്ടത്. നൂല് പൊട്ടിയാൽ അശുഭലക്ഷണം എന്നാണ് വിശ്വാസം.

നാട്യശാസ്ത്ര വിധിപ്രകാരം, അടിസ്ഥാനത്തിനായി ചരട് പിടിച്ച് 64 കോലളന്ന് അത് രണ്ടു ഭാഗമാക്കി പിന്നിൽ വരുന്ന ഭാഗം മുപ്പത്തിരണ്ടുകോൽ രണ്ടായി പകുക്കുക. അതിന്റെ പകുതി (എട്ടു കോൽ) രംഗശീർഷത്തിനു കല്പിക്കണം. പടിഞ്ഞാറേ അറ്റത്തുള്ള ഭാഗം (പതിനാറു കോൽ) അണിയറക്കുള്ളതാണ്. തുടർന്ന് യഥാവിധി ശിലാസ്ഥാപനം നിർവ്വഹിക്കണം. ശിലാസ്ഥാപനത്തിനു ശേഷം ഭിത്തികൾ കെട്ടി തൂണുകൾ നാട്ടണം. കട്ടള, ഭിത്തി, അണിയറ എന്നിവയെല്ലാം വിധിപ്രകാരമുള്ള കർമ്മങ്ങളോടെയാണ് സ്ഥാപിക്കേണ്ടത്. തൂണുകളിൽനിന്ന് വിട്ട് ഒരു കോലുയരത്തിൽ പ്രേക്ഷകർക്കിരിക്കുവാനുള്ള പടികൾ നിർമിക്കണം. ഇഷ്ടികകൊണ്ടും മരംകൊണ്ടും നിർമ്മിക്കുന്ന ഇവ സോപാനാകൃതിയിലായിരിക്കണമെന്ന് ഭരതമുനി നിഷ്കർഷിക്കുന്നു. തെളിഞ്ഞ കണ്ണാടി പോലെ നിരന്ന രംഗശീർഷം ചെയ്തു കഴിഞ്ഞാൽ മരപ്പണികൾ തുടങ്ങുന്നു. തുലാം, ഇടത്തുലാം, പലവക കൊത്തുപണിത്തരങ്ങൾ, അസംഖ്യം ഇടക്കെട്ടുകൾ, ദാരുപ്രതിമകൾ ജനലുകൾ, ഓമകൾ, പ്രാപ്പലകകൾ, പല തറകളിൽ സ്ഥാപിച്ചിട്ടുള്ള തൂണുകൾ എന്നിങ്ങനെ മരപ്പണികൾ നിരവധിയുണ്ട്.[9] മണ്ഡപധാരണത്തിന് കൊടുക്കുന്ന ഉത്തരം താങ്ങുന്ന തൂണുകൾ ശില്പാലംകൃതമാണ്. പുറകിലെ അണിയറയിൽനിന്നും രംഗത്തിലേക്ക് ഒരു പ്രവേശനദ്വാരം ഉണ്ട്. അണിയറയ്ക്കു നേരെയായി ജനങ്ങൾക്ക് പ്രവേശിക്കാൻ ഒരു പ്രവേശനകവാടവുമുണ്ട്. രംഗാഭിമുഖമായിട്ടാണ് രണ്ടാമത്തെ പ്രവേശനദ്വാരമുള്ളത്. രംഗപീഠത്തിന്റെ അളവ് എട്ടുകോൽ ആയിരിക്കണമെന്നാണ് മുനി നിഷ്കർഷിക്കുന്നത്. ചതുരത്തിൽ സമതലമായും അടിത്തറയോടു കൂടിയും വേണം രംഗപീഠം നിർമ്മിക്കേണ്ടത്. രംഗപീഠത്തറയുടെ പാർശ്വങ്ങളിൽ നാലു തൂണുകളോട് കൂടിയ മത്തവാരണികൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഭരതമുനി പ്രതിപാദിക്കുന്നുണ്ടെങ്കിലും, കേരളത്തിലെ കൂത്തമ്പലങ്ങളുടെ അളവും ആകൃതിയും നാട്യശാസ്ത്രം വിഷ്ണു ധർമ്മോത്തരപുരാണം എന്നിവയിലേതുമായി പൊരുത്തപ്പെടുന്നില്ല എന്നും നാട്യശാസ്ത്രത്തിലെ രംഗശീർഷമോ മത്തവാരണികളോ കേരളത്തിലെ കൂത്തമ്പലങ്ങളിൽ കാണാനില്ല എന്നും ഡി. അപ്പുക്കുട്ടൻനായർ അഭിപ്രായപ്പെടുന്നു, "കൂത്തമ്പലത്തിന്റെ ശില്പവിധി, തന്ത്രസമുച്ചയം ശില്പരത്നം എന്നീ കേരളീയഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണെന്ന് തോന്നുന്നു. അവയുടെ വാസ്തുശിൽപസംവിധാനം തനി കേരളീയവും 'നാഗര' രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള കേരളക്ഷേത്രങ്ങൾക്ക് അനുയോജ്യവുമാണ്. യാതൊരു ശബ്ദവൈകൃതവും കൂടാതെ ചാക്യാരുടെ ഉച്ചാരണത്തിന്റെ സ്ഫുടതയും മിഴാവിന്റെ ധ്വനി ഗാംഭീര്യവും സദസ്യർക്കു പകർന്നുകൊടുക്കുവാൻ കഴിയത്തക്കവിധത്തിലാണ് കൂത്തമ്പലങ്ങൾ പണിതിട്ടുള്ളത് " (1996:xxix). ദാരുശില്പകലയുടെ അതിശയിപ്പിക്കുന്ന മനോഹാരിതയാണ് കൂത്തമ്പലനിർമ്മിതിയിൽ കാണാനാകുന്നത്. ദീപവിതാനവും ശബ്ദസജ്ജീകരണവും വളരെ ശ്രദ്ധാപൂർവം വേണം കൂത്തമ്പലങ്ങളിൽ ക്രമീകരിക്കുന്നത്.

ക്രൈസ്തവ ദേവാലയങ്ങൾ

കേരളത്തിലെ ആദിമക്രിസ്ത്യാനികൾ ഹൈന്ദവപശ്ചാത്തലമുള്ളവരായിരുന്നു. അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷേത്രങ്ങൾ തന്നെയായിരുന്നിരിക്കണം ആദ്യ മാതൃകയും. 1498- ൽ

കേരളത്തിലെത്തിയ വാസ്കോഡഗാമ സാമൂതിരിയെ സന്ദർശിക്കാനുള്ള യാത്രയ്ക്കിടയിൽ ക്രിസ്തീയ ദേവാലയം എന്ന ധാരണയിൽ ഒരു ക്ഷേത്രത്തിൽ കയറി മുട്ടുകുത്തി പ്രാർത്ഥിച്ചതായി ഒരു കഥയുണ്ട്.[10] ഒരുപക്ഷേ, ഹൈന്ദവ ക്രൈസ്തവ ആരാധനാലയങ്ങൾ തമ്മിലുണ്ടായിരുന്ന സമാനതയാവാം ഇതിനു കാരണം. പുരാതന ദേവാലയങ്ങളുടെ അവശേഷിപ്പുകൾ ഇത് സൂചിപ്പിക്കുന്നുമുണ്ട്. പാലയൂരും പറവൂരും കടമറ്റത്തും വെളയനാട്ടും മറ്റുമുള്ള പള്ളികൾ ഇതിനുദാഹരണമാണ്. എന്നാൽ പോർച്ചുഗീസുകാരുടെ വരവോടെ ദേവാലയങ്ങളുടെ കേരളീയ മാതൃകകൾക്ക് മാറ്റം സംഭവിച്ചു. ദേവാലയനിർമ്മിതിയിൽ പുതുമ വരുത്തിയ ആദ്യദേവാലയം ഫോർട്ടുകൊച്ചിയിലേതാണ്. ജൂത തെരുവിൽ പണികഴിച്ച ഇതിന്റെ നിർമാണ കാലം പൊ.വ. 1510 ആണ്. പഴയ ദേവാലയങ്ങളുടെ മുഖപ്പുകളിൽ പാശ്ചാത്യ വാസ്തുശില്പ നിർമ്മിതിയുടെ വ്യത്യസ്തതകൾ ദൃശ്യമായിത്തുടങ്ങി. പോർച്ചുഗീസുകാരെത്തുടർന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും തങ്ങളുടേതായ സംഭാവനകൾ ദേവാലയ വാസ്തുശില്പ നിർമിതിക്ക് നൽകിയിട്ടുണ്ട്. "എന്നാൽ കേരളത്തിലേക്ക് കുടിയേറിയ ആദിമ സിറിയൻ ക്രിസ്ത്യാനികൾ പശ്ചിമേഷ്യയിലെ ചില സമ്പ്രദായങ്ങൾ ഇവിടത്തെ ക്രൈസ്തവദേവാലയ വാസ്തുകലയിൽ ഉൾപ്പെടുത്തി. തത്ഫലമായി വ്യവസ്ഥിതമായ അകത്തളങ്ങളുള്ള പള്ളികൾ നിർമ്മിക്കുവാൻ തുടങ്ങി. അങ്ങനെ വ്യത്യസ്തമായ ഒരു ക്രൈസ്തവദേവാലയവാസ്തുകല ഉത്ഭവിക്കുകയും ചെയ്തു" എന്ന് ഡോ. ബിനുമോൾ ടോം അഭിപ്രായപ്പെടുന്നു (2013: 1349). ശ്രീകോവിലിനു പുറത്ത് വിശ്വാസികളെ കൂടി ഉൾക്കൊള്ളുന്ന ഒരു ദേവാലയസങ്കല്പം ഉരുത്തിരിഞ്ഞുവന്നത് ഇത്തരത്തിലാകണം.

മുഖമണ്ഡപം എന്നറിയപ്പെടുന്ന നടപ്പുരയിൽ കയറി പ്രവേശന കവാടത്തിലൂടെയാണ് ദേവാലയത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ആദ്യകാലങ്ങളിൽ മാമോദീസത്തൊട്ടി ഇവിടെയാണ് സ്ഥാപിച്ചിരുന്നത്. ഇന്ന് പല ദേവാലയങ്ങളിലും നടപ്പുരയുടെ സ്ഥാനം പള്ളിക്കകമായിത്തന്നെ മാറിത്തുടങ്ങിയിട്ടുണ്ട്. വലിയ മരത്തടിയിലുള്ള പ്രവേശനകവാടത്തെ ആനവാതിൽ എന്നാണ് പഴയ തലമുറയിലുള്ളവർ ഇന്നും പറയുന്നത്. ചതുരാകൃതിയിലും കമാന (arch) മാതൃകയിലും ആനവാതിലുകൾ കാണാം. വിശ്വാസികൾ പ്രാർത്ഥനകളിൽ പങ്കുകൊള്ളാനായി നിൽക്കുന്ന ഭാഗമാണ് ഹൈക്കല. പള്ളിക്കകം എന്നേ ഇതിനെ സാധാരണക്കാർ പറയാറുള്ളൂ. കാലക്രമേണ പള്ളിക്കകം കൂടുതൽ തുറസ്സായതും വായുസഞ്ചാരമുള്ളതുമായിത്തീർന്നു. ക്രിസ്തുവിന്റെ കുരിശുമരണത്തെയും അത്ഭുത പ്രവർത്തികളെയും അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾകൊണ്ട് അകത്തെ ചുമരുകൾ മനോഹരമാക്കുന്ന പതിവുണ്ട് ദേവാലയങ്ങളിൽ. ഒരാൾ പിടിച്ചാൽ വട്ടമെത്താത്ത മനോഹരമായ തൂണുകളാണ് ദേവാലയ നിർമ്മിതിയുടെ മറ്റൊരു പ്രത്യേകത. കേരളത്തിലെ വ്യത്യസ്ത സഭകളിലെല്ലാം തന്നെ സക്രാരി ഉപയോഗിക്കുന്ന രീതി നിലവിലുണ്ട്. ഹൈക്കലയ്ക്കും മദ്ബഹയ്ക്കും ഇടയിലായിലാണ് കെസ്തോമ എന്നറിയപ്പെടുന്ന ഗായക വേദി. ഹൈക്കലയിൽ നിന്നും ഒരു പടി ഉയർന്നതായിരിക്കണം കെസ്തോമ. എങ്കിലും എല്ലായിടത്തും ഇത് പ്രാവർത്തികമായി കാണാറില്ല. മദ്ബഹയ്ക്ക് പുറകിലായി സങ്കീർത്തി എന്നൊരിടമുണ്ട്. ഇവിടെയാണ് ബലിയർപ്പണത്തിനായി വൈദികരും ശുശ്രൂഷികളും തയ്യാറെടുക്കുന്നത്. ദേവാലയത്തോട് ചേർന്ന് തന്നെയുള്ള മണിമാളികയും ക്രിസ്തീയ ദേവാലയങ്ങളുടെ ഒരു സവിശേഷതയാണ്.

കേരളീയ വാസ്തുവിദ്യയിൽ ഗോഥിക് ശൈലിയുടെ സ്വാധീനം വർദ്ധിച്ചതോടെയാണ് ക്രിസ്തീയ ദേവാലയങ്ങൾക്ക് നാട്ടുപാരമ്പര്യത്തിൽനിന്ന് വ്യത്യസ്തമായ രൂപഭാവങ്ങൾ കൈ

വന്നത്. റോമനെസ്ക് വാസ്തുശൈലിയാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഗോഥിക് ശൈലിയായി പരിണമിച്ചത്. ഘടനാപരമായ വ്യത്യസ്തത ഈ ശൈലിക്ക് കൂടുതൽ സ്വീകാര്യത നൽകി. ഉയർന്ന കമാനങ്ങളും ഗോപുരങ്ങളും ചിത്രാലങ്കാരങ്ങളാൽ നിറപ്പകിട്ടാർന്ന ചില്ലുജാലകങ്ങളും വാൾട്ട് സീലിംഗ്, ഫ്ലയിംഗ് ബട്ട്റസ്സുകൾ എന്നിവയും ഈ ശൈലിയുടെ സവിശേഷതയാണ്.

മുസ്ലീം ദേവാലയങ്ങൾ

മുഹമ്മദ് നബിയുടെ കാലം മുതൽത്തന്നെ പൊതുവേ ലളിതമായ ശില്പകലാ വിദ്യയാണ് ഇസ്ലാം മതം ദേവാലയ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പ്രതിമ - ശില്പ - ചിത്രവേലകളെല്ലാം ഇസ്ലാമിക തത്വങ്ങൾക്ക് എതിരായതിനാൽ അവ ദേവാലയ നിർമ്മിതികളിൽനിന്ന് ഒഴിവാക്കപ്പെട്ടു. രാഷ്ട്രീയ അധിനിവേശത്തിന്റെ ഭാഗമായും കച്ചവട സംബന്ധിയായും ലോകത്തിന്റെ വിവിധ ഇടങ്ങളിൽ മുസ്ലീംങ്ങൾ എത്തപ്പെട്ടു. എത്തിച്ചേർന്ന ഇടങ്ങളിലെല്ലാം ദേവാലയനിർമ്മിതിക്കായി തദ്ദേശീയമായ വാസ്തുകലയെക്കൂടി സമന്വയിപ്പിച്ച നിർമ്മിതികൾക്കാണ് അവർ രൂപംനൽകിയത്. ടർക്കിഷ്, പേർഷ്യൻ, മൂറിഷ് തുടങ്ങിയ ഇടങ്ങളിലെ വാസ്തുനിർമ്മിതികൾ ലോകോത്തര ശ്രദ്ധ നേടിയവയാണ്.

ഇന്ത്യയിൽ മുഗൾ ഭരണകാലത്താണ് ഇസ്ലാമിക വാസ്തുവിദ്യയുടെ സ്ഥാനം ശക്തമാകുന്നത്. ദേവാലയ നിർമിതിയിൽ മാത്രമല്ല കോട്ടകൾ, സ്മാരകങ്ങൾ, ഉദ്യാനങ്ങൾ തുടങ്ങിയവയെല്ലാം ഇസ്ലാമിക വാസ്തുവിദ്യയുടെ സംഭാവനകളിൽ പെടുന്നു. ഭാരതീയ വാസ്തുവിദ്യയും ഇസ്ലാമിക പേർഷ്യൻ ശൈലികളും സമന്വയിപ്പിക്കുന്ന കലാവിദ്യയാണ് കമാനങ്ങൾ, കുംഭങ്ങൾ, കവാടങ്ങൾ, മിനാരങ്ങൾ തുടങ്ങിയവയുടെ നിർമ്മിതിക്കായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്. മേൽത്തട്ടുകൾക്കാകട്ടെ പ്രാദേശിക രീതികൾ നിലനിർത്തുകയാണ് ചെയ്തിരിക്കുന്നത്. ആഗ്രാ കോട്ട, ഫത്തേപ്പൂർസിക്രി, കുത്തബ്മിനാർ, ചെങ്കോട്ട, താജ്മഹൽ തുടങ്ങി ഉത്തരേന്ത്യയിൽ നിന്നുള്ള ഉദാഹരണങ്ങൾ നിരവധിയാണ്.

ചരിത്രസ്മാരകം എന്ന നിലയിൽ മലയാളികൾ എന്നും അഭിമാനത്തോടെ ഉയർത്തിക്കാട്ടാറുള്ള ഒന്നാണ് ചേരമാൻ ജുമാ മസ്ജിദ്. കൊടുങ്ങല്ലൂരിലെ ഈ മുസ്ലീം ദേവാലയം ഇന്ത്യയിലെതന്നെ ആദ്യത്തെ മുസ്ലിം ദേവാലയമാണ് എന്ന് കരുതപ്പെടുന്നു. തികച്ചും കേരളീയ വാസ്തുശൈലിയിൽ നിർമ്മിച്ചിരിക്കുന്ന ചേരമാൻ ജുമാ മസ്ജിദ് ക്ഷേത്രമാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. നിലവിളക്ക് കൊളുത്തുകയും കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്യുന്ന മുസ്‌ലിം ദേവാലയം എന്ന പ്രത്യേകതയും ഇവിടെയുണ്ട്. കാലാനുസൃതമായ പുതുക്കിപ്പണിയലുകളും ഇസ്ലാമിക - പേർഷ്യൻ വാസ്തു ശൈലിയിലേക്കുള്ള ചുവട് മാറ്റവും ചേരമാൻ ജുമാ മസ്ജിദിനും സംഭവിച്ചു. മിനാരങ്ങളും താഴികക്കുടങ്ങളുമായി ഒരുഭാഗം പുനർനിർമ്മിച്ചുവെങ്കിലും മുഖവാരം ഇന്നും തനിമയോടെ സംരക്ഷിച്ചുവരുന്നു. "കേരളത്തിലെ മുസ്ലീം പള്ളികളുടെ വാസ്തുകലയിൽ അറബി ശൈലിയുടെയോ, വടക്കേഇന്ത്യയിലെ പ്രാദേശികമോ സാമ്രാജ്യത്വപരമോ ആയ വിചാരധാരയുള്ള കൂട്ടരുടെയോ യാതൊരു സ്വാധീനതയും പ്രകടമാകുന്നില്ല. ഇതിന്റെ പിന്നിലുള്ള കാരണമെന്തെന്നാൽ മുസ്ലീം പള്ളികളുടെ നിർമ്മാണം അവരുടെ മതാധിപതിയുടെ നിർദ്ദേശമനുസരിച്ച് അതതു സ്ഥലത്ത് ഹിന്ദുക്കളായ ശില്പികളാണ് നിർവഹിച്ചിരുന്നത് എന്നതാണ്. കാരണം, അക്കാലത്ത് ആരാധനാലയങ്ങൾക്ക് മാതൃകയായി ഉണ്ടായിരുന്നത്

ക്ഷേത്രങ്ങളോ കൂത്തമ്പലങ്ങളോ ആയിരുന്നു. സംസ്കാരവും മതാചാരവും ആവശ്യപ്പെടുന്ന നൂതന സാഹചര്യമനുസരിച്ച് ഈ മാതൃകകളെ വലിയ ജനക്കൂട്ടങ്ങളുടെ ആവശ്യത്തിനുതകുംവിധം പൊരുത്തപ്പെടുത്തുകയായിരുന്നു" (2013: 1350) എന്ന ബിനുമോൾ ടോമിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. പൊന്നാനിയിലെ വലിയ ജുമാഅത്ത് പള്ളിയും താഴത്തങ്ങാടിയിലെ മസ്ജിദും കോഴിക്കോട് മിസ്കലിലെ പള്ളിയുമെല്ലാം ഇവിടുത്തെ പരമ്പരാഗത വാസ്തു മാതൃകയിൽ ഇസ്ലാം മതാചാര ചിന്തകളെ സമന്വയിപ്പിച്ചതിന് ഉദാഹരണങ്ങളാണ്. ഒരു വലിയ ഹാളും ചുമരിൽ അർദ്ധവൃത്താകൃതിയിലുള്ള മിഹ്റാബും, അഭിമുഖമായി നിൽക്കേണ്ട ദിശയെ സൂചിപ്പിക്കുന്ന കിബ്ലയുമാണ് ഒരു സാധാരണ മുസ്ലീം പള്ളിയുടെ മാതൃക. കേരളത്തെ സംബന്ധിച്ചിടത്തോളം മെക്കയുടെ ദിശ പടിഞ്ഞാറായതു കൊണ്ട് പടിഞ്ഞാറോട്ട് അഭിമുഖമായി നിന്നാണ് ഇവിടെ വിശ്വാസികൾ പ്രാർത്ഥിക്കുന്നത്. മേലടവുള്ള വരാന്തകൾകൊണ്ട് ചുറ്റപ്പെട്ട അകവും മരത്തടിയിൽ കൊത്തുപണികൾ കൊണ്ട് നിർമ്മിച്ച പ്രസംഗപീഠവും മേൽക്കൂരകളുമെല്ലാം കേരളത്തിന്റെ തനതായ വാസ്തുകലയെ ഇസ്ലാമിക വാസ്തുകലയുമായി ചേർത്തുവച്ചതിന്റെ സൂചനയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിനുശേഷം കേരളീയരുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. സാമൂഹ്യക്രമത്തിലും സാംസ്കാരികതലത്തിലുമുണ്ടായ പരിവർത്തനംമൂലം ചെറ്റ – കുടിലുകളിൽനിന്നും നമ്പൂതിരി ഇല്ലങ്ങളിൽനിന്നും വീട് എന്ന പൊതു സംജ്ഞയിലേക്ക് എത്തിച്ചേർന്നു. സമ്പത്തിക സ്ഥിതിയനുസരിച്ചുള്ള വ്യത്യസ്ത ഗൃഹനിർമ്മാണ രീതികൾ സ്വീകരിച്ചു. സാമൂഹ്യ പരിഷ്കരണത്തിന്റെ ഫലമായി പുതിയ ചിന്താധാരകൾ വാസ്തുവിദ്യയിലും കടന്നുവന്നു. ആകൃതി ആവശ്യത്തെ അനുഗമിക്കുന്നു (form follows function) എന്നൊരു ആശയം തന്നെ നവീന വാസ്തുവിദ്യ അവതരിപ്പിക്കുന്നുണ്ട്. അമേരിക്കൻ ശില്പി ആയിരുന്ന ഹൊറേഷ്യോ ഗ്രീനോ (Horatio Greenough) യുടെ ഈ ആശയം നവീന വാസ്തുവിദ്യയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലൂയിസ് സള്ളിവനാണ് ലോകത്തിന് പരിചയപ്പെടുത്തുന്നത്. കെട്ടിടങ്ങളുടെ രൂപത്തിൽ മിതത്വവും സ്വച്ഛന്ദതയും കൊണ്ടുവരാനായി ആധുനിക വാസ്തുവിദ്യയ്ക്ക് സാധിച്ചു. വ്യവസായികമായി ഉത്പാദിപ്പിക്കുന്ന ഗ്ലാസ്, സ്റ്റീൽ, ഫൈബർ തുടങ്ങിയ നിർമ്മാണസാമഗ്രികൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ച് വന്നു. നിർമ്മാണവസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ചാണ് ഓരോ കാലത്തും ഓരോ ദേശത്തും ഗൃഹനിർമ്മാണം സാധ്യമായിട്ടുള്ളത്. മണ്ണുപൊത്തിയ പുല്ലുമേഞ്ഞ വീടുകളിൽനിന്നും മരങ്ങളും ഓടും വെട്ടുകല്ലുകളും പ്രയോജനപ്പെടുത്തിയ നാലുകെട്ടുകളിലേക്കും തുടർന്ന് കമ്പിയും സിമന്റും മണലും ചേർത്ത് രൂപപ്പെടുത്തിയ കോൺക്രീറ്റ് കെട്ടിടങ്ങളിലേക്കുള്ള ഗൃഹനിർമ്മാണത്തിന്റെ ക്രമാനുഗതമായ മാറ്റം ദൃശ്യമാണ്. വീടിന്റെ തറയിൽ ഇഷ്ടികകൾ പാകുന്നതാണ് നമ്മുടെ കാലാവസ്ഥയ്ക്ക് ഏറെ ഗുണകരമായിട്ടുള്ളത്. എങ്കിലും റെഡ് ഓക്സൈഡ്, മൊസൈക്ക് തുടങ്ങിയ രീതികൾ ഒരു കാലത്ത് ഇവിടെ സാധാരണമായിരുന്നു. ഇന്നത് വിലകൂടിയ മാർബിളിനും ഗ്രാനൈറ്റിനും വഴിമാറിയിരിക്കുന്നു. ആശാരിക്കണക്കുകളും തച്ചുശാസ്ത്രവുമെല്ലാം സിവിൽ എഞ്ചിനീയറിങ് പഠിച്ചിറങ്ങുന്ന നിർമ്മാണ വിദഗ്ധന്റെ രൂപകല്പനകളായി മാറി.

സ്വതന്ത്ര ജനാധിപത്യ ഇന്ത്യയുടെ നിയമങ്ങൾക്കനുസൃതമായി പഞ്ചായത്ത് – വില്ലേജ് കാര്യാലയങ്ങളിൽ നിന്നുമുള്ള അനുവാദത്തോടെ കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഇന്ന് രൂപകല്പന ചെയ്യുന്നത്. അതിൽത്തന്നെ സാമ്പത്തിക സൗകര്യങ്ങളും പ്രവാസനിക്ഷേപങ്ങളുമെല്ലാം

ISSN: 2582 - 2594

വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കാലാവസ്ഥയും ഭൂപ്രകൃതിയുടെ സവിശേഷതകൾക്കുമു പരിയായി പടിഞ്ഞാറൻ നിർമ്മാണരീതികളെ അനുകരിക്കാനുള്ള ഭ്രമം ഇന്ന് കൂടുതലായി കാണുന്നുണ്ട്. ഇവിടെ നിലനിന്നിരുന്ന വാസ്തുവിദ്യാരീതികളിൽ ആധുനിക സാങ്കേതികതകൾ കൂടി സമന്വയിപ്പിക്കുന്ന ഗൃഹനിർമ്മാണ സമ്പ്രദായമായിരിക്കും കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നത്. എങ്കിൽ മാത്രമേ പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്ന ഒരു വാസ്തുവിദ്യാരീതിയായി അതു മാറുകയുള്ളൂ. ഭൂമിയുടെ സന്തുലിതാവസ്ഥയുമായി ഇണങ്ങിച്ചേരുന്ന വാസ്തുവിദ്യ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനനുസൃതമായി പ്രാദേശികമായിത്തന്നെ കെട്ടിടനിർമ്മാണ നിയമങ്ങൾ പരിഷ്കരിക്കുകയും വേണം.

നിർമ്മാണസാമഗ്രികളോട് നേർപുലർത്തുക എന്നത് പരമപ്രധാനമാണ്. പരിസ്ഥിതി സംരക്ഷണത്തെ കൂടി ആധാരമാക്കി, പ്രകൃതിക്ക് ആഘാതം സൃഷ്ടിക്കാത്ത രീതിയിലുള്ള നിർമ്മാണസാധ്യതകളെ അന്വേഷിക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. കോൺക്രീറ്റ് നിർമ്മാണത്തിനാവശ്യമായ മണലെടുപ്പ് പുഴകളുടെ സ്വാഭാവികമായ ഒഴുക്കിന് പ്രതിസന്ധി സൃഷ്ടിക്കുകയും പുഴ തന്നെ ഇല്ലാതായിത്തീരുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. മലയിടുക്കുകളിലെ ക്രഷറുകളുടെ അമിതമായ ഉപയോഗം മണ്ണിടിച്ചിലിനും ഭൂകമ്പങ്ങൾക്കും കാരണമാകുന്നു. നിയന്ത്രണവിധേയമല്ലാത്ത മരംമുറിക്കലുകളുടെ അനന്തരഫലങ്ങളും നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. നിർമ്മാണച്ചെലവുകളെ സംബന്ധിച്ചും ഉപയോഗ സൗകര്യങ്ങളെ സംബന്ധിച്ചും കൃത്യമായ ധാരണ ഉണ്ടായിരിക്കണം. കെട്ടിടങ്ങളുടെ രൂപത്തിൽ തന്നെ മിതത്വവും സ്വച്ഛതയും കൊണ്ടുവരിക എന്നതും പ്രധാനമാണ്. നാലോ ആറോ ആളുകൾ മാത്രം താമസിക്കുന്ന അണുകുടുംബവ്യവസ്ഥയിൽ പരമാവധി മൂന്നോ നാലോ കിടപ്പുമുറികളാണ് ആവശ്യമായിട്ടുള്ളത്. അതിനനുസരിച്ച് തന്നെയാണ് ഇന്ന് മധ്യവർഗ്ഗ സമൂഹത്തിന്റെ വീടുകൾ രൂപപ്പെടുന്നത്. കൂട്ടത്തിൽ, അടുക്കളയും ഊണുമുറിയും അതിഥികളെ സ്വീകരിക്കുന്ന ഇടവും കൂടിയായാൽ സാധാരണക്കാരന് വീട് എന്ന സങ്കല്പം പരിപുഷ്ടമാണ്.

കുറിപ്പുകൾ

1 മനുഷ്യാലയ ചന്ദ്രിക, തിരുമംഗലത്ത് നീലകണ്ഠൻ, പുറം 23.

2 കേരള സാഹിത്യ ചരിത്രം (രണ്ടാം വാല്യം), 1979, പുറം 70-1.

3 മനുഷ്യാലയ ചന്ദ്രിക (പുറം 9 - 10)

4 ഔസേപ്പ് പി.വി., കേരളീയ വാസ്തുവിദ്യാ പാരമ്പര്യം, 2006, പുറം 81

5 മനുഷ്യാലയ ചന്ദ്രിക (പുറം 119)

6 പി ഭാസ്കരനുണ്ണി പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, 2000 (പുറം 75)

7 മാണി മാധവചാക്യാർ, 1996, നാട്യകല്പദ്രുമം, ആമുഖോപന്യാസം - ഡി അപ്പുക്കുട്ടൻ നായർ, പുറം xxix.

8 നാട്യശാസ്ത്രം - ഭരതമുനി, വിവ : കെ. പി. നാരായണ പിഷാരടി, 1984 (പുറം 106)

9 അതേ പുസ്തകം (പുറം 118)

10 നമ്മൾ നടന്നവഴികൾ എസ്. കെ. വസന്തൻ , 2009 (പുറം 225)

സഹായകഗ്രന്ഥങ്ങൾ

1. ഔസേപ്പ് പി.വി., 2006, കേരളീയ വാസ്തുവിദ്യാ പാരമ്പര്യം, മാതൃഭൂമി ബുക്സ് കോഴിക്കോട്.
2. കൃഷ്ണൻ നമ്പൂതിരിപ്പാട് കാണിപ്പയ്യൂർ, 2013, 'ക്ഷേത്രസങ്കല്പം', കേരള സംസ്കാര പഠനങ്ങൾ, എഡി: പന്മന രാമചന്ദ്രൻ, കറന്റ് ബുക്സ് കോട്ടയം.
3. ഗണേഷ് കെ.എൻ., 1997, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം.
4. പത്മനാഭ മേനോൻ കെ. പി., 1989, കൊച്ചി രാജ്യചരിത്രം, മാതൃഭൂമി പ്രിന്റിങ് ആൻഡ് പബ്ലി ഷിങ് കമ്പനി, കോഴിക്കോട്.
5. ബിന്ദ മോൾ ടോം, 2013, 'പൈതൃക നിർമിതികൾ', കേരള സംസ്കാരപഠനങ്ങൾ, എഡി. പന്മന രാമചന്ദ്രൻ, കറന്റ് ബുക്സ് കോട്ടയം.
6. ഭാസ്കരനുണ്ണി പി., 2000, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

ISSN: 2582 - 2594

കെ.ആർ. മീരയുടെ 'യൂദാസിന്റെ സുവിശേഷം' ഒരു പാരിസ്ഥിതികവായന

രമ്യ വി.ആർ.
അധ്യാപിക, മലയാളവിഭാഗം,
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email : remyamadhu2019@gmail.com

സംഗ്രഹം

പ്രകൃതിയെ ബാധിക്കുന്ന പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്ന സാഹിത്യകൃതികൾ നിരവധി ഉണ്ടായിട്ടുണ്ടെങ്കിലും പാരിസ്ഥിതിക ദർശനത്തിൽ തന്നെ ഭരണകൂടത്തിന്റെ പ്രകൃതിക്കുമേലുള്ള പരോക്ഷമായ ചൂഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന കൃതികൾ വളരെ കുറവാണ്. ഇതുവരെയുള്ള ഒട്ടുമിക്ക സാഹിത്യകൃതികളിലും പരിസ്ഥിതി എന്നത് മനുഷ്യന്റെ ഭാവനയെ ഉണർത്താനും മനോഹാരിതയുടെ മായാലോകത്ത് എത്തിക്കാനും ഉപയോഗിക്കുന്ന ഒരു ആഖ്യാന ഘടകമായിട്ടാണ് കരുതിവരുന്നത്. എന്നാൽ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പരിതസ്ഥിതികളുടെ സ്വാധീനഫലമായി രൂപപ്പെട്ട ആധുനിക മനുഷ്യർ സൃഷ്ടിക്കുന്ന അനഭിലഷണീയമായ മാറ്റങ്ങളെ കുറിച്ച് വായനക്കാർക്ക് മുന്നറിയിപ്പ് നൽകുകയാണ് എഴുത്തുകാരി ഈ കൃതിയിലൂടെ ചെയ്യുന്നത്. ഇന്ത്യയിലെ അടിയന്തരാവസ്ഥ കാലഘട്ടത്തിലെ സംഭവമാണ് ഈ കൃതിയിലെ ഇതിവൃത്തം. ഭരണകൂട തന്ത്രങ്ങൾ, പോലീസ് ക്രൂരത, അധികാര ദുർവിനിയോഗം, വ്യക്തിജീവിതത്തിന്റെ നാശം എന്നിവയൊക്കെയാണ് ഈ കൃതി കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ. ഈ നോവലിന്റെ ശ്രദ്ധാപൂർവ്വമായ വായന, വർഷങ്ങളായി ജലാശയങ്ങളിലെ അസ്വീകാര്യമായ മാറ്റങ്ങളും പ്രകൃതിയിൽ സംഭവിക്കുന്ന ക്രൂരതകളും വെളിപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള രചയിതാവ് ഉന്നയിക്കുന്ന പാരിസ്ഥിതിക ആശങ്കകൾ അന്വേഷിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

താക്കോൽവാക്കുകൾ: ഇക്കോക്രിട്ടിസിസം, മലിനീകരണം, കയ്യേറ്റം, സാഹിത്യം, പരിസ്ഥിതി.

പരിസ്ഥിതി വിമർശനം

പ്രകൃതിയെ കുറിച്ചുള്ള ഇന്റർഡിസിപ്ലിനറി പഠനം എന്ന നിലയിൽ ഇക്കോക്രിട്ടിസിസം മനുഷ്യൻ പ്രകൃതിയെ മനുഷ്യന്റെ പ്രയോജനങ്ങൾക്ക് വേണ്ടി മാത്രം നോക്കിക്കാണുന്ന രീതിയെ ഇല്ലാതാക്കണമെന്ന് ശാസിക്കുന്നുണ്ട്. പാരിസ്ഥിതിക ശാസ്ത്രത്തെയും പാരിസ്ഥിതിക ഘടകങ്ങളെയും കുറിച്ചുള്ള ആഴത്തിലുള്ള ധാരണകൾ ഈ ഭൂമിയിൽ എല്ലാത്തരം ജീവജാലങ്ങളുടെയും പരസ്പരബന്ധത്തെക്കുറിച്ച് അറിവ് നേടാൻ സഹായിക്കുന്നു. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സഹവർത്തിത്വവും അതിനെ കുറിച്ചുള്ള സമഗ്രമായ വിദ്യാഭ്യാസവും കൊണ്ടുമാത്രമേ മനുഷ്യനെ പാരിസ്ഥിതിക ചൂഷണ പ്രവർത്തനങ്ങളിൽ നിന്ന് തടയാൻ സാധിക്കുകയുള്ളൂ.

ഇക്കോക്രിട്ടിസിസത്തിന്റെ ആദ്യ തരംഗം പ്രാദേശിക, സമീപപ്രദേശങ്ങൾ, ചുറ്റുപാടുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. ഈ പ്രദേശങ്ങളിലെ പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്കുള്ള പ്രായോഗിക പ്രതിവിധി കണ്ടെത്തുക എന്ന സ്നൈഡറിന്റെ 'ബയോറീജിയണിലിസം' എന്ന ആശയം ഇവിടെ പ്രസക്തമാണ്. ഈ ആശയത്തിന്റെ രണ്ടാം തരംഗത്തിൽ ആണ് പ്രദേശത്തിന്റെ ഇടുങ്ങിയ വീക്ഷണകോണിൽ നിന്നും പാരിസ്ഥിതിക ആശയങ്ങൾ അന്തർദേശീയതയിലേക്കും ഒടുവിൽ ആഗോളതലത്തിലേക്കും വിപുലീകരിക്കപ്പെടുന്നത്.

ഇക്കോക്രിട്ടിസിസത്തിലെ പ്രാദേശികത

ഇക്കോക്രിട്ടിസിസത്തിന്റെ ആദ്യ ഘട്ടങ്ങൾ പ്രാദേശിക പരിസ്ഥിതികളിലും സമൂഹങ്ങളിലും ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചു. ഗാരി സ്നൈഡർ പോലുള്ള എഴുത്തുകാർ ഒരു വ്യക്തിയുടെ ജൈവമേഖലയുമായി ഉള്ള ആഴത്തിലുള്ള ബന്ധത്തെക്കുറിച്ച് വാദിക്കുകയും പ്രാദേശിക ആവാസവ്യവസ്ഥകളെ മനസ്സിലാക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു.

"മനുഷ്യസമൂഹങ്ങൾ അവരുടെ പ്രദേശങ്ങളിലെ തദ്ദേശീയ ആവാസവ്യവസ്ഥകളുമായി യോജിച്ച് നിലനിൽക്കണം" എന്ന തത്വത്തിലാണ് സ്നൈഡറിന്റെ 'ബയോറിജിയണലിസം' എന്ന ആശയം വേരൂന്നിയിരിക്കുന്നത് (സ്നൈഡർ, 1990, പേജ് 15).

ആഗോള വീക്ഷണങ്ങളിലേക്കുള്ള മാറ്റം:

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ധാരണ ലോകമെമ്പാടുമുള്ള പണ്ഡിതന്മാർക്കിടയിൽ പുതിയ ചിന്തകൾക്ക് വഴിതുറന്നു. ഇക്കോക്രിട്ടിസിസം എന്നറിയപ്പെടുന്ന ഈ ചിന്താഗതി പ്രാദേശിക പ്രശ്നങ്ങളിൽ നിന്ന് ആഗോള തലത്തിലേക്കുള്ള മാറ്റത്തെ പ്രതിഫലിപ്പിക്കുന്നു. പരിസ്ഥിതിവാദത്തിന്റെ രണ്ടാം തരംഗമായി ഇത് വിശേഷിപ്പിക്കപ്പെടുന്നു.

ഈ മാറ്റം പരിസ്ഥിതിപ്രശ്നങ്ങളുടെ സങ്കീർണ്ണതയും അവയുടെ പരസ്പരബന്ധവും മനസ്സിലാക്കാൻ സഹായിച്ചു. പണ്ഡിതന്മാർ അവരുടെ ചിന്തകളെ തങ്ങളുടെ നേരിട്ടുള്ള ചുറ്റുപാടുകളിൽ നിന്ന് വിപുലീകരിച്ച് ലോകമെമ്പാടുമുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ബ്യൂൽ ഇതിനെ വിശദീകരിക്കുന്നു: "ഇക്കോക്രിട്ടിസിസത്തിന്റെ രണ്ടാം തരംഗം ആഗോള

 ISSN: 2582 - 2594

വീക്ഷണങ്ങളെയും അന്തർദേശീയ ബന്ധങ്ങളെയും ഉൾക്കൊള്ളുന്ന, പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചുള്ള കൂടുതൽ സമഗ്രമായ ധാരണയിലേക്കുള്ള ഒരു മാറ്റത്തെ അടയാളപ്പെടുത്തുന്നു" (ബ്യൂൽ, 2005, പേജ്. 102).

ആഗോളതലത്തിലുള്ള പാരിസ്ഥിതിക ആശയങ്ങൾ:

ആഗോള പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിച്ചു വന്നതോടെ, പാരിസ്ഥിതിക ചിന്തകൾ പുനർവിചിന്തനം ചെയ്യേണ്ടതിന്റെ ആവശ്യകത ഉണ്ടായി. ഈ പുതിയ ചിന്താഗതിയാണ് 'ഇക്കോക്രിട്ടിസിസത്തിന്റെ രണ്ടാം തരംഗം'. തിമോത്തി മോർട്ടൻ പോലുള്ള ചിന്തകർ 'ഹൈപ്പർ ഒബ്ജക്റ്റ്' എന്ന പുതിയ ആശയം അവതരിപ്പിച്ചു. ഈ വസ്തുക്കൾ മനുഷ്യന്റെ ഗ്രഹണത്തിന് അതീതമായ രീതിയിൽ സമയത്തിലും സ്ഥലത്തിലും വ്യാപിച്ചുകിടക്കുന്നു. മോർട്ടൻ വാദിക്കുന്നത് ഇങ്ങനെയാണ്: "ആഗോള പാരിസ്ഥിതിക പ്രതിസന്ധികളുടെ അടിയന്തിരത നമ്മെ ഓർമ്മിപ്പിക്കുകയും എല്ലാ കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയാൻ നിർബന്ധിക്കുകയും ചെയ്യുന്നത് ഹൈപ്പർ ഒബ്ജക്റ്റുകളാണ്" (മോർട്ടൺ, 2013, പേജ്. 45).

പരിസ്ഥിതി പ്രശ്നങ്ങളുടെ പരസ്പരബന്ധം മനസ്സിലാക്കുന്നതിനുള്ള ശ്രമം പ്രാദേശികമായി തുടങ്ങി ഇന്ന് ആഗോള വീക്ഷണത്തിലേക്ക് വികസിച്ചുകൊണ്ടിരിക്കുന്നു. ഇക്കോക്രിട്ടിസിസം എന്ന് വിളിക്കപ്പെടുന്ന ഈ വികസനം, നമ്മുടെ സങ്കീർണ്ണമായ പാരിസ്ഥിതിക വെല്ലുവിളികൾ മികച്ച രീതിയിൽ മനസ്സിലാക്കാനും പരിഹരിക്കാനും സഹായിക്കുന്നു.

കൂടുതൽ പരസ്പരബന്ധിതമായ ഒരു ലോകത്തിലേക്ക് നാം കടന്നുപോകുമ്പോൾ, മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള സുസ്ഥിരബന്ധം സ്ഥാപിക്കുന്നതിന് പാരിസ്ഥിതിക ഗവേഷണത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ നിർണായകമായിരിക്കും.

ഇതിവൃത്തം

അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിലാണ് നോവലിലെ ചുറ്റുപാടുകൾ കടന്നുപോകുന്നത്. ഒരു മുൻ നക്സലിനോട് അയാളുടെ ലോകത്തോടും അയാളുടെ നക്സൽ പ്രത്യയശാസ്ത്രത്തോടു താൽപര്യമുള്ള പ്രേമ എന്ന സ്ത്രീയുടെ ആഴത്തിലുള്ള ഭക്തിനിർഭരമായ തരത്തിലുള്ള പ്രണയത്തെ ചുറ്റിപ്പറ്റിയാണ് ഇതിവൃത്തം കടന്നുപോകുന്നത്. കഥയിലൂടെ കടന്നു പോകുന്ന ഒരു സമാന്തര പ്രമേയം മനുഷ്യരുടെ പ്രകൃതിയിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന, പരിസ്ഥിതിയെ നശിപ്പിക്കാൻ ശ്രമിക്കുന്ന പ്രവർത്തികൾ ആണ്.

പരിസ്ഥിതിദർശനവും ആഖ്യാനരീതിയും 'യൂദാസിന്റെ സുവിശേഷത്തിൽ'.

ഈ നോവലിന്റെ ഘടനയിൽ ഭൗതിക / ഭൂമിശാസ്ത്രപരമായ പശ്ചാത്തലം വളരെ പ്രധാനപ്പെട്ട ആശയങ്ങൾ പങ്കുവെക്കുന്നു. കടൽത്തീരം, തടാകങ്ങൾ, നദികൾ, മലയിടുക്കുകൾ, കുളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനമായ കേരളത്തിന്റെ പശ്ചാത്തലത്തിലൂടെയാണ് നോവൽ കടന്നുപോകുന്നത്. ഒരു അധ്യായത്തിൽ നിന്ന് മറ്റൊരു അധ്യായത്തിലേക്ക് പോകുമ്പോൾ നായകന്റെ സ്ഥലവും മാറ്റപ്പെടുന്നുണ്ട്. നായക കഥാപാത്രമായ ദാസ് സ്ഥിരതാമസം ആക്കുന്ന പുതിയ സ്ഥലങ്ങൾക്കു സമീപം ഒരു ജലാശയം ഉണ്ടായിരിക്കുമെന്ന് ഉറപ്പാണ്. 'ദാസ്' ശവശരീരങ്ങൾ വീണ്ടെടുക്കുന്ന ആളാണ്. അതിനാൽ തന്നെ ജലസ്രോതസ്സ

കളോട് ചേർന്നുനിൽക്കുക എന്നത് ആ കഥാപാത്രത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. അങ്ങനെ മാറിവരുന്ന സ്ഥലവും ജലാശയങ്ങളും കഥയെ ഭൂതകാലത്തിൽ നിന്നും വർത്തമാനകാലത്തിലേക്കും ഭാവി കാലത്തിലേക്കും ബന്ധിപ്പിക്കുന്നു. കല്ലായി നദി, ചാലിയാർ നദി, അഷ്ടമുടി കായൽ, കോണിപ്പാറത്തോട്, മലമ്പുഴ അണക്കെട്ട്, ചാലക്കുടിപ്പുഴ എന്നിവ നോവലിൽ പരാമർശിക്കുന്ന ജലാശയങ്ങളാണ്.

സ്ഥലബന്ധം അല്ലെങ്കിൽ സ്ഥലബോധം എന്നു പറയുന്നത് എപ്പോഴും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പഠനങ്ങളുടെ ഭാഗമാണ്. സ്ഥലം എന്നത് അത് പ്രാദേശികമോ ഗ്രാമ്യമോ ആകട്ടെ ഇത്തരത്തിലുള്ള സാഹിത്യകൃതികളിൽ കേന്ദ്രസ്ഥാനം വഹിക്കുന്നു. എന്നാൽ ആ പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടകങ്ങൾ ആ സ്ഥലത്തിന്റെ സാംസ്കാരിക ഭൂപ്രകൃതിയിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. അതിനാൽ ആഗോള സാംസ്കാരിക ഭൂപ്രകൃതി സൃഷ്ടിക്കുന്നതിൽ നേരിട്ടോ അല്ലാതെയോ ഈ ഭരണകൂടത്തിന്റെ ഇടപെടലുകൾക്ക് സാധ്യത ഏറെയാണ്. ഇത്തരത്തിലുള്ള ആഗോളപാരിസ്ഥിതിക മാറ്റങ്ങൾ പ്രാദേശിക ഭൂപ്രകൃതിയുടെ മാതൃകയെ തടസ്സപ്പെടുത്തുന്നു.

പ്രകൃതിയും ലോകവുമായുള്ള ചരിത്രപരവും സാംസ്കാരികപരവുമായ ബന്ധം കഥപറച്ചിൽ പോലെയുള്ള സൗന്ദര്യാത്മക ഭാവനാത്മകമായ സാഹിത്യസൃഷ്ടികളിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. മാത്രമല്ല വിവിധതരം മനുഷ്യർ ലോകത്തെ ഗ്രഹിക്കുന്ന വ്യത്യസ്ത വഴികളെക്കുറിച്ച് വ്യക്തമായ ധാരണ നൽകാൻ ഈ സാഹിത്യ സൃഷ്ടികൾ ഉപകരിക്കുന്നു. മനുഷ്യന്റെ സുഖപ്രദമായ നാഗരിക ജീവിതത്തിനുവേണ്ടി പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുമ്പോൾ അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക അരക്ഷിതാവസ്ഥ ഈ നോവലിന്റെ പരിസ്ഥിതി കേന്ദ്രീകൃതമായ ഒരു പുനർ വായനയ്ക്ക് സാധ്യതയൊരുക്കുന്നുണ്ട്. അമിതമായ ജലസ്രോതസ്സുകളുടെ മലിനീകരണം, വനനശീകരണം (ഉദാഹരണം കുന്നുകൾ, തടാകങ്ങൾ, നദികൾ) എന്നിവ മൂലം ഉണ്ടാകുന്ന ഭൂപ്രകൃതിയിലെ മാറ്റങ്ങൾ 'യൂദാസിന്റെ സുവിശേഷത്തിൽ' ചർച്ച ചെയ്യപ്പെടുന്ന പാരിസ്ഥിതിക വിഷയങ്ങളിൽ ചിലതാണ്.

പ്രേമയും ദാസനും തങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതിയിലെ മാറ്റങ്ങൾ വ്യത്യസ്ത രീതിയിലാണ് മനസ്സിലാക്കുന്നത്. അവൾക്കത് പ്രണയത്തിന്റെയും ഭീതിയുടെയും ഇടമാണ്. പ്രേമയുടെ നീന്തൽ പഠിക്കണമെന്ന ആവശ്യത്തെ ദാസ് നിരാകരിച്ചപ്പോൾ അതിന്റെ പ്രതിഷേധം എന്ന നിലയിൽ അവൾ കായലിലേക്ക് ചാടുന്നുണ്ട്. ആ സന്ദർഭത്തിൽ പ്രേമക്ക് കായലിനോടുള്ള ആസക്തി എഴുത്തുകാരി വർണ്ണിക്കുന്നുണ്ട്. "ഇലകൾ ഇല്ലാത്ത ജലസസ്യങ്ങൾക്കിടയിലൂടെ നീളൻ പാവാടയും വലിച്ചു ഞാൻ ഉള്ളിലേക്ക് ഊഴ്ന്നു. മണിയറയിൽ കാത്തിരിക്കുന്ന ഭർത്താവിനെ പോലെ ആയിരുന്നു ആ നേരത്ത് കായൽ. എനിക്ക് അതിനോട് പ്രേമം തോന്നി. വല്ലാത്തൊരു ഊഷ്മളതയോടെ ജലം ചുറ്റും വികാരം പൂണ്ടു" (പേജ് 16). വർഷങ്ങൾക്കു ശേഷമുള്ള അവളുടെ തിരിച്ചുവരവിൽ ആ കായൽ "കുന്നുകൾക്കിടയിൽ ഇടുങ്ങിച്ചത്ത തിമിംഗലത്തെ പോലെയാണ്" അവൾക്ക് തോന്നിയത്. കുന്നുകൾക്കിടയിൽ പച്ചപ്പുകൾ നഷ്ടപ്പെട്ടിരുന്നു. അകലെയുള്ള കുന്നിൽ റബ്ബർ തോട്ടം വെട്ടി വെളുപ്പിച്ച് പുതിയ ചെടികൾ നട്ടിരുന്നത് കൊണ്ട് അവിടവും തരിശുനിലം പോലെ കിടന്നു. കായലിന്റെ പരപ്പിൽ ഒന്ന് രണ്ടു വഞ്ചികൾ എപ്പോഴും അലസമായി നീങ്ങി". (പേജ് 48).

 ISSN: 2582 - 2594

അടിയന്തരാവസ്ഥ കാലത്ത് ഉണ്ടായ ഭരണകൂട അക്രമം നിരവധി ആളുകളുടെ കൊല പാതകത്തിലാണ് കലാശിച്ചത്. മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനും കുറ്റകൃത്യങ്ങൾ മറക്കുന്ന തിനുമുള്ള എളുപ്പവഴി മൃതദേഹങ്ങളെ ജലാശയങ്ങളിലേക്ക് വലിച്ചെറിയുക എന്നതായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ അത് തുടർന്നുകൊണ്ടിരുന്നു. ഭരണകൂടത്തിന്റെ പരിസ്ഥിതിക്ക് മേലുള്ള പരോക്ഷമായ ചൂഷണങ്ങളായി നോവലിലുടനീളം ഇത്തരത്തിലുള്ള കാഴ്ചകൾ നമുക്ക് കാണാം.

ഇക്കാലമത്രയും എഴുതപ്പെട്ട സാഹിത്യ സൃഷ്ടികളിൽ മനുഷ്യന്റെ നേരിട്ടുള്ള പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളാണ് ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. എന്നാൽ, കെ.ആർ.മീര ഈ കൃതിയിൽ തീർത്തും വ്യത്യസ്തമായ ആഖ്യാന രീതിയാണ് ഉപയോഗിച്ചിട്ടുള്ളത്. മുതലാ ളിത്തത്തിന്റെയും, ഭരണകൂടത്തിന്റെയും, മറ്റ് അധികാര വർഗ്ഗങ്ങളുടെയും സമൂഹത്തിനു മേലുള്ള അടിച്ചമർത്തലുകൾ അത് ജാതി-മത-വർഗ്ഗ-ലിംഗപരമായ ഏത് അടിച്ചമർത്തലുകളും ആയി ക്കൊള്ളട്ടെ, അതിന്റെ പ്രത്യാഘാതങ്ങൾ പരോക്ഷമായി പരിസ്ഥിതിയെ കൂടി അടിച്ചമർത്തു ന്ന ഒന്നായിത്തീരുന്നുണ്ട്. അതിനുദാഹരണങ്ങളാണ് പോലീസുകാർ കൊന്നു കായലിലേക്ക് വലിച്ചെറിയുന്ന മനുഷ്യശരീരങ്ങൾ. നോവലിലുടനീളം ദാസ് (പ്രധാന കഥാപാത്രം) കായലിൽ നിന്നും ശവശരീരങ്ങൾ കണ്ടെത്തി പുറത്തെടുക്കുന്നുണ്ട്. ഒരിക്കൽ പ്രേമയുടെ സഹപാഠിക ളിൽ ഒരാൾ കായലിൽ മുങ്ങി മരിച്ചതായി റിപ്പോർട്ട് വന്നു. "അവൻ ചാലിയാർ സമരത്തിൽ പങ്കെടുത്തിരുന്നു. അതിന്റെ പേരിൽ കൊല്ലപ്പെട്ടതാണെന്നു പിന്നീട് കേട്ടു" (പേജ് 34).

നോവലിൽ ഒരിടത്ത് പ്രദേശത്തുണ്ടാകുന്ന പാരിസ്ഥിതിക തകർച്ചയെക്കുറിച്ച് പ്രേമ സൂചിപ്പിക്കുന്നതിങ്ങനെയാണ്. "മീനുകൾ എന്നെ ശവങ്ങളെ ഓർമിപ്പിച്ചു. ഏതു ജലാശയത്തി ന്റെ അടിത്തട്ടിലും ശവങ്ങളുണ്ടാകും. അടിത്തട്ടിലേക്ക് ആഴ്ന്നുചെന്നു പരിശോധിച്ചാൽ ഏത് ശവത്തിനുള്ളിലും നിന്ന് മീനുകൾ പുറത്തുവരും" (പേജ് 61).

മനുഷ്യന്റെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രകൃതി നിലനിൽക്കുന്നത് എന്ന തെറ്റിദ്ധാ രണ ഇല്ലാതാകണം. പകരം എല്ലാ ജീവജാലങ്ങളുടെയും പരസ്പരബന്ധം മനസ്സിലാക്കുകയും പിന്തുടരുകയും വേണം. പ്രകൃതിയോടുള്ള മനുഷ്യരുടെ ക്രൂരമായ സമീപനം മനുഷ്യനെ സ്വാർത്ഥ നാക്കി മാറ്റുകയും, മറ്റ് ഭാഗ്യഹീനരായ ജീവജാലങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാനുള്ള പ്രവണത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നോവലിൽ ഇഷ്ടികച്ചൂള ഫാക്ടറി ഉടമകൾക്കെതിരെ പ്രതിഷേധിക്കുന്നവരിൽ ഒരാളായ സംഗീത വളരെയധികം പ്രാധാന്യമർഹിക്കുന്ന പല ചോ ദ്യങ്ങളും ഉന്നയിക്കുന്നുണ്ട്.

കിണറുകൾ വറ്റിയപ്പോൾ നമ്മൾ വെള്ളത്തിനായി ഇനി എവിടെപ്പോകും എന്ന് അവർ ആശങ്കപ്പെടുന്നുണ്ട്. "ഞങ്ങളുടെ പാടമെല്ലാം അവർ കുഴിച്ചു നശിപ്പിക്കുന്നു. രണ്ടിലൊന്നറിഞ്ഞി ട്ടേ ഇനി പിന്നോട്ടുള്ളൂ. ഞങ്ങൾക്ക് ഞങ്ങളുടെ വയൽ വേണം. നെല്ല് വിതയ്ക്കണം. കൊയ്യണം. ഞങ്ങളുടെ കന്നുകാലികൾക്കും മേഞ്ഞു നടക്കാനിടം വേണം. കിണറുകളിൽ വെള്ളം വേണം" (പേജ് 96) എന്ന പ്രതിഷേധസ്വരം അവർക്കിടയിൽ ഉയരുന്നുണ്ട്. അത്യാഗ്രഹികളായ മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു എന്ന യാഥാർഥ്യം നോവലിലെ പല സന്ദർഭങ്ങളും വ്യക്തമാക്കുന്നുണ്ട്.

ലോകം എന്ന സങ്കൽപത്തിൽ മുഴുവൻ ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്നു എന്നാണ് ഇക്കൊക്രിട്ടിസിസം ഉറപ്പ് നൽകുന്നത്. എന്നാൽ വികസനത്തിന്റെയും ആധുനികതയുടെ

യും, സാങ്കേതികവിദ്യയുടെയും, പുരോഗതിയിലൂടെ മനുഷ്യർക്ക് ഭൂമിയാണ് പ്രധാനം എന്ന ശ്രദ്ധ നഷ്ടപ്പെട്ടു. ഈ നോവലിനെ കുറിച്ചുള്ള പരിസ്ഥിതി കേന്ദ്രീകൃതമായ പഠനം വർഷങ്ങളായി കേരളത്തിലെ വിവിധ സ്ഥലങ്ങളുടെ ഭൂപ്രകൃതിയിൽ വന്നിട്ടുള്ള ദൃശ്യമായ മാറ്റങ്ങളെ വെളിപ്പെടുത്തുന്നുണ്ട്. ജലസ്രോതസ്സുകൾക്കടുത്ത് താമസിക്കുന്ന ദാസ് പ്രകൃതിവിഭവങ്ങളുടെ ശോഷണത്തെ കുറിച്ചുള്ള ആശങ്കകൾ ഇടയ്ക്കിടെ പങ്കുവെക്കുന്നുണ്ട്.

ഒരിക്കൽ പ്രേമയോട് അയാൾ പറയുന്നുണ്ട്, "ഒഴുക്ക് പക്ഷേ പുഴയുടെ കുറ്റമല്ല. അതു മനുഷ്യന്റെ കുറ്റമാണ്. മലമുകളിലെ മരങ്ങളെല്ലാം അവർ മുറിച്ചു.. അപ്പോൾ മണ്ണൊലിച്ചു. ചില യിടത്തു പുഴ നികന്നു... വേറെ ചിലയിടത്തു കുഴിഞ്ഞു.. മനുഷ്യൻ എന്നാലും വെറുതെ വിടില്ല... അവൻ മണൽ വാരും... തീരം കയ്യേറും... ങ്ഹാ, ഗതികെടുമ്പോൾ വെള്ളമാണെങ്കിലും എല്ലാം തകർത്തെറിയും..." (പേജ് 37).

കെ.ആർ. മീരയുടെ "യൂദാസിന്റെ സുവിശേഷം" എന്ന നോവൽ മനുഷ്യസമൂഹവും പരിസ്ഥിതിയും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെ ആഴത്തിൽ പരിശോധിക്കുന്നു. വന്ദന ശിവ പോലുള്ള പരിസ്ഥിതി പ്രവർത്തകർ ഉയർത്തിക്കാട്ടിയ ഭരണകൂട നേതൃത്വത്തിലുള്ള പാരിസ്ഥിതിക ചൂഷണത്തിന്റെ ആശങ്കകൾ ഈ നോവൽ പ്രതിധ്വനിപ്പിക്കുന്നു.

ഈ നോവലിന്റെ ചില പ്രധാന പാരിസ്ഥിതിക ഘടകങ്ങൾ താഴെ പറയുന്നവയാണ്:

പ്രകൃതിയുടെ ചൂഷണം: നോവലിലെ ഭരണകൂടം വനനാശം, ഖനനം, മറ്റ് പാരിസ്ഥിതിക നാശനഷ്ടങ്ങൾ എന്നിവയിലൂടെ പ്രകൃതിയെ നിഷ്ഠൂരമായി ചൂഷണം ചെയ്യുന്നു.

സാമൂഹിക അനീതി: പാരിസ്ഥിതിക നാശനഷ്ടങ്ങൾ സമൂഹത്തിലെ ഏറ്റവും ദുർബലരായവരെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്, അവരുടെ ഉപജീവനമാർഗ്ഗവും ആരോഗ്യവും നഷ്ടപ്പെടുന്നു.

പ്രതിരോധം: നോവലിലെ കഥാപാത്രങ്ങൾ പാരിസ്ഥിതിക നാശനഷ്ടങ്ങൾക്കെതിരെ പ്രതിരോധം പ്രകടിപ്പിക്കുകയും പ്രകൃതിയെ സംരക്ഷിക്കാൻ പ്രയത്നിക്കുകയും ചെയ്യുന്നുണ്ട്.

"യൂദാസിന്റെ സുവിശേഷം" എന്ന നോവൽ പരിസ്ഥിതിയോടുള്ള നമ്മുടെ സമീപനത്തെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. മനുഷ്യർക്ക് പ്രകൃതിയുമായി സുസ്ഥിരമായ ബന്ധം സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇത് ഊന്നിപ്പറയുന്നു. മനുഷ്യർ നടത്തുന്ന പ്രകൃതിവിഭവ ചൂഷണങ്ങളെ ദീർഘകാലമായി വിമർശിച്ച്, പരിസ്ഥിതി വ്യവസ്ഥകൾക്കും പ്രാദേശിക സമൂഹങ്ങൾക്കും ദോഷകരമായ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടുന്നു. "യൂദാസിന്റെ സുവിശേഷത്തിൽ", സുസ്ഥിരതയെക്കാൾ ലാഭത്തിന് മുൻഗണന നൽകുന്ന സർക്കാർ നയങ്ങളാൽ പ്രാപ്തമാക്കിയ കോർപ്പറേറ്റുകൾ പരിസ്ഥിതിയെ നിഷ്കരുണം ചൂഷണം ചെയ്യുന്നതിലൂടെ ഈ പ്രമേയം കൃതി അതിസൂക്ഷ്മതയോടെ അവതരിപ്പിക്കുന്നു. പാരിസ്ഥിതിക തകർച്ച, ജൈവവൈവിധ്യ നഷ്ടം, തദ്ദേശീയ ജനതകളുടെ കുടിയിറക്കം എന്നിവ ചിത്രീകരിക്കുന്ന നോവൽ അത്തരം ചൂഷണത്തിന്റെ അനന്തരഫലങ്ങൾ അടിവരയിടുന്നു.

കൃതിയിലെ സൂചനകൾ:

മീരയുടെ "യൂദാസിന്റെ സുവിശേഷത്തിൽ" പരിസ്ഥിതി ചൂഷണത്തിന്റെ ചിത്രീകരണം അതിന്റെ ബഹുമുഖമായ പ്രത്യാഘാതങ്ങളെ ഊന്നിപ്പറയുന്നു. പാരിസ്ഥിതിക നാശത്തിനപ്പുറം,

 ISSN: 2582 - 2594

പാരിസ്ഥിതിക തകർച്ചയുടെ സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ അനന്തരഫലങ്ങളെ നോവൽ ചർച്ച ചെയ്യുന്നു. മനുഷ്യത്വവും പ്രകൃതിയും തമ്മിലുള്ള സൂക്ഷ്മമായ സന്തുലിതാവസ്ഥയെ തടസ്സപ്പെടുത്തുന്നതിലൂടെ, ഈ ചൂഷണങ്ങൾ വ്യാപകമായ കഷ്ടപ്പാടുകളിലേക്കും അനീതിയിലേക്കും അഗാധമായ നഷ്ടബോധത്തിലേക്കും നയിക്കുന്നു. പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളുടെ പരസ്പരബന്ധത്തെ അഭിമുഖീകരിക്കാൻ നോവൽ വായനക്കാരെ സജ്ജരാക്കുന്നു. സുസ്ഥിരതയോടുള്ള സമഗ്രമായ സമീപനത്തിനായി പ്രേരിപ്പിക്കുന്നു.

പ്രതിരോധ ശ്രമങ്ങൾ:

പാരിസ്ഥിതിക അനീതികൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ വിവരണങ്ങളാണ് "യൂദാസിന്റെ സുവിശേഷത്തിൽ" ഉൾച്ചേർത്തിരിക്കുന്നത്. അടിത്തട്ടിലെ പ്രസ്ഥാനങ്ങൾ, തദ്ദേശീയ പോരാട്ടങ്ങൾ, വ്യക്തിഗത ധിക്കാരപ്രവൃത്തികൾ എന്നിവയുടെ കഥകൾ സമന്വയിപ്പിച്ച്, ചൂഷണത്തെ അഭിമുഖീകരിക്കുന്ന സമുദായങ്ങളുടെ പ്രതിരോധം ഈ കൃതിയിൽ പ്രകടമാക്കുന്നു. ഈ ചെറുത്തുനിൽപ്പ് ശ്രമങ്ങൾ പ്രതിഷേധങ്ങളും ആക്ടിവിസവും മുതൽ ആത്മീയ ഉണർവുകളും ഐക്യദാർഢ്യപ്രവർത്തനങ്ങളും വരെ നീളുന്നു. ഈ ആഖ്യാനങ്ങളിലൂടെ നോവൽ പ്രത്യാശ ഉണർത്തുകയും അടിച്ചമർത്തൽ വ്യവസ്ഥകളെ വെല്ലുവിളിക്കുന്നതിൽ കൂട്ടായ പ്രവർത്തനത്തിന്റെ ശക്തിയെ അടിവരയിടുകയും ചെയ്യുന്നു.

മലയാള നോവലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളുടെ ചരിത്രപരമായ ആവിഷ്കാരം:

"യൂദാസിന്റെ സുവിശേഷത്തിൽ" പരിസ്ഥിതി വിഷയങ്ങളുമായുള്ള മീരയുടെ ഇടപെടൽ, പരിസ്ഥിതി ആശങ്കകളെ അഭിസംബോധന ചെയ്യുന്നതിൽ മലയാള സാഹിത്യത്തിന്റെ ചരിത്ര പാരമ്പര്യമായി പ്രതിധ്വനിക്കുന്നു. പ്രദേശത്തിന്റെ കാർഷിക സംസ്കാരം, പാരിസ്ഥിതിക ജ്ഞാനം, ആധുനികവൽക്കരണത്തിന്റെ സ്വാധീനം എന്നിവയെ പലപ്പോഴും പ്രതിഫലിപ്പിക്കുന്ന, പ്രകൃതിയുമായുള്ള മാനവികതയുടെ ബന്ധം കണ്ടെത്തുന്നതിന്റെ സമ്പന്നമായ പാരമ്പര്യം മലയാള സാഹിത്യത്തിനുണ്ട്. മീരയുടെ നോവൽ ഈ പ്രമേയങ്ങളെ സമകാലികമാക്കിക്കൊണ്ടും സമകാലിക പാരിസ്ഥിതിക പ്രതിസന്ധികളെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ഭൂപ്രകൃതിയുടെ പശ്ചാത്തലത്തിൽ വിമർശിച്ചുകൊണ്ടും ഈ പാരമ്പര്യത്തിന് സംഭാവന നൽകുന്നു.

ഉപസംഹാരം:

കെ ആർ മീരയുടെ "യൂദാസിന്റെ സുവിശേഷം" പാരിസ്ഥിതിക വായനയിലൂടെ, വന്ദന ശിവയെപ്പോലുള്ള പരിസ്ഥിതി പ്രവർത്തകരുടെ വിമർശനങ്ങളും ഉൾക്കാഴ്ചകളും പ്രതിധ്വനിക്കുന്ന ഒരു ആഖ്യാനം ഞങ്ങൾ കണ്ടെത്തുന്നു. ഭരണകൂടം നയിക്കുന്ന പാരിസ്ഥിതിക ചൂഷണങ്ങളുടെ വിനാശകരമായ അനന്തരഫലങ്ങൾ തുറന്നുകാട്ടുക മാത്രമല്ല, സമൂഹങ്ങളുടെ പ്രതിരോധശേഷിയും മാനുഷികവും പാരിസ്ഥിതികവുമായ ക്ഷേമത്തിന്റെ പരസ്പരബന്ധവും ആഘോഷിക്കുകയും ചെയ്യുന്നു. മീരയുടെ കൃതികളെ മലയാള സാഹിത്യത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുന്നതിലൂടെ, പരിസ്ഥിതിനീതിയെയും സുസ്ഥിരതയെയും കുറിച്ച് നടന്നു കൊണ്ടിരിക്കുന്ന വ്യവഹാരത്തിൽ അതിന്റെ സംഭാവനകളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ഭൂമിയോടും മനുഷ്യേതര ജീവജാലങ്ങളോടുമുള്ള രാഷ്ട്രീയ- സാമൂഹിക- സാംസ്കാരിക-ധാർമിക പെരുമാറ്റത്തിൽ വലിയ മാറ്റം ഇനിയും ആവശ്യമാണ്. എല്ലാ വികസനങ്ങളെക്കാളും പ്രധാനം ഭൂമിയാണെന്നുള്ള കാഴ്ചപ്പാടാണ് നമുക്ക് ആവശ്യം, എന്നിരിക്കെ മനുഷ്യരാശിക്ക് ഇനിയും അതിൽ പ്രതീക്ഷയുണ്ട്. ആണവയുദ്ധം, പ്രകൃതിവിഭവങ്ങളുടെ ശോഷണം, ജനസംഖ്യാവർദ്ധനവ്, യന്ത്രങ്ങളുടെ വൻതോതിലുള്ള ഉത്പാദനം, നിരവധി മാലിന്യകൂമ്പാരങ്ങൾ, വിവിധതരം മലിനീകരണം, ജീവിവർഗങ്ങളുടെ വംശനാശം, തുടങ്ങിയ പാരിസ്ഥിതിക ദുരന്തങ്ങളുടെ ഭീഷണിയിൽ ആധുനികലോകം തകർന്നിരിക്കുകയാണ്, എന്നിരിക്കെ ലോകത്തോടും പ്രകൃതിയോടും ആഴത്തിലുള്ള ഉത്തരവാദിത്തം ഉണർത്തിക്കൊണ്ട് വായനക്കാരിൽ ശക്തമായ സ്വാധീനം ചെലുത്താൻ ഈ നോവലിന് കഴിഞ്ഞു.

ഗ്രന്ഥസൂചി

1 മധുസൂദനൻ.ജി. കഥയും പരിസ്ഥിതിയും, കറന്റ് ബുക്ക്സ്, 2000.

2 മീര. കെ.ആർ. യൂദാസിന്റെ സുവിശേഷം, ഡി.സി.ബുക്സ്, 2023

3 End Ecocide on Earth. www.endecocide.org/en/ what-is-ecocide. Accessed 5 October 2022.

4 Stop Ecocide International. Independent Expert Panel for the Legal Definition of Ecocide. June 2021, www.stopecocide.earth/legal-defi-nition. Accessed 5 Oct. 2022.

5 Snyder, Gary. The Practice of the Wild: Essays. Counterpoint, 1990.

6 Buell, Lawrence. The Environmental Imagination: Thoreau, Nature Writing, and the Formation of American Culture. Harvard University Press, 1995.

7 Morton, Timothy. Hyperobjects: Philosophy and Ecology after the End of the World. University of Minnesota Press, 2013

 ISSN: 2582 - 2594

ദളിത് പ്രതിരോധങ്ങൾ: മനോജ് വെങ്ങോലയുടെ കഥകളിൽ

ഹലീല്റ റഹ്മാൻ വി. എം.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം.
ആർ എൽ വി ഗവ. കോളേജ്, തൃപ്പൂണിത്തുറ
Email: haleelrahman38@gmail.com

സംഗ്രഹം

മനോജ് വെങ്ങോല എഴുതിയ പറയപ്പതി, പൊറള് എന്നീ കഥകളെ അടിസ്ഥാനമാക്കി ദളിത്ജീവിതത്തെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധം. മുഖ്യധാരാകൃതികളിൽ രേഖപ്പെടുത്താതെ പോയ കീഴാളരുടെ ജീവിതം കൂടി ഉൾപ്പെടുന്നതാണ് ചരിത്രം. സാമൂഹികമായ അവസരനഷ്ടത്തിന്റെ യാതനകൾ പേറുന്നതും കീഴാളർ തന്നെ. ദളിത് ആഖ്യാനങ്ങൾ മുഖ്യധാരയുടെ അവഗണനയ്ക്കെതിരായ പോരാട്ടം കൂടിയാണ്.

താക്കോൽവാക്കുകൾ: ഭൂമി, ജാതി, പുനരധിവാസം, വികസനം, വീണ്ടെടുപ്പ്, പതി, തെറി, അഭാവം.

സമകാലിക ചെറുകഥയിലെ ശ്രദ്ധേയനായ എഴുത്തുകാരനാണ് മനോജ് വെങ്ങോല. വൈവിധ്യം നിറഞ്ഞ പ്രമേയങ്ങളും അവതരണത്തിലെ നവീനതയും അദ്ദേഹത്തിന്റെ കഥകളെ വ്യത്യസ്തമാക്കുന്നു. പറയപ്പതി, പൊറള്, പെരുമ്പാവൂർ യാത്രിനിവാസ്, വെയിൽ വിളിക്കുന്നു എന്നിവ അദ്ദേഹത്തിന്റെ കഥാസമാഹാരങ്ങളാണ്. ഉത്തരാധുനിക കഥാകൃത്തുകൾക്കിടയിൽ ഉൾക്കരുത്തുള്ള കഥകളിലൂടെ സ്വന്തം നിലപാട് ഉറപ്പിക്കുകയാണദ്ദേഹം. ശക്തമായ വാക്കുകളും പദഘടനയും ബിംബങ്ങളും വളച്ചുകെട്ടില്ലാത്ത ആവിഷ്കാരരീതിയും കൊണ്ട് മികച്ചവയാണ് ഓരോ കഥയും.

മനോജിന്റെ ചെറുകഥകളായ പൊറള്, പറയപ്പതി എന്നിവയിലെ ദളിത് ജീവിതപരിസരങ്ങളെ വിശദീകരിക്കാനാണ് ലേഖനത്തിൽ ശ്രമിക്കുന്നത്. സാഹിത്യം കാലത്തിനു നേർക്കുപിടിച്ച കണ്ണാടിയാണെന്നിരിക്കേ സമൂഹത്തിലെ വരേണ്യരുടെ ലോകത്തെയും ആശയങ്ങളെയും മാത്രം ഉയർത്തിക്കാട്ടിയാൽ ഭാഗികപ്രതിഫലനം മാത്രമാകും. അരികുവൽക്കരിക്കപ്പെട്ട മനുഷ്യർ കൂടി ഉൾപ്പെടുമ്പോഴേ സാഹിത്യവും ചരിത്രവുമെല്ലാം അല്പമെങ്കിലും പൂർണ്ണതയിലെത്തൂ.

നവോത്ഥാന മുന്നേറ്റങ്ങൾ ധാരാളമുണ്ടായ കേരളത്തിലും ദളിതരോടുള്ള മനോഭാവം ഇനിയും മാറേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടുകയാണ് കഥാകാരൻ.

"എറിഞ്ഞും കൊല്ലാം
പറഞ്ഞും കൊല്ലാം.
എറിഞ്ഞു കൊന്നാൽ ചാവും.
പറഞ്ഞു കൊന്നാൽ പിടഞ്ഞേ ചാകൂ. "

മനോജ് വെങ്ങോലയുടെ പൊറള് എന്ന കഥയുടെ തുടക്കവാചകമാണിത്. വിളിച്ചുചൊല്ലൽ എന്ന സവിശേഷമായ ആചാരത്തിന്റെ സാധ്യതകളെ കഥ വ്യക്തമാക്കുന്നു. കഥപറച്ചിലിന്റെ തീക്ഷ്ണതയെക്കൂടി വെളിപ്പെടുത്തുന്ന വാക്യമാണിത്. ദളിത് ജീവിതത്തെ അക്ഷരങ്ങളിലേക്കു തോറ്റിയെടുത്ത് വായനക്കാരന്റെ ഹൃദയങ്ങളിൽ വിളിച്ചുചൊല്ലലിന്റെ മുഴക്കമായി പടർത്തുന്ന കഥ. കാണാതെ പോയ അക്ഷരങ്ങളെ വീണ്ടെടുക്കുന്ന കഥയായി പൊറള് മാറുന്നു. യാഥാസ്ഥിതികമായ സാഹിത്യസങ്കൽപ്പങ്ങളെ, ചരിത്രബോധ്യങ്ങളെ പൊളിച്ചെഴുതുകയാണ് കഥാകാരൻ.

അധികാരത്തിന്റെയും തിന്മയുടെയും ചിഹ്നമായ തോക്കുചൂണ്ടലിലാണ് കഥാരംഭം. കുരുവിള സാറിന്റെ മുറ്റത്തെ പൂച്ചെടികൾ പരിചരിച്ചുകൊണ്ടിരിക്കുമ്പോൾ തലയ്ക്കു പിന്നിൽ ആരോ ചൂണ്ടുവിരൽ അമർത്തുമ്പോലൊരു തോന്നൽ ജ്യോതിയ്ക്കു തോന്നി. ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോഴാണ് ബാൽക്കണിയിൽ നിന്നും തോക്കുചൂണ്ടി നിൽക്കുന്ന പോളിനെ കാണുന്നത്. ഉണ്ടയില്ലാത്ത ആ തോക്ക് കുരുവിള സാറിന്റെ വീട്ടിലെ കാഴ്ചവസ്തു മാത്രമാണിപ്പോൾ. തോക്കിനേക്കാൾ ഊക്ക് വാക്കിനുണ്ടെന്ന് കഥ വ്യക്തമാക്കുന്നു. പറഞ്ഞുകൊന്നാൽ പിടഞ്ഞു ചാവും എന്ന ചൊല്ല് വെളിപ്പെടുത്തുന്നതും അതുതന്നെയാണ്. അപരന്റെ വാക്കുകൾ നിങ്ങളുടെയുള്ളിൽ പിടച്ചിലുണ്ടാക്കുന്നുണ്ടെങ്കിൽ അതിനു പിന്നിൽ ചരിത്രപരമായ കാരണങ്ങളുമുണ്ടാകും.

ഓസ്ട്രേലിയയിൽ നിന്നും കേരളം സന്ദർശിക്കാൻ എത്തിയ സായിപ്പാണ് ലിയോപോൾ തോബിയാസ്. ഇല്ലാതാകുന്ന ഭാഷകളെക്കുറിച്ചു പഠിക്കലാണ് പ്രധാന ലക്ഷ്യം. ലിപികളില്ലാത്ത പറയഭാഷയായ പൊറളിനെക്കുറിച്ച് അറിയുമ്പോൾ തോബിയാസ് വിസ്മയചിത്തനാകുന്നുണ്ട്. കഥയിൽ കീഴാളസ്ഥാനത്തു വരുന്ന കഥാപാത്രമാണ് ജ്യോതി. സവർണ്ണ ക്രിസ്ത്യൻ കുടുംബമായ കുരുവിള സാറിന്റെ വീട്ടിൽ പരമ്പരാഗതമായി പണിയ്ക്കു നിൽക്കുന്ന കീഴാളകുടുംബത്തിലെ ഇളമുറക്കാരനാണയാൾ. കുരുവിള സാറിന്റെ മകൻ തമ്പി ചോതി എന്ന വിളിക്കുമ്പോൾ സായിപ്പ് പേരിന്റെ നടുനിവർത്തി ജ്യോതി എന്നാക്കുന്നു. അച്ചടിമലയാളത്തിൽ സായിപ്പ് സംസാരിക്കുമ്പോൾ തമ്പി പറയുന്ന "ഓ... ഞങ്ങൾക്കങ്ങനെ ഫാഷനൊന്നുമില്ല. ഇല്ലിയോടാ... ഇവൻ ചോതി ഇവന്റപ്പൻ നീലൻകുഞ്ഞ്. അപ്പന്റപ്പൻ കോന്നൻ. ഇവരൊക്കെ കാലങ്ങളായി ഇവിടുത്തെ പണിക്കാരാ."

പഴയഗ്രന്ഥങ്ങളിൽ നിന്നും ഭാഷാപരമായ സവിശേഷതകൾ കണ്ടെടുക്കൽ സായിപ്പിന്റെ ലക്ഷ്യമായിരുന്നു. ഒരുനാൾ കുരുവിള സാറിന്റെ ഗ്രന്ഥശേഖരം പരിശോധിച്ചുകൊണ്ടിരിക്കേ പഴയൊരു പ്രമാണവുമെടുത്ത് സായിപ്പ് ജ്യോതിയെ സമീപിക്കുന്നു. കുരുവിള സാറിന്റെ മുൻതലമുറയിലെ കാരണവരിലൊരാൾ ഒരു പറയനെ പണയം വാങ്ങിയ രേഖയായിരുന്നു അത്. പഴയകാലത്തെ പ്രമാണഭാഷയും അടിമക്കച്ചവടത്തിലെ ഭാഷാരീതിയും കണ്ടെത്താൻ സാധിച്ചതിൽ സായിപ്പ് ആഹ്ലാദിക്കുമ്പോൾ ജ്യോതിയുടെ കൈയിലിരുന്ന് ആ കടലാസുകൾ

ISSN: 2582 - 2594

വിറച്ചുകൊണ്ടിരുന്നു. ആ പ്രമാണം തന്റെ ചോരയിൽ സ്പർശിക്കുന്നതു പോലെ അയാൾക്കു തോന്നി. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന പണയം വയ്ക്കപ്പെട്ട വെള്ള എന്ന പറയൻ തന്റെ ആരാകും എന്നാണ് ജ്യോതി ചിന്തിച്ചത്.

ആഫ്രിക്കയിലെ സുലുക്കളുടെ ഗോത്രഭാഷ പഠിക്കാൻപോയ വേളയിൽ താൻ കണ്ടെത്തിയ വിചിത്രമായ ആചാരത്തെക്കുറിച്ച് സായിപ്പ് ജ്യോതിയോട് വിശദീകരിക്കുന്നു. മരണാസന്ന നായ വ്യക്തിയോട് ഗോത്രഭാഷയിലെ ഏറ്റവും മോശം വാക്കുകൾ കൊണ്ടു യാത്രപറയുന്ന ചടങ്ങാണത്. ഘോരപദങ്ങളുടെ അകമ്പടിയോടെ തന്റെ ജീവിതം ആദ്യാവസാനം കേൾക്കുന്നയാൾ അതിവേഗം മരണത്തെ പുൽകുന്നു. സുലുക്കളുടെ ആചാരത്തെക്കുറിച്ച് സായിപ്പ് വിശദീകരിച്ചപ്പോൾ ഇവിടെയും അത്തരം ആചാരങ്ങളുണ്ടെന്ന് ജ്യോതി വ്യക്തമാക്കുന്നു. മധ്യകേരളത്തിൽ പ്രമാണിമാരും തറവാട്ടുകാരും മരിക്കാൻ കിടക്കുമ്പോൾ അവരെ വേദനയിൽ നിന്നു മോചിപ്പിക്കാൻ ഇത്തരം ചടങ്ങുകൾ നടത്തിയിരുന്നു. വിളിച്ചുചൊല്ലൽ എന്നാണു പേര്. ആദ്യകാലങ്ങളിൽ ഉള്ളാടരായിരുന്നു ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടവർ. പിന്നീട് പുലയരും പറയരും ആചാരം ഏറ്റെടുത്തു. തന്റെ ചാച്ചൻ പലയിടത്തും വിളിച്ചുചൊല്ലലിനായി പോയിട്ടുണ്ടെന്ന് ജ്യോതി പറയുന്നു.

നീണ്ടപ്രാർത്ഥന പോലെയാണ് വിളിച്ചുചൊല്ലൽ. ഇഴഞ്ഞിഴഞ്ഞു പോകുന്ന ഒരു പാട്ടിന്റെ താളത്തിൽ മരിക്കാൻ കിടക്കുന്നവന്റെ ചെവിയിലേക്ക് തീക്കനമുള്ള തെറിവാക്കുകൾ പറഞ്ഞുനിറയ്ക്കുന്നു. അവയുടെ ആഘാതം സഹിക്കാനാവാതെ അയാൾ മരണത്തിന്റെ കൈപിടിക്കുന്നു. മലയാളത്തിൽ ആകെ എത്ര തെറികളുണ്ടെന്ന് സായിപ്പ് ജ്യോതിയോട് അന്വേഷിക്കുന്നുണ്ട്. നല്ല വാക്കുകൾ ധാരാളമുള്ളപ്പോൾ സായിപ്പിനെന്തിനാണ് ചീത്തവാക്കുകൾ എന്നായി ജ്യോതി. ഒരു ഭാഷയിൽ ജീവിക്കുന്നവർക്ക് അവരുടെ രോഷവും സങ്കടവും നിസ്സഹായതയും പ്രകടിപ്പിക്കാൻ വേറെ എന്തു വഴിയാണുള്ളതെന്ന് വിശദീകരിച്ച് തെറിയുടെ രാഷ്ട്രീയം സായിപ്പ് വ്യക്തമാക്കുന്നു. പ്രാർത്ഥനാനിർഭരമായ തെറികളുടെ ഘോഷയാത്രയാണ് വിളിച്ചുചൊല്ലൽ. ചില മനുഷ്യരുടെ ജീവിതം തന്നെ നീണ്ടൊരു തെറിയാണല്ലോ. ജീവിതത്തിലുടനീളം തെറിയുടെ കൈപിടിച്ചവർ ആസന്നമൃതരാകുന്ന നിസ്സഹായാവസ്ഥയിൽ അതേ തെറികൾ തിരിച്ചടിയായിമാറുന്ന പകയുടെ ഭരണിപ്പാട്ട്.

കുരുവിള സാർ ആസന്നമരണനായി, ജീവിതത്തിന്റെയും മരണത്തിന്റെയും സൂചിക്കുഴയിലൂടെ ഇഴഞ്ഞുനീങ്ങുമ്പോൾ വിളിച്ചുചൊല്ലലിനായി ജ്യോതിയുടെ പിതാവ് നീലൻകുഞ്ഞെത്തുന്നു. നീലൻകുഞ്ഞിന്റെ ഭാര്യ നല്ലപെണ്ണിനെ വെടിവച്ചു കൊന്നതും മറ്റാരുമല്ല. മറ്റൊരു കഥയാണതെങ്കിലും അക്കഥയിൽ ദലിത് സ്ത്രീകൾ നേരിട്ട ലൈംഗികചൂഷണത്തിന്റെ നേർച്ചിത്രമുണ്ട്. കുരുവിള സാറിന്റെ വീട്ടിലെ വളർത്തുകുരങ്ങനാണ് നാഥു. വലുതായപ്പോൾ അവൻ ഇത്തിരി കുസൃതിക്കാരനായി. സ്ത്രീകൾ അരികിലൂടെ പോയാൽ നാഥുക്കുരങ്ങൻ തന്റെ ലിംഗം പ്രദർശിപ്പിക്കും. ഒടുവിൽ വീട്ടിലെത്തിയ അതിഥികൾക്കു മുന്നിൽ വച്ചും നാഥു നാണംകെടുത്തൽ തുടങ്ങിയപ്പോൾ അവനെ വെടിവെച്ചുകൊല്ലാൻ തീരുമാനിച്ചു. പക്ഷേ നാഥുവിനെ കൊല്ലാനുള്ള ശ്രമത്തിനിടയിൽ വെടികൊണ്ടത് നല്ല പെണ്ണിനാണ്. തന്റെ നിലയും വിലയും സംരക്ഷിക്കാൻ വേണ്ടി കുരുവിളസാർ നീലൻകുഞ്ഞിനെ കൊണ്ട് പാപഭാരം ഏറ്റെടുപ്പിച്ചു. തോക്ക് തുടച്ചുമിനുക്കുമ്പോൾ നീലൻകുഞ്ഞിന് അബദ്ധം പറ്റിയതാണെന്ന് പറഞ്ഞുപരത്തി.

അവസാനം നീലൻകുഞ്ഞ് കുറ്റമേറ്റ് ജയിലിലായി. കുരുവിള ധാരാളമായി കാശുമുടക്കിയെങ്കിലും മൂന്നരക്കൊല്ലം അയാൾ തടവറയിൽ കിടന്നു. നല്ലപെണ്ണിനെ തന്നെയാണ് താൻ ലക്ഷ്യംവെച്ചതെന്ന സത്യം പിന്നീട് മദ്യലഹരിയിൽ കുരുവിളയിൽ നിന്നും പുറത്തുവരുന്നുണ്ട്. ഇടയ്ക്കിടെ നല്ലപെണ്ണിനെ ശല്യംചെയ്തുകൊണ്ടിരുന്ന തന്റെയുള്ളിലെ കുരങ്ങനെ, അവൾ ഭാര്യയെ അറിയിച്ചാലോ എന്ന ഭയത്താലാണ് നല്ലപെണ്ണിനെ അയാൾ കൊല്ലുന്നത്.

കഥാന്ത്യത്തിൽ, മരണാസന്നനായ കുരുവിള സാറിന് നീലൻകുഞ്ഞിനെക്കൊണ്ട് വിളിച്ചുചൊല്ലൽ നടത്തുകയാണ് വീട്ടുകാർ. വിളിച്ചുചൊല്ലലിനിടെ നീലൻകുഞ്ഞ് കുരുവിള സാറിനോട് പറയുന്ന കഥയിൽ അടിമത്തത്തിന്റെ നീണ്ടചരിത്രമുണ്ട്. കീഴാളർ അനുഭവിച്ച ദുരിതങ്ങളുടെ ഭാരമുള്ള കടം തെറിവാക്കുകൊണ്ട് വീട്ടാനാകില്ലെന്ന സത്യം നീലൻകുഞ്ഞ് വ്യക്തമാക്കുന്നു. കുരുവിളയനുഭവിക്കുന്ന മരണവേദന കീഴാളൻ അനുഭവിച്ച ജീവിതവേദനയോളം വരില്ലെന്നും അയാളുടെ ചെവിയിൽ മന്ത്രിക്കുന്നു. ആ തിരിച്ചറിവിൽ സ്വയമറിയാതെ കുരുവിള മരണത്തിന്റെ കൈപിടിച്ചുപോകുന്നു.

സായിപ്പ് ജ്യോതിയുടെ വീട്ടിൽ സന്ദർശകനായെത്തുന്ന ദിവസമാണ് പറയഭാഷയായ പൊറളിനെപ്പറ്റി മനസ്സിലാക്കുന്നത്. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചാച്ചൻ പ്രേതംതുള്ളലിന്റെ പാട്ട് കീഴ്സ്ഥായിൽ പാടാൻ തുടങ്ങി. ചത്തുപോയ അമ്മയെ പാട്ടുപാടി വിളിച്ചുവരുത്തുകയാണയാൾ. രാത്രിയെ വർത്തമാനം പറഞ്ഞു വെളുപ്പിക്കലാണ് ലക്ഷ്യം. പ്രേതംതുള്ളലിന്റെ പാട്ടും വർത്തമാനവും കേട്ടപ്പോൾ ഇതേതു ഭാഷ എന്നായി സായിപ്പ്. ലിപികളില്ലാത്ത പറയഭാഷയായ പൊറളിനെപ്പറ്റി ജ്യോതി വിശദീകരിക്കുന്നു. ചൊണ്ണിക്കുക (പറയുക) കോന്ത (വീട്) എത്താളി (സന്തോഷം) വെങ്ങണിക്ക (തേങ്ങ) പേട (ഇറച്ചി) നെടുവാലി (കപ്പ) ചെതമ്പ (മീൻ) ഞോർണി (ചോറ്) മെറ്റുക (തിന്നുക) കൊങ്കരമുട്ട് (അന്നനാളം) പെങ്കണത്തി (സ്ത്രീ) കൊളുവ (വായ) മണ്ണം (കള്ളുഷാപ്പ്) പൊറുന്തി (വയറ്) മിളിന്തി (കണ്ണ്) ചെറയ്ക്കുക (കൊല്ലുക) തുടങ്ങിയ പറയഭാഷയിലെ തനതുപദങ്ങൾ പ്രേതംതുള്ളലിൽ കടന്നുവരുന്നു. പൊറളിലെ സവിശേഷ വാക്കുകളെ മലയാളത്തിന്റെ വ്യാകരണവുമായി കൂട്ടിക്കെട്ടിയാണ് പറയർ സംസാരിക്കുക.

ശക്തമായ രാഷ്ട്രീയാവിഷ്കരണമുള്ള മറ്റൊരു കഥയാണ് പറയപ്പതി. കുടിയിറക്കപ്പെട്ട അനേകം മനുഷ്യരുടെ പ്രതിനിധിയായി പ്രധാനകഥാപാത്രമായ കുഞ്ഞാളി മാറുന്നു. വികസനത്തിന്റെ പേരിൽ വീടും കുടിയും നഷ്ടപ്പെട്ട് എങ്ങുമെത്താതെ അലയുന്ന മനുഷ്യരുടെ പ്രതിനിധിയാണയാൾ. ഒരുവശത്ത് വികസനവും മറുവശത്ത് കീഴാളരും വരുമ്പോൾ മനുഷ്യനേക്കാൾ വിലയുള്ളതായി വികസനസങ്കല്പങ്ങൾ മാറും. കുടിയിറക്കപ്പെടുന്നവർ കീഴാളരാകുമ്പോൾ ഇവയെല്ലാം അനുഭവിക്കൽ അവരുടെ ബാധ്യതയാണെന്ന വരേണ്യബോധവും പ്രവർത്തിച്ചുതുടങ്ങും.

“മോദി സർക്കാർ അധികാരത്തിൽവന്ന അന്നാണ് കുഞ്ഞാളി എന്നെ കാണാൻ വന്നത്. ഓഫീസിലാകട്ടെ ആ സമയത്ത് വലിയ തിരക്കായിരുന്നു. ” പറയപ്പതിയിലെ ആദ്യ വാചകങ്ങളാണിവ. കഥാകൃത്ത് ഓഫീസിൽ വാർത്തകളുമായി മല്ലിടുമ്പോഴാണ് അപ്രതീക്ഷിതസന്ദർശകനായി കുഞ്ഞാളിയെത്തുന്നത്. ആ പേരു തന്നെ അയാളെ ഞെട്ടിക്കുന്നുണ്ട്. അത്തരമൊരു പേര് അതിനുമുമ്പ് അയാൾ കേട്ടിരുന്നില്ല. പ്ലാസ്റ്റിക് കവറിൽ നിന്നും കുറേ മുഷിഞ്ഞ കടലാസുകൾ നീട്ടിക്കൊണ്ട് അവ വായിക്കണമെന്നും ചാനലിൽ വാർത്തയാക്കണമെന്നും

കുഞ്ഞാളി ആവശ്യപ്പെടുന്നു. ശബരി റെയിൽപ്പാതക്കായി സ്ഥലംവിട്ടു നൽകേണ്ടി വരുന്നവരുടെ പരിദേവനങ്ങളായിരുന്നു അയാൾ കൊണ്ടുവന്ന കടലാസുകൾ നിറയെ. സംഗതി വാർത്തയായാൽ, അധികാരികളുടെ ശ്രദ്ധയിലെത്തിയാൽ തങ്ങൾ രക്ഷപ്പെട്ടേക്കുമെന്നായിരുന്നു ആ പാവത്തിന്റെ വിചാരം.

വീടിന്റെ ഭിത്തിയിൽ ഇന്ത്യൻ റെയിൽവേ ചാപ്പ കുത്തിയിട്ട് 17 കൊല്ലമായെന്നു കുഞ്ഞാളി. ചാപ്പ കുത്തിയതിനാൽ സ്ഥലം വിൽക്കാൻ പറ്റുന്നില്ല. ലോൺ തരാൻ ബാങ്കുകൾ സമ്മതിക്കുന്നില്ല. പകരം വേറെ സ്ഥലം തരാമെന്ന് ഉദ്യോഗസ്ഥന്മാർ പറഞ്ഞെങ്കിലും അതും നടന്നില്ല. തന്റെ മക്കൾ കുഞ്ഞായിരുന്നപ്പോൾ അളന്നു പോയതാണ് സ്ഥലം. "ഇപ്പോൾ അവരെ കെട്ടിക്കാൻ പ്രായമായി." എങ്കിലും ഒരു തീരുമാനവും ഇല്ലാതെ നീണ്ടുപോകുന്നു. ശബരി റെയിൽപ്പാതയ്ക്കായി സ്ഥലം ഏറ്റെടുത്തെങ്കിലും പദ്ധതി മുന്നോട്ടുനീങ്ങിയില്ല എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വസ്തുതയാണ്. ഇപ്രകാരം വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ അവിടെ വസിക്കുന്ന മനുഷ്യർ നേരിടുന്ന പ്രയാസങ്ങളെയാണ് കഥയിൽ പ്രശ്നവൽകരിക്കുന്നത്.

വാർത്തയുടെ വിശദവിവരങ്ങൾ ശേഖരിക്കാൻ കുഞ്ഞാളിയുടെ വീട്ടിൽ കഥാകൃത്തെത്തുന്നു. വീടിന്റെയും പരിസരത്തിന്റെയും വിവരണം ദളിത് ജീവിതത്തിന്റെ ദാരിദ്ര്യവും ഒറ്റപ്പെടലും കൃത്യമായി അടയാളപ്പെടുത്തുന്നു. "കാട്ടപ്പകൾ നിറഞ്ഞ ചരിവിനു താഴെ ഒരു വീട്. ഓട്ടുമേഞ്ഞതാണ്. ചുവരുകൾ തേച്ചിട്ടില്ല. മുറ്റത്തേക്കിറങ്ങാൻ കുത്തുകല്ലുകൾ ഉണ്ട്. നീളൻ വരാന്തയും ഉറക്കത്തിയ തൂണുകളും. മുറ്റത്ത് ഒരു സ്ത്രീയിരുന്ന് മുറം നെയ്യുന്നുണ്ടായിരുന്നു." കീഴാള ജീവിതത്തിന്റെ ദൈന്യങ്ങളെ വീടിന്റെയും പരിസരത്തിന്റെയും സൂക്ഷ്മവിവരണങ്ങളിലൂടെ ഒപ്പിയെടുക്കാൻ കഥാകൃത്തിന് സാധിക്കുന്നു.

പൂർവ്വികരെ അടക്കിയ മണ്ണാണ് പറയപ്പതി. കാരണവന്മാരെയും അപ്പനപ്പൂപ്പൻമാരെയും കുടിയിരുത്തിയ സ്ഥലം. പറയസമുദായത്തെ സംബന്ധിച്ചിടത്തോളം വിശ്വാസപരമായി ഏറെ പ്രാധാന്യമുള്ള സ്ഥലമാണത്. തീവണ്ടിപ്പാത വരുന്നതോടെ മണ്മറഞ്ഞവരുടെ തലയ്ക്കു മുകളിലൂടെ ഇരുമ്പുചക്രമുരുളും. തങ്ങളുടെ കാരണവൻമാർ എങ്ങോട്ടു പോകുമെന്ന് കുഞ്ഞാളി ചോദിക്കുന്നു. ഈ മണ്ണു വിട്ടുപോകാൻ കാരണവന്മാർക്കാവില്ല. അമ്പലമോ പള്ളിയോ ആയിരുന്നെങ്കിൽ മതം വെച്ച് കളിക്കാമായിരുന്നു. ധാരാളം ആളും കൂട്ടം. പക്ഷേ പറയരുടെ കാരണവന്മാരുടെ കാര്യമായതിനാൽ ആർക്കും താൽപര്യമില്ല. കീഴാളദൈവങ്ങളും വിശ്വാസങ്ങളും അവഗണിക്കപ്പെട്ടതിന്റെ സൂക്ഷ്മരാഷ്ട്രീയം കൂടി കഥ വ്യക്തമാക്കുന്നു.

ദുരിതങ്ങൾ വാർത്തയാക്കി ജനശ്രദ്ധയിലെത്തിച്ചാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അതിവേഗ നടപടി ഉണ്ടാകുമെന്നാണ് പാവത്തിന്റെ വിചാരം. കീഴാളന്റെ സങ്കടം വാർത്തയാക്കാൻ കോർപ്പറേറ്റ് മാധ്യമങ്ങൾക്കും ചാനലുകൾക്കും താല്പര്യമില്ല. അതേസമയം ജനപ്രിയതാല്പര്യങ്ങളുടെ പിന്നാലെ പത്രക്കാർ പറയുന്നു. ചാനൽ സ്ഥിതി ചെയ്യുന്ന നഗരത്തിലും പരിസരത്തുമായി നടന്ന ജനപ്രിയസിനിമയുടെ ഷൂട്ടിംഗിനെപ്പറ്റി വാർത്തകൾ ചെയ്യുന്നു. ഭരണത്തിലുള്ള പാർട്ടിയുടെ നേതാവിന്റെ എൺപതാം പിറന്നാൾ ചാനലുകൾ ആഘോഷിക്കുന്നു. അതുകഴിഞ്ഞപ്പോൾ മുനിസിപ്പൽ അധികൃതർ സംഘടിപ്പിച്ച കുക്കറിഷോയെപ്പറ്റി വാർത്തകൾ ചെയ്യുന്നു. ജനാധിപത്യത്തിന്റെ നാലാംതൂണെന്ന് വിശേഷിപ്പിക്കപ്പെട്ട മാധ്യമ

ങ്ങൾ കച്ചവടവൽക്കരിക്കപ്പെട്ടപ്പോൾ സാധാരണക്കാരന്റെ ആവശ്യങ്ങളെ ചവറ്റുകൊട്ടയിൽ തള്ളുന്നതിന്റെ ദുരന്തചിത്രവും കഥ വ്യക്തമാക്കുന്നു. കോർപ്പറേറ്റ് മാധ്യമങ്ങൾ ജനവിരുദ്ധ മാവുക മാത്രമല്ല കൃത്രിമമായ പൊതുബോധം സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്നു.

പതിയിലെ കാരണവന്മാർ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ജാതിമേധാവിത്വത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചവരാണ്. മരിച്ചുകഴിഞ്ഞ് പറയപ്പതിയിൽ കുടിയിരിക്കുമ്പോഴും അവർക്ക് രക്ഷയില്ല. നാളെ ഇന്ത്യൻ റെയിൽവേ പതിയ്ക്കു മേലെ കുതിച്ചുപാഞ്ഞേക്കാം. പതിയിലെ കാരണവന്മാരെ പറ്റി കുഞ്ഞാളി വിശദീകരിക്കുന്നത് ഇങ്ങനെയാണ്. "എല്ലാം ഞങ്ങളുടെ മൺമറഞ്ഞ കാരണവന്മാരാണ്. കള്ളും കോഴിയും ആണ് നിവേദ്യം. വടക്ക് ഇരിക്കണത് തേവൻ വല്യപ്പൻ. ഇല്ലത്തെ പുള്ളിപ്പശുവിന്റെ നോട്ടക്കാരനായിരുന്നു. പുള്ളിപ്പശു പാമ്പുകടിയേറ്റ് ചത്തപ്പോൾ പിന്നെ നോട്ടക്കാരൻ എന്തിനാ... വല്യപ്പനേം അതേ കുഴിയിലിട്ടു മൂടി. തെക്കിരിക്കണത് മാത്തിരി അമ്മായി. ഞാറു നടുന്നതിനിടയിൽ കുഞ്ഞിനു മുലകൊടുക്കാൻ കരയിൽ കയറിയതിന് തമ്പ്രാക്കന്മാർ മുല രണ്ടും അരിഞ്ഞുകളഞ്ഞ ഞങ്ങളുടെ കുലദേവത. പിന്നെയുള്ളത് കുഞ്ഞപ്പൻ കൊച്ചാട്ടൻ. താളിയോടിക്കാൻ തിണ്ടുകയറിയപ്പോൾ വഴിയെ പോയവനെ തീണ്ടിതിന് തല്ലിക്കൊന്നതാണ്." നൂറ്റാണ്ടുകളായി ജാതിപതിത്വത്തിന്റെ പേരിൽ മനുഷ്യരെന്ന പരിഗണന പോലും ലഭിക്കാതിരുന്നവരുടെ നേർച്ചിത്രങ്ങളാണ് കാരണവന്മാരുടെ ചരിത്രങ്ങളിലും നിറഞ്ഞുനിൽക്കുന്നത്.

താനും ഒരു പറയനാണെന്ന രഹസ്യം കഥാകൃത്ത് കുഞ്ഞാളിയോട് സ്വകാര്യമായി പറയുന്നുണ്ട്. അതുകേട്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് കുഞ്ഞാളി പറഞ്ഞു, "ആരോടും പറയണ്ട... ഓഫീസിലൊക്കെ അറിഞ്ഞാ രഹസ്യമായൊരു തീണ്ടൽ വരും. സ്വന്തം കുലം പറയാൻ ജോലിയും പത്രാസുമുള്ള ചില പറയൻമാർ മടിയ്ക്കുന്നതും അതുകൊണ്ടാ..." നാം ഇപ്പോഴും നേരിടുന്ന ജാതീയതയുടെ അനുഭവസാക്ഷ്യമാണ് കുഞ്ഞാളിയുടെ മറുപടിയിൽ നിറയുന്നത്. നവോത്ഥാനം കൈവരിച്ച പ്രബുദ്ധകേരളത്തിൽ ജാതിബോധം പരോക്ഷമായി പ്രവർത്തിക്കുന്നു. ആധുനിക മനുഷ്യരെന്ന് മേനിനടിക്കുന്ന നാം ജാതിബോധത്തെ പരസ്യമായി പ്രകടിപ്പിക്കാതെ വീട്ടുകങ്ങളിലും സ്വകാര്യ ഇടങ്ങളിലും നിരന്തരം കൊണ്ടുനടക്കുന്നു.

കുഞ്ഞാളിയുടെ രാഷ്ട്രീയബോധ്യം ജീവിതത്തിന്റെ തീക്ഷ്ണാനുഭവങ്ങളിൽ നിന്നും അയാൾ തിരിച്ചറിഞ്ഞതാണ്. അയാൾ കഥാകൃത്തിനോട് ചോദിക്കുന്നു. "ശ്രീമൂലം സഭയിൽ അംഗമായിരുന്ന കാവാരിക്കുളം കണ്ടൻകുമാരനെ ആരറിയും. പറയനായിരുന്നു. ചരിത്രം സൗകര്യപൂർവ്വം അദ്ദേഹത്തെ മറന്നുകളഞ്ഞില്ലേ". നാം കാണാതെപോയ അക്ഷരങ്ങളിൽ, ചരിത്രത്തിൽ കാവാരിക്കുളം കണ്ടൻകുമാരൻ മാത്രമല്ല, അനേകം പ്രതിഭകളുമുണ്ട്. പറയപ്പതിയ്ക്ക് വേണ്ടി കുഞ്ഞാളി വീണ്ടും വാദിക്കുമ്പോൾ കഥാകൃത്ത് ചോദിക്കുന്നു. "മരിച്ചവർ മരിച്ചു. ജീവിച്ചിരിക്കുന്ന നിങ്ങളോ..." അപ്പോഴാണ് കുഞ്ഞാളി തിരിച്ചടിക്കുന്നത്. "ഒന്ന് ചോദിച്ചോട്ടെ സാറേ, ഞങ്ങളെപ്പോലുള്ളവർ എന്നാണ് ജീവിച്ചിട്ടുള്ളത്."

വികസനത്തിനുവേണ്ടി ഒഴിപ്പിക്കപ്പെടുന്ന മനുഷ്യരുടെ സങ്കടങ്ങളാണ് പറയപ്പതിയിൽ മനോജ് വരച്ചിടുന്നത്. ഭൂമിയ്ക്കുമേലുള്ള ഉടമസ്ഥാവകാശവും അധികാരവും കീഴാളന് വിധിക്കപ്പെട്ടിട്ടില്ല. ഫ്യൂഡലിസ്റ്റ് കാലഘട്ടത്തിൽ അവൻ അടിയാനോ കുടിയാനോ മാത്രമായിരുന്നു. വികസനത്തിന്റെയും ആധുനികതയുടെയും ശാസ്ത്രയുഗത്തിലും അവനു രക്ഷയില്ല. വികസന

 ISSN: 2582 - 2594

ത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട നിരവധി മനുഷ്യർ പിന്നീട് നാടോടികളോ തെരുവുമനുഷ്യരോ ആയി മാറ്റപ്പെട്ടു. അവരെ പുനരധിവസിപ്പിക്കുന്നതിന് ഭരണകൂടം തയ്യാറായതുമില്ല.

പറയഭാഷയെ പറ്റിയും കഥ സൂചനകൾ നൽകുന്നു. പാടത്ത് പണിയെടുക്കുമ്പോൾ വരമ്പത്തുനിൽക്കുന്ന കാര്യസ്ഥന് മനസ്സിലാകാത്ത ഭാഷയാണത്. അതിനു ലിപികളില്ല. താമസിയാതെ പറയഭാഷയും വംശനാശം സംഭവിച്ച ഭാഷകളുടെ കൂട്ടത്തിലാകും. കീഴാളഭാഷ പറയുന്നതോടൊപ്പം ദളിത്ജീവിതസത്യങ്ങളെ ഉരുക്കിയൊഴിക്കുക കൂടിയാണ് കഥാകൃത്ത് ചെയ്യുന്നത്.

ബഹുമുഖവും ബഹുസ്വരവുമാണ് സമകാലികസാഹിത്യം. കണ്ടില്ലെന്നു നടിച്ച് ഓരത്തേക്ക് മാറ്റിനിർത്തിയ മനുഷ്യരുടെ സ്വരങ്ങൾ സമകാലികചെറുകഥയിൽ ശക്തമായി മുഴങ്ങുന്നു. മുഖ്യധാരാചരിത്രത്തിന്റെ ഏടുകളിൽ ദളിത് ജനതയെ കാണണമെന്നില്ല. കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി എന്ന പൊയ്കയിൽ അപ്പച്ചന്റെ വിലാപം വർത്തമാനകാലഘട്ടത്തിലും പ്രസക്തമാണ്. മൃഗസമാനമായ ജീവിതം നയിച്ച് അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരാണവർ. ചരിത്രം രാഷ്ട്രീയനിർമ്മിതി കൂടിയാണ്. അധികാരത്തിന്റെയും ഭരണകൂടത്തിന്റെയും നിയന്ത്രണങ്ങൾക്കുള്ളിലാണ് ചരിത്രത്തിന്റെ രൂപപ്പെടൽ സാധ്യമാകുന്നതെന്ന സത്യം അവഗണിക്കപ്പെട്ട ദലിത്ചരിത്രം വെളിപ്പെടുത്തുന്നു. വയലിൽ പണി ചെയ്തു തളർന്നുവരുന്ന തന്റെ അമ്മയുടെ നിശ്വാസത്തോളം വരില്ല സവർണ്ണസാഹിത്യം എന്ന രാഘവൻ അത്തോളിയുടെ വിലയിരുത്തൽ കീഴാളസാഹിത്യത്തിന്റെ ഉൽകൃഷ്ടതയെ സൂചിപ്പിക്കുന്നു.

ഗ്രന്ഥസൂചി

1. മനോജ് വെങ്ങോല, പൊറള്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2022.
2. മനോജ് വെങ്ങോല, പറയപ്പതി, യെസ് പ്രസ്സ് ബുക്സ്, പെരുമ്പാവൂർ, 2016.
3. രാജേഷ് ചിറപ്പാട് (എഡിറ്റർ), ദലിത് വർത്തമാനം, മൈത്രി ബുക്സ്, തിരുവനന്തപുരം, 2022
4. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
5. കെ. വി. ശശി, കീഴാളവിമർശം, മലയാളം സർവകലാശാല പ്രസിദ്ധീകരണം, തിരൂർ, 2019
6. കെ. കെ. കൊച്ച്, ദലിത് നേർക്കാഴ്ചകൾ, റെയ് വൻ പബ്ലിക്കേഷൻസ്, 2013

തന്മ, ശരീരം, കാമന മാധവിക്കുട്ടിയുടെ കഥകളിൽ

ഫാത്തിമ ആർ.വി.
ഗവേഷക, സാഹിത്യപഠനം
മലയാളസർവ്വകലാശാല, തിരൂർ
E-mail: fathimarv1981@gmail.com

സംഗ്രഹം

സമൂഹത്തിലെ ധാർമ്മിക കപടതകളെ തുറന്നുകാട്ടുന്ന രീതിയിലുള്ള രചനകളായിരുന്നു മാധവിക്കുട്ടിയുടേത്. ലൈംഗികതയെപ്പറ്റി ശരിയായ ധാരണയുള്ളവർ വളരെ വിരളമാണെന്നും, അതുള്ളവരിൽ ഏറിയ പങ്കും സ്ത്രീകളാണെന്നും, പുരുഷമേധാവിത്വവും അതിന്റെ സ്വാർത്ഥതയും ഈ അറിവിന്റെ ഒരംശംപോലും സ്വായത്തമാക്കാൻ സ്ത്രീയെ അനുവദിക്കുന്നില്ലെന്നുമുള്ള സമകാലിക യാഥാർത്ഥ്യത്തെ തന്റെ കഥകളിലൂടെയും ആത്മകഥാസ്പർശിയായ രചനകളിലൂടെയും അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ലൈംഗികതയെ, മാധവിക്കുട്ടിക്കത് ശരീരമർഹിക്കുന്ന ആനന്ദത്തിനുള്ള വഴിയായിട്ടാണ്. ദാമ്പത്യത്തിൽ പോലും ഈ വഴി അജ്ഞതയുടെയും ഭയത്തിന്റെയും പുരുഷസ്വാർത്ഥതയുടെയും സ്ഥിതിവിശേഷമായാണ് ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നത്. ഉച്ഛിഷ്ടം കഴിക്കുംപോലെ ഭാര്യാധർമം നിർവഹിക്കേണ്ടിവരുന്ന സ്ത്രീകളുടെ ഭർത്താക്കന്മാർക്ക് സ്നേഹമെന്തെന്നറിയില്ല. എന്റെ സ്നേഹത്തിനർഹനായ ഒരു പുരുഷനും ഭൂമിമലയാളത്തിലില്ല എന്നൊക്കെ അവർ പറയുമ്പോൾ സ്ത്രീപുരുഷലൈംഗികതയുടെ വ്യത്യാസങ്ങളെയും അവയെ സ്വരൂപിപ്പിക്കാനറിയുന്നവർക്ക് അനുഭവവേദ്യമായ ആനന്ദത്തെയുമാണ് മാധവിക്കുട്ടി സൂചിപ്പിക്കുന്നത്. മാധവിക്കുട്ടിയുടെ പട്ടങ്ങൾ, തരിശുനിലം, പാതിവ്രത്യം, ചതുരംഗം എന്നീ നാലു കഥകളാണ് ഇവിടെ പഠനത്തിന് ആധാരമായെടുത്തിരിക്കുന്നത്. സോഷ്യൽ ഫെമിനിസത്തിന്റെ രീതിശാസ്ത്രത്തിൽ ഊന്നിക്കൊണ്ടുള്ള രചനാസങ്കേതങ്ങളാണ് ഉപയോഗിക്കുന്നത്.

താക്കോൽവാക്കുകൾ: പെണ്മ, ഉടൽ, പ്രണയം, അധികാരം, സ്ത്രീവാദം, ലൈംഗികത

 ISSN: 2582 - 2594

ആമുഖം

മലയാളസാഹിത്യലോകത്തിനു പരിചിതമായ ഒരു സ്ത്രീസ്വത്വത്തെയല്ല മാധവിക്കുട്ടി അവതരിപ്പിച്ചത്. എന്നാൽ തീർത്തും അപരിചിതരുമല്ല അവർ, സ്വത്വത്തിന്റെ പലതരം പ്രതിനിധാനങ്ങളായവർ കഥകളിൽ നിറഞ്ഞുനിന്നു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും മൂല്യങ്ങളുടെയും ഇടങ്ങളിൽ അന്യവത്ക്കരിക്കപ്പെട്ടവരായി തങ്ങളെത്തന്നെ മനസ്സിലാക്കുമ്പോൾ ഈ അപരിചിതത്വം തീവ്രമാകുന്നു. അതേസമയം, വിദഗ്ധമായി, അതിസൂക്ഷ്മമായി സ്വന്തം കാമനകളെ, ഐന്ദ്രിയതകളെ, വിഭ്രമാത്മകതകളെ, സ്വപ്നാടനങ്ങളെ പോറ്റിവളർത്തുകയും ചെയ്യുന്നു. ഈ ദ്രുപ്രക്രിയകളും തന്നിൽത്തന്നെയുള്ള അപരത്തെയും ആത്മത്തെയും മൂല്യദൃഷ്ടിയിൽ നിരീക്ഷിക്കലും കാമനകളെ വളർത്തിയെടുക്കലും പരസ്പരവിരുദ്ധമായിത്തോന്നാം. എന്നാൽ അവ അബോധപൂർവ്വം മത്സരത്തോടെ പെരുകുന്ന ഒരു ആന്തരികലോകമാണ് മാധവിക്കുട്ടിയുടെ സ്ത്രീകൾക്കുള്ളത്. കനമേറിയ ഈ അകം ലോകത്തിന്റെ തീവ്രതയാണ് അവരെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തയാക്കുന്നത്. സ്വന്തം കാമനകളുടെ ഉൾത്തലങ്ങളിൽ നിറഞ്ഞുവീഴുകയും അതിനനുസരിച്ച് സ്വയംഭരണാധിഷ്ഠിതമായി തങ്ങളുടെ ജീവിതത്തെ നയിക്കുകയും ചെയ്യുകയാണിവർ. അവിടെ പുരുഷന്മാർ അപ്രസക്തവും അപ്രധാനികളുമാണ്. ‘കടൽമയൂരം’ എന്ന കൃതിയിലെ നായിക പ്രൊഫസർ രേണുകാദേവി, അവിവാഹിതയായ അവർ റിട്ടയർമെന്റ് ജീവിതം സാമൂഹികപ്രവർത്തനത്തിനായി നീക്കിവെച്ച ഒരാളാണ്. സ്ത്രീവിമോചനസമരസേനാനി എന്ന് കഥാകാരി അവരെ വിശേഷിപ്പിക്കുന്നു. എന്നാൽ കാമനകളെക്കുറിച്ചുള്ള അവരുടെ വൈരുദ്ധ്യം നിറഞ്ഞ പരാമർശങ്ങൾ നമ്മെ ചിരിപ്പിക്കുന്നു. വി.ജെ.ടി. ഹാളിൽ ഗാന്ധിയെപ്പറ്റി പ്രസംഗിച്ച അവർ തന്നെ വിദേശയാത്രയ്ക്കായി പട്ടുസാരികളും വിലകൂടിയ വസ്ത്രങ്ങളും ധരിക്കാൻ പുറപ്പെടുന്നതിനെ അനുജത്തിയുടെ മകൾ പരിഹസിക്കുന്നു. തുടർന്ന് വിദേശയാത്രയ്ക്കിടയിൽ പരിചയപ്പെട്ട കിംസുങ് എന്ന മലേഷ്യൻ യുവാവുമായുണ്ടായ ആകർഷണവും അടുപ്പവും രേണുകയെ വലയ്ക്കുന്നു. ഇതിൽനിന്നെല്ലാം തന്റെ ആദർശാഭിനയങ്ങളും സദാചാരസൂക്തങ്ങളും തൂങ്ങിക്കിടക്കുന്ന വെറും തോരണങ്ങൾ മാത്രമാണ് എന്നവർ തിരിച്ചറിയുന്നു. അവ തന്നെ ശക്തിമതിയാക്കുകയല്ല, മറിച്ച് ദുർബ്ബലയാക്കുകയാണുണ്ടായതെന്നവർ മനസ്സിലാക്കുന്നു. ഒടുവിൽ പ്രണയത്തിലും ശാരീരികാഭിലാഷങ്ങളിലും പെട്ട രേണുക കിംസുങ്ങിന്റെ ആഗ്രഹങ്ങൾക്ക് വഴങ്ങിക്കൊടുക്കുകയാണ്. രേണുക ഒരു പുതിയ അവതാരമായി മാറി എന്ന് മാധവിക്കുട്ടി എഴുതുന്നു. സ്നേഹത്തെക്കുറിച്ചും ശരീരത്തെക്കുറിച്ചുമുള്ള സ്വതന്ത്രഭാഷ്യം കിംസൂങ്ങിലൂടെ പുറത്തുവരുന്നുണ്ട്. ശരീരകാമനകളെ ലൈംഗികത, സർഗാത്മകത, സൗന്ദര്യാസ്വാദനം, അണിഞ്ഞൊരുങ്ങൽ ഇവയൊക്കെയുമായി ബന്ധപ്പെടുത്തി പുതിയൊരു പ്രത്യയശാസ്ത്രം ചമയ്ക്കുകയാണ് മാധവിക്കുട്ടി. എന്റെ കഥ, മീനാക്ഷിയുടെ മരണം, കല്യാണിയമ്മയുടെ ഒരു ദിവസം എന്നീ കഥകളിലുമൊക്കെയായി പരന്നുകിടക്കുന്നതും ഇതേ കാഴ്ചപ്പാടാണ്. സ്ത്രീശരീരത്തിനുമേൽ പടർന്നുകിടക്കുന്ന ലിഖിതവും അലിഖിതവുമായ ഒട്ടനേകം ശാസനകളെ അവർ കാമനകൾകൊണ്ട് തട്ടിത്തെറിപ്പിച്ചു. സ്വന്തം ശരീരത്തിനുമേൽ സ്ത്രീക്കുള്ള വിനിമയാധികാരം, ആവിഷ്കാരസ്വാതന്ത്ര്യം, മേധാവിത്വം അവൾ തന്നെ എന്നാണ് ഈ കൃതികളിലെല്ലാം പറയുന്നത്. തങ്ങളുടെ ഇച്ഛകൾക്കുമേൽ സ്ത്രീകൾ തേടുന്ന സ്വാതന്ത്ര്യം പുരുഷാധിപത്യഭാവനകളെയും അവയുടെ കുടിലമായ ഹിംസാത്മകതയെയും

തകർത്തതിനാലാണ് മാധവിക്കുട്ടി അനഭിമതയും വ്യഭിചാരിണിയുമായി മുദ്രകുത്തപ്പെട്ടത്. 'മാനസി'എന്ന കൃതിയിൽ സ്ത്രീപുരുഷബന്ധത്തിലെ ചൂതാട്ടസ്വഭാവം കാണിച്ചുതരുന്നു. വെറുക്കുമ്പോഴും ആകർഷിക്കപ്പെട്ടുപോകുന്നതിലെ വൈരുദ്ധ്യം ഈ സ്ത്രീ മനോഭാവങ്ങളിലുണ്ട്. 'രോഹിണി' എന്ന കൃതിയിലും സ്ത്രീയുടെ ഈ പ്രത്യേകമായ മനോനില കാണാവുന്നതാണ്. തന്നെ ബലാൽക്കാരമായി ആക്രമിച്ച് കീഴടക്കിയ പുരുഷന്റെ നേർക്ക് പ്രണയവും, ആവേശവുമാണ് തോന്നുന്നത്. പുരുഷനോടുള്ള ആഗ്രഹങ്ങൾ നിറഞ്ഞ സ്ത്രീകളാണ് മാധവിക്കുട്ടിയുടെ കൃതികളിലേറെയും. കാമനകളുടെ ഈ ലോകം തികച്ചും ഭിന്നവർഗലൈംഗികതയിൽ ഊന്നിയുള്ളതാണ്. അപ്രകാരം ധൈഷണികമായ സ്ത്രീപുരുഷ സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിക്കുന്ന, തൊട്ടാൽ തരിക്കുന്ന അനുഭൂതികളുടെ സ്പന്ദനങ്ങൾ ഓരോ വാക്കിലും സൂക്ഷ്മമായി അവർ നിറച്ചുവെച്ചു. മാധവിക്കുട്ടിയുടെ കഥകളിൽ, പുരുഷനെ കൂടാതെ വയ്യ എന്നു പറയുന്ന സ്ത്രീയും, സ്ത്രീയെ കൂടാതെ വയ്യ എന്നു പറയുന്ന പുരുഷനെയുമാണ് നാം കാണുക. അതേസമയം സ്ത്രൈണത എത്ര വ്യത്യസ്തമാണെന്നും നാം തിരിച്ചറിയുന്നു. യാന്ത്രികമായ സ്ത്രീപുരുഷതുല്യതയേക്കാൾ സ്ത്രീപക്ഷ അനന്യതയിലാണ് ഊന്നൽകൊടുത്തത്.

മാധവിക്കുട്ടിയുടെ 'തരിശുനിലം' എന്ന കഥയിലെ പുരുഷൻ തന്റേതായ സവിശേഷ സാഹചര്യത്തിൽ, ഉള്ളുതുറന്ന് അവളെ സ്നേഹിക്കാൻ കഴിയാത്ത ദുർബലനും നിസ്സഹായനുമാണ്. പുരുഷനെ കുറ്റപ്പെടുത്തുന്ന പുരുഷവർഗ്ഗത്തിൽ നിന്ന് വിമോചിതമാകാൻ ത്രസിക്കുന്ന സ്ത്രീയല്ല മാധവിക്കുട്ടിയുടെ സ്ത്രീ. അംഗീകൃതവും സ്ഥാപിതവുമായ മൂല്യങ്ങളും നടപടിക്രമങ്ങളും ചരിത്രത്തിന്റെ സംഭാവനയാണ്. ഈ നടപടിക്രമങ്ങളുടെ സാമൂഹ്യമര്യാദകളുടെ, സദാചാരത്തിന്റെ ബലിയാടുകളായിത്തീരുകയാണ് സ്ത്രീയും പുരുഷനും. ദാഹിച്ചിരുന്ന് അവൾ നേടിയത്, സ്നേഹിക്കാൻ ധൈര്യമില്ലാത്ത നിസ്സഹായനായ ഒരു പുരുഷന്റെ അകംപൊള്ളയായ ഇരുട്ടുമാത്രമായിത്തീരുന്നു. കരിങ്കല്ലുകളും ചെറിയ മണൽത്തിണ്ണകളും നിറഞ്ഞ ആശ്മശാനത്തിലൂടെ നടന്ന്, മൈതാനവും കടന്ന്, ചെറിയ മഞ്ഞവിളക്കുകൾ കത്തുന്ന ഒരു അങ്ങാടിക്കടുത്തുള്ള ബസ്സ് സ്റ്റോപ്പിലെത്തിയപ്പോൾ അവൾ ദാഹിക്കുന്ന കണ്ണുകളോടെ പിന്നോക്കം തിരിഞ്ഞുനോക്കി. പക്ഷേ, അകംപൊള്ളയായ ഒരു കൂരിരുട്ടുമാത്രമേ അവൾക്ക് കാണാൻ കഴിഞ്ഞുള്ളൂ. 'തരിശുനിലം' എന്ന കഥയുടെ അവസാനഭാഗത്തുള്ള ഈ വരികൾ സ്ത്രീയുടെ തൃഷ്ണയെയും പകരം അവർക്ക് ലഭിക്കുന്ന സ്നേഹശൂന്യതയെയും ശക്തമായി ദ്യോതിപ്പിക്കുന്നു. ദാഹിക്കുന്ന കണ്ണുകൾ എന്നത് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളുടെ സാമാന്യമായ ഒരു മാനസികാവസ്ഥയെ പ്രതിനിധാനം ചെയ്യുന്നു. ദാഹം തീവ്രമായ ആഗ്രഹമാണ്. നേടാനുള്ള സാധ്യത അകന്നുപോകുന്ന ചക്രവാളമായിത്തീരുമ്പോൾ ആഗ്രഹം ദാഹമായി പരിണമിക്കുന്നു. മാംസനിബന്ധമായ ഒരു വികാരമെന്നതിനേക്കാൾ മനസ്സിനെ അടക്കാൻ കഴിയാതെ ഒരു കുതിച്ചുചാട്ടമായാണ് ഈ ദാഹം അനുഭവപ്പെടുന്നത്. ശമനം അതീവ ദുഷ്പ്രാപ്യവും സ്നേഹം നിഷേധിക്കപ്പെട്ട ഒരു കഥാപാത്രമാണ് തരിശുനിലത്തിലെ 'അവൾ'. നാമരൂപങ്ങൾക്കതീതമായ, ദാഹാർത്തയായ സ്ത്രീത്വത്തിന്റെ ആവിഷ്കാരമായി അവളെ കാണണം. വിവാഹിതയായെന്നാലും അവൾ സ്നേഹിക്കപ്പെട്ടിട്ടില്ല എന്നത് അവളുടെ ദാഹത്തിന്റെ കാഠിന്യമാണ്. അവൾക്ക് സന്തോഷമുണ്ടോ എന്ന് ആരും അന്വേഷിച്ചിട്ടില്ല. അകത്തു നട്ടുവളർത്തിയ ഒരു ചെടിപോലെ അവളുടെ ഉള്ളിൽ വളർന്നുനിന്ന ഏകാന്തത പൂവിട്ടു, കായ്ച്ചു. രാത്രികളിൽ അന്യോന്യം മനസ്സിലാക്കുവാൻ മാത്രം കഴിവില്ലാത്തതുകൊണ്ട് ജീവിതത്തിൽ പരാജയപ്പെടുന്ന

ISSN: 2582 - 2594

മനുഷ്യജീവികൾ വീടുകളിലും തെരുവുകളിലും മറ്റും കിടന്ന് ഉറങ്ങുമ്പോൾ അല്ലെങ്കിൽ ദയനീയ ചില്ലറസുഖങ്ങൾക്ക് വേണ്ടി അന്യോന്യം ഉപയോഗപ്പെടുത്തുമ്പോൾ, അവൾ തന്റെ കിടക്കയിൽ കിടന്നു സ്വയം പരിശോധിക്കും. നനവില്ലാത്ത പശിമയില്ലാത്ത തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലം പോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം. സ്നേഹനിഷേധം മാനസികമായ അവഗണനയുടെ ഉപോത്പന്നമാകുകയാണിവിടെ. ഭർത്തൃമതിയായ അവൾ പഴയ കാമുകനുമൊത്ത് സായാഹ്നങ്ങൾ ചെലവിടുന്നത് അങ്ങനെ അപഥസഞ്ചാരമാകുന്നു. മാനസികമായും ശാരീരികമായും ഇങ്ങനെ അപഥസഞ്ചാരം ചെയ്യുന്നവരാണ് മാധവിക്കുട്ടിയുടെ സ്ത്രീകളധികവും. അതുകൊണ്ട് തന്നെ നിങ്ങൾ ഏത് വഴി സഞ്ചരിക്കണമെന്ന് സമുദായം തീരുമാനിക്കുന്നു. സമുദായത്തിന്റെ നീതിയിൽ നിന്നുള്ള വ്യതിചലനം അപഥസഞ്ചാരമായിട്ടാണിവിടെ കാണുന്നത്. നായികയുടെ സ്നേഹം അഴികളുള്ള ഒരു കൂടായിട്ടേ അയാൾ എന്നും കണക്കാക്കിയിട്ടുള്ളൂ. അവൾ ആലോചിച്ചു. അവരുടെ രണ്ടുപേരുടെയും ജീവിതത്തിലെ ഏറ്റവും മനോഹരങ്ങളായ ദിവസങ്ങളിൽക്കൂടിയും അയാൾ അവളുടെ മടിയിൽ തലചായ്ച്ചു വച്ചുകൊണ്ട് പറഞ്ഞിരുന്നു, ‘നീ എന്നെ സ്നേഹിക്കേണ്ടിയിരുന്നില്ല. എന്റെ കാലിന്മേൽ ഒരു ചങ്ങലയുള്ളതുപോലെ എനിക്ക് തോന്നുന്നു.’ അവളുടെ ആത്മാഭിമാനം മറ്റൊരിടത്ത് വീണ്ടും അയാളുടെ മുമ്പിൽ മുട്ടുകുത്തുകയായിരുന്നു. ‘എന്നെ വെറുത്തുതുടങ്ങിയോ ഒരിക്കൽ സ്നേഹിച്ചിരുന്നതുകൊണ്ട്’’ തനിക്ക് ഭ്രാന്താണ് എന്ന് പറയുന്ന നായകന്റെ സംഭാഷണം ഇവിടെ കാണാവുന്നതാണ്. ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ല എന്നുള്ള അയാളുടെ സംസാരം നിസ്സഹായതയോടെ കേൾക്കാനേ അവൾക്ക് കഴിയുന്നുള്ളൂ. ഇതിൽ നിന്നെല്ലാം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അഭിലഷിക്കുന്ന സ്ത്രീ, അവളുടെ ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ ആണ് ഈ കഥയിലൂടെ കാണാനാവുക.

‘പട്ടങ്ങൾ’ എന്ന കഥയിലെ നായിക ഉന്നതകുലജാതയും ധനികയും, വിവാഹിതയുമാണ്. താൻ മനസ്സിലാരാധിച്ചിരുന്ന ബാല്യകാല സുഹൃത്തായ വാസുവിനെ വീണ്ടും കാണുന്നതോടെ അവൾ അസുഖവും ദാഹവുമുള്ളവളായിത്തീരുന്നു. പ്രണയമാണ് അസുഖവും ദാഹവും ആയി കണക്കാക്കുന്നത്. കഥാപാത്രത്തിന്റെ ഇത്തരമൊരു അശാന്തമനസ്സിന്റെ പിന്നിലെ യാഥാർത്ഥ്യങ്ങൾ വാസു എന്ന കഥാപാത്രത്തിന്റെ വിചാരങ്ങളിലൂടെയാണ് നാമറിയുന്നത്. വിശുദ്ധപ്രണയം കാത്തുസൂക്ഷിച്ച രണ്ടുപേരുടെ കൂടിക്കാഴ്ചയിലൂടെയാണ് കഥ വികസിക്കുന്നത്. ഈ കൂടിക്കാഴ്ചയ്ക്കു മുൻപേ അവൾ വിവാഹിതയായിട്ടുണ്ട്. ആ ഭർത്താവാകട്ടെ അവളുടെ രക്ഷാകർത്താവുതന്നെയാണ്. അതുകൊണ്ടാണല്ലോ കഥയുടെ അവസാനം ഗേറ്റിനു മുന്നിൽ നിർത്തിയ വാസുവിന്റെ കാറിൽനിന്നിറങ്ങി അവൾ ഭർത്താവിന്റെ കൈകളിലേക്ക് ഓടിയണയുന്നതും സത്യത്തിൽ ഭർത്താവിനോടൊപ്പമുള്ള ബാഹ്യജീവിതവും ഒരുപോലെ ഭംഗിയാക്കുകയാണ് മാധവിക്കുട്ടിയുടെ കുടുംബിനികൾ. ഈ കഥാപാത്രത്തിനു തന്നെ വേണമെങ്കിൽ നഷ്ടസ്വപ്നങ്ങളും ജീവിതവ്യഥകളുമോർത്ത് ജീവിതം ഹോമിക്കാമായിരുന്നു. പക്ഷേ തന്റെ കഥാപാത്രങ്ങളുടെ അസുഖത്തിന്റെ ഔഷധം കൃത്യമായ ചേരുവയോടെ അസാമാന്യമായ രീതിയിൽ തുറന്നുകാട്ടി. ആ കഥാപാത്രങ്ങൾ പ്രസന്നതയോടെ തന്നെ ജീവിച്ചു വിജയിച്ചു. കഥകളിലൂടെ ആവിഷ്കരിച്ച മാധവിക്കുട്ടി തന്റെ സ്ത്രീകഥാപാത്രങ്ങൾക്ക് ആവോളം സ്വാതന്ത്ര്യം കൊടുത്തു. നായികയോട് വാസു കഴിഞ്ഞ പതിനഞ്ചുകൊല്ലങ്ങളെപ്പറ്റി പറയാനാവശ്യപ്പെടുന്ന

രംഗം നോക്കുക. "എനിക്കെന്താണ് പറയുവാനുള്ളത്, എനിക്ക് സുഖമില്ല എന്നോ? എന്റെ ഭർത്താവ് എന്നെ സ്നേഹിക്കുന്നു. എന്നിട്ടും ഒരു തേവിടിശ്ശിപ്പെണ്ണിനെപ്പോലെ ഞാൻ..." എന്നുള്ള സംഭാഷണങ്ങൾ ശ്രദ്ധേയമാണ്. ഇത്തരം അസംതൃപ്തമനസ്സുകളുടെ അപഥസഞ്ചാരം മാധവിക്കുട്ടി ആഘോഷിച്ചു എന്നുതന്നെയാണ് പരമാർത്ഥം. ഈ ധൈര്യം കാണിക്കാൻ ഇവർക്കേ കഴിഞ്ഞിരുന്നുള്ളൂ. സമൂഹത്തിലെ സദാചാര കാപട്യങ്ങളോടുള്ള വെല്ലുവിളി തന്നെ യായിരുന്നു അവരുടെ രചനകളിലധികവും. പുരുഷസാന്നിധ്യമില്ലാത്ത ഒരു ജീവിതസങ്കൽപ്പം മാധവിക്കുട്ടിക്കില്ലായിരുന്നു. അവരുടെ കഥകളെല്ലാം അതിനു സാക്ഷ്യങ്ങളാണ്. പ്രണയം ഒരവസ്ഥയാണ്, സാന്ദർഭികമായി ഉണരുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരവസ്ഥ. അവി വാഹിതരിലും വിവാഹിതരിലുമൊക്കെ അന്തർലീനമായിരിക്കുന്ന ഈ ഊർജപ്രവാഹത്തെ സമൂഹത്തിന്റെ പൊതുബോധം അംഗീകരിക്കാത്തിടത്തോളം കാലം അപഥസഞ്ചാരികളും ഇത്തരം കഥാപാത്രങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കും.

'ചതുരംഗം' എന്ന കഥയിൽ സൗമ്യമൂർത്തിയെന്ന വാർധക്യത്തിന്റെ ചുളിവുകൾ വീണുക ഴിഞ്ഞ പുരുഷനെ സ്നേഹിക്കുന്ന ആ സ്നേഹം ഒരു കൊട്ടുക്കുറപോലെ പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടുന്ന അചലയാണ് കഥയിലെ നായിക. സ്നേഹത്തെ മറക്കാൻ സിനിമാതിയേറ്ററി ലും നിരത്തിലും കടൽത്തീരത്തുമെല്ലാം അലഞ്ഞിട്ടും അത് ആത്മീയമായ ഒരു പിടച്ചിലായി അവളെ തകർക്കുന്നു. ആത്മഹത്യ ചെയ്യാൻ ഉറക്ക ഗുളികകൾ കയ്യിലെടുത്തിട്ട് ഉപയോഗി ക്കാതെ തിരിച്ചുവെയ്ക്കുന്നു. പരസ്പരതയുടെ ഉണർവും ആത്മീയമായ സ്വാതന്ത്ര്യവും നൽകിയ ബന്ധത്തെ ഉപേക്ഷിച്ച് 'ഈ ഏകാന്തതയോടാവട്ടെ നിന്റെ ഇനിയത്തെ അനുരാഗം' എന്ന് പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന അചലയിലാണ് കഥ അവസാനിക്കുന്നത്. കഥയുടെ ഉടലും ഉയിരും അനുരാഗമാണ്. ദഹിപ്പിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്ന അഗ്നിതുല്യമായ പ്രണയാ നുഭവമാണ് ഈ കഥയിൽ ആഖ്യാനം ചെയ്യാൻ ശ്രമിക്കുന്നത്. ഭർത്താവ്, കാമുകൻ എന്നീ ഇരുട്ടുവഴികളിലൂടെയാണ് അചലയുടെ വിവാഹപ്രണയവും വിവാഹബാഹ്യവും ക്രമീകരി ച്ചിരിക്കുന്നത്. ഭർത്താവ് സ്നേഹശൂന്യനോ ക്രൂരനോ അല്ല. കഥാപാത്ര നിർമ്മിതിയിലും ആഖ്യാനത്തിലും വിപരീത ധ്രുവങ്ങളിലേക്കുള്ള ഊഞ്ഞാലാട്ടങ്ങൾ കൊണ്ട് കർത്തൃത്വത്തെ സന്ദിഗ്ദ്ധമാക്കുന്ന രചനാകൗശലമാണ് ഈ കഥയെ ശ്രദ്ധേയമാക്കുന്നത്. അത് കുറേസമയം സ്വതന്ത്രമായ പ്രണയകാമനകളെ ഉപാസിക്കുന്നവരെയും വിവാഹമെന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിനെ നിഷ്കർഷിക്കുന്നവരെയും തൃപ്തിപ്പെടുത്തുന്നു. "ശരീരമാകുന്ന ഈ കൂട് വിട്ട് ഞാൻ അദ്ദേഹത്തിന്റെയുള്ളിൽ നിലനിൽക്കും, പിന്നെ കുറെ കൊല്ലങ്ങൾക്ക് ശേഷം അദ്ദേ ഹവും വെറുമൊരാത്മാവായിത്തീരുമ്പോൾ ഞങ്ങൾ രണ്ടുപേരുംകൂടി ഈ പഴയമരത്തിലേക്ക് പറന്നുവന്ന് ഇതിന്റെ ഭൗതികതയിൽ തൂങ്ങിക്കിടക്കും. ഇങ്ങനെ വിവാഹിതയായ സ്ത്രീയുടെ വിവാഹബാഹ്യമായ പ്രേമത്തെ ഭൗതിക ശരീരത്തിന്റെയും താൻ ജീവിക്കുന്ന കാലത്തിന്റെയും പരിസരത്തുനിന്ന് എടുത്തുമാറ്റി മരണാനന്തര ആത്മീയ ജീവിതമാക്കുന്നു. അതിഭൗതികതയു ടെയും ആത്മീയതയുടെയും ഭാഷയിലൂടെ പ്രണയത്തിന്റെ സങ്കീർണ്ണതകളെ സമാശ്വസിപ്പി ക്കാൻ ശ്രമിക്കുന്നു. വായനക്കാരുടെ പ്രണയകർത്തൃത്വപരമായ നിലപാടുകൾ ഒത്തുതീർപ്പിന്റെ മാർഗ്ഗങ്ങളായി തെളിഞ്ഞുവരികയാണിവിടെ ചെയ്യുന്നത്."

 ISSN: 2582 - 2594

'പാതിവ്രത്യം' എന്ന കഥയിൽ ദരിദ്രനും സുമുഖനുമായ ദിലീപ് സുന്ദരിയല്ലാത്ത വിദ്യാഭ്യാസം കുറഞ്ഞ ചെറിയ കിറുക്കുള്ള സമ്പന്നയായ ജമീന്ദാർ പെൺകുട്ടിയെ വിവാഹം കഴിച്ച് ആ കുടുംബത്തിന്റെ സഹായത്തോടെ ഇംഗ്ലണ്ടിൽ ഉപരിപഠനത്തിന് പോകുന്നു. അവിടെ വിദ്യാസമ്പന്നയും സുന്ദരിയുമായ ഒരു വിദേശവനിതയെ പ്രണയിച്ച് അവളൊന്നിച്ച് തിരിച്ച് വരുന്നു. ദിലീപും ഭാര്യയും കാമുകിയും അവരോടൊപ്പമുള്ള ഡ്രൈവർ, പരിചാരകർ, കൂട്ടുകാർ ഇവർ തമ്മിലുള്ള ബന്ധമാണ് ഈ കഥയുടെ ഇതിവൃത്തം. ദിലീപനെ ആശ്രയിച്ചാണ് ഭാര്യയുടെയും കാമുകിയുടെയും ജീവിതം. ഭാര്യയെയും തന്നെ സഹായിച്ച അവളുടെ കുടുംബത്തെയും ഓർത്ത് 'ജില്ല' എന്ന കാമുകിയുമായുള്ള ബന്ധം തുടങ്ങാതിരിക്കുകയോ ഒഴിവാക്കാനോ അയാൾക്ക് കഴിഞ്ഞില്ല. അയാൾ തന്നെ പറയുന്നതുപോലെ 'ജിൽ' ഇന്ത്യയിലേക്ക് വരുന്നത് ഒഴിവാക്കിയില്ല. ഭാര്യയെയും കാമുകിയെയും അവർ സ്നേഹിക്കാനാകാത്തതുപോലെ സ്നേഹിക്കാനായില്ല. എന്നാൽ തനിക്ക് സ്നേഹിക്കാനാകാത്ത ഭാര്യയെ ഉപേക്ഷിച്ച് കാമുകിക്കൊപ്പം സന്തോഷമായി ജീവിക്കാൻ തീരുമാനിക്കാനും അയാൾ തയ്യാറായില്ല. ഫ്യൂഡൽ സൗകര്യങ്ങളും ആധുനിക ജീവിതരീതിയെ ഒന്നിച്ച് എത്തിപ്പിടിക്കാനുള്ള ശ്രമത്തിൽ ഉണ്ടാകുന്ന ദുരന്തം ആണ് ഈ കഥ വ്യക്തമാക്കുന്നത്.

ഉപസംഹാരം

മാധവിക്കുട്ടിയുടെ ഈ കഥകളിലൂടെയെല്ലാം സ്ത്രീജീവിതത്തിന്റെ പരിമിതികളും മനസ്സിന്റെ ഉദാത്തതകളും പറയുന്നുണ്ട്. ഭർത്താവിനെ കിട്ടലാണ് ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം. അച്ഛനും സഹോദരനും, ഭർത്താവും മകനും അമ്മാവനുമൊക്കെ വിശാലമനസ്കരാകുന്നതോടെ അവരുടെ ജീവിതം വികസിക്കുന്നു. അവരുടെ മാനസിക സങ്കുചിതത്വം സ്ത്രീയുടെ ജീവിതം തന്നെ ചുരുക്കുന്നു. പക്ഷേ ഈ ഭൗതിക പരിമിതികൾക്കുള്ളിലും, വിഭ്രാന്തികൾക്കുള്ളിലും സ്ത്രീകൾ മാനസികമായി ധന്യരാകാറുണ്ടെന്നാണ് മാധവിക്കുട്ടി പറയുന്നത്. മാധവിക്കുട്ടിയുടെ ഓരോ സ്ത്രീയും പലപ്പോഴും തന്നോട് തന്നെ കലഹിക്കുന്നവരാണ്. സമൂഹത്തോടും സാഹചര്യങ്ങളോടും കലഹിക്കാൻ മാത്രം ശക്തരല്ല, അവരുടെ മനസ്സും ശരീരവുമെന്നാണ് കഥാകാരിയുടെ മതം. സ്ത്രീയുടെ ചരിത്രപരമായ അസ്വതന്ത്രതയ്ക്കും സ്ത്രീയെ വെറുമൊരു ലഹരിപദാർത്ഥം മാത്രമായിക്കാണുന്ന പുരുഷന്റെ നാട്യങ്ങൾക്കുമെതിരെ ചരിത്രത്തിനു മുഖാമുഖം നിന്നുകൊണ്ട് ഒരു സമരമല്ല ഈ കലാപം എന്നതാണ് മാധവിക്കുട്ടിയുടെ കഥകളുടെ ദൗർബല്യം. കഥകൾക്ക് സൗന്ദര്യത്തിന്റെ തലത്തിൽ മാറ്റുകൂട്ടുന്ന ഘടകമാണ് വ്യക്തിനിഷ്ഠമായ ഈ കലാപമെന്നത് ശ്രദ്ധേയമാണ്. പലപ്പോഴും ഉയർന്ന മധ്യവർഗത്തിന്റെ പൊങ്ങച്ചവും നാട്യങ്ങളും അകംപൊള്ളയായ ജീവിതശൈലിയും ഈ കഥകളിലെല്ലാം തുറന്നുകാട്ടുന്നു. സ്നേഹശൂന്യമായ നാട്യങ്ങളുടെയും വേഷപ്പകർച്ചകളുടെയും ലോകമാണ് നഗരത്തിലെ ഉയർന്ന മധ്യവർഗത്തിന്റെ ജീവിതമെന്ന് ഇവിടെ കണ്ടെത്താനാവും. മാധവിക്കുട്ടിയുടെ സ്ത്രീകളെല്ലാം അസംതൃപ്തരും സ്നേഹം നിഷേധിക്കപ്പെട്ടവരുമാണ്. സങ്കൽപ്പത്തിന്റെയും സ്വപ്നങ്ങളുടെയും ലോകത്തിൽ സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കുകയാണ് കലാപകാരികളായ ഈ സ്ത്രീകളെല്ലാം. എന്നിട്ട് നേടുന്നത് അകംപൊള്ളയായ ഇരുട്ടുമാത്രവും. സ്നേഹം

ഒരു പ്രശ്നവും പ്രശ്നപരിഹാരവുമായിത്തീരുന്നു. സ്ത്രീയുടെ സാമൂഹികമായ നിലപാടുകൾ അവളുടെ സ്ഥാനം, ചരിത്രത്തിലും നിർമ്മിതിയിലും അനുഭവത്തിലും സ്ത്രീക്കുള്ള പങ്ക്, സമകാലീന പരിതസ്ഥിതികളിലെ സ്ത്രീയുടെ സാമൂഹിക പദവി എന്നിങ്ങനെയുള്ള ഒട്ടേറെ പ്രശ്നങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്.

സഹായക ഗ്രന്ഥങ്ങൾ

1. വാസുദേവൻ നായർ കളർകോട് (എഡി), 2010, തരിശുനിലത്തിന്റെ കഥകൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
2. ഡോ. മിനിപ്രസാദ് (എഡി), 2011, മാധവിക്കുട്ടിക്കഥകൾ ഒരു പെൺവായന, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. രാജീവ് കുമാർ, എം. (എഡി), 2011, മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം, കാലം പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. മാധവിക്കുട്ടി (എഡി), 1998, മാധവിക്കുട്ടിയുടെ പ്രേമകഥകൾ, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. രാമകൃഷ്ണൻ, ഇ.വി. (എഡി), 2011 മാധവിക്കുട്ടി പഠനങ്ങളും രചനകളും, ഡി.സി. ബുക്സ്, കോട്ടയം.
6. Kate Millett (ed), 1970, Sexual Politics, Double day Publications, New York.

ISSN: 2582 - 2594

പുറംചട്ടവത്കരണങ്ങളും പുസ്തകവും: ആവിഷ്കാരവും നിരാസവും

നബക്കോവിന്റെ 'ലോലിത' എന്ന നോവലിന്റെ പുറംചട്ടകളെ മുൻനിർത്തിയുള്ള പഠനം

ജിൽഷ പി.
ഗവേഷക,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല,
തിരൂർ.
Email: jilshasudheesh@gmail.com

സംഗ്രഹം

പുസ്തകങ്ങളുടെ ഭൗതികമായ ആവരണം എന്നതിനപ്പുറം പുറംചട്ടകൾക്ക് പ്രസക്തിയുണ്ട്. ആദ്യ കാഴ്ചയിലെ പ്രഭാവം അനുവാചകരിൽ ഉണ്ടാക്കുന്നത് പുറംചട്ടകളാണ്. അതുകൊണ്ടുതന്നെ പുസ്തകത്തിന്റെ ആദ്യ ആസ്വാദനമായി പുറംചട്ടകൾ മാറുന്നു. പ്രസിദ്ധീകരണം മുതലുള്ള പുസ്തകത്തിന്റെ വായനാജീവിതവും, ഭാവുകത്വവും, മറ്റു മാധ്യമങ്ങളിലേക്കുള്ള ആവിഷ്കാരവും പുറംചട്ടകളെ സ്വാധീനിക്കുന്നു. ഓരോ പതിപ്പിലെയും പുറംചട്ടകളിലും പല അർത്ഥതലങ്ങളാണ്. പുസ്തകത്തിന്റെ ഉള്ളടക്കം മാറ്റമില്ലാതെ തുടരുമ്പോഴും പുസ്തക ജീവിതത്തിന്റെ ജനിതകത്തെ പുറംചട്ട ഉൾക്കൊള്ളുന്നു. വ്‌ളാഡിമിർ നബക്കോവിന്റെ ലോലിതയുടെ ആഖ്യാനത്തിലെ പ്രത്യേകതകളെയും പുറംചട്ടകളെയും വിശകലനം ചെയ്യാനാണ് പ്രബന്ധം ശ്രമിക്കുന്നത്.

താക്കോൽവാക്കുകൾ : ആഖ്യാനം, നരേഷണൽ ഫാലസി, പുറംചട്ട, പുറംചട്ടവൽക്കരണം.

ഒരു ഹീബ്ഫയലിന്റെ ഡയറി എന്ന നിലയിൽ ജുഗുപ്‌സാവഹമായിരിക്കുകയും ഭാവതീവ്രമായ ബോധധാരാഖ്യാനത്തിന്റെ മികവുകൊണ്ട് ആസ്വാദ്യകരമാവുകയും ചെയ്യുന്ന- തികച്ചും ഫാലസി എന്ന് വിളിക്കാവുന്ന- വായനാനുഭവം തരുന്ന നോവലാണ് വ്ലാഡിമിർ നബക്കോവിന്റെ 'ലോലിത'. 1955ൽ പാരീസിലെ ഒളിമ്പ്യ പ്രസ്സാണ് നോവൽ പ്രസിദ്ധീകരിച്ചത്. സൈമൺ ആൻഡ് സ്യൂസ്ച്ചർ അടക്കം അമേരിക്കയിലെ ആറോളം പ്രസാധകരുടെ നിരാകരണത്തെ തുടർന്നാണ് നോവൽ ഫ്രാൻസിൽ പ്രസിദ്ധീകരിക്കുന്നത്. ഇറോട്ടിക് വിഭാഗത്തിൽപ്പെടുത്താവുന്ന പുസ്തകങ്ങൾ ധാരാളം പ്രസിദ്ധീകരിച്ചിരുന്ന ഒളിമ്പ്യപ്രസ്സ് വഴി പുറത്തുവരുന്നതിലൂടെ

'ലോലിത' അതിന്റെ ആസൂത്രിതാഖ്യാനത്തിൽ നിന്നും മാറി ഇറോട്ടിക് സാഹിത്യത്തിന്റെ ധാരയിലേക്ക് ആരൂഢവൽക്കരിക്കപ്പെട്ടു. പുസ്തകജീവിതത്തിൽ പ്രസാധനചരിത്രത്തിന് വളരെ പ്രാധാന്യമുണ്ട്. ആദ്യവാചകത്തിൽ പറഞ്ഞ ഫാലസി പ്രസാധനത്തിലൂടെയും നോവലിൽ കടന്നുകൂടിയിട്ടുണ്ട്. പുസ്തകം എന്ന ഭൗതികരൂപത്തിന്റെ പിറവി ഇറോട്ടിക് പ്രസാധനസ്ഥാപനത്തിലൂടെ ആയത്, നോവലിന്റെ ഉള്ളടക്കം രതിജനകമാണെന്ന് തെറ്റിദ്ധരിക്കപ്പെടാൻ കാരണമായി. നബക്കോവ് മുന്നോട്ടുവച്ച നരേഷനൽ ഫാലസി അഥവാ ആഖ്യാനപരമായ മതിഭ്രമം തീർത്തും തെറ്റായ രീതിയിൽ ആവിഷ്കൃതമാവുന്ന സന്ദർഭമായി ഈ പ്രസാധനം മാറി.

കൗമാരക്കാരായ പെൺകുട്ടികളോട് ലൈംഗികതാൽപര്യമുള്ള ഹമ്പർട്ട് ഹമ്പർട്ട് എന്ന മധ്യവയസ്കനായ പ്രൊഫസ്സറുടെ ബോധധാരാഖ്യാനമാണ് ഈ നോവൽ. കൗമാരപ്രായത്തിൽ ഹമ്പർട്ട് ഹമ്പർട്ടിന് അനബെല്ല ലീ എന്ന പെൺകുട്ടിയോട് പ്രണയം തോന്നുന്നു. ഇവരുടെ പ്രണയം ലൈംഗികമായി അപൂർണമായിരുന്നു. രണ്ടു മാസത്തിനുള്ളിൽ ലീ മരണപ്പെടുകയും ചെയ്യുന്നു. ഈ സംഭവമാണ് തന്റെ ഹീബ്ഫയൽ പ്രകൃതത്തിന്റെ ന്യായീകരണമായി ആഖ്യാതാവ് മുന്നോട്ടുവയ്ക്കുന്നത്. അനബെല്ലിനോടുള്ള ലൈംഗിക അപൂർത്തി പിന്നീട് എല്ലാകാലത്തേക്കും അയാളിൽ കൗമാരക്കാരായ കുട്ടികളിൽ അഭിനിവേശമുണ്ടാക്കുന്നു. ഇത്തരം പെൺകുട്ടികളെ ഹമ്പർട്ട് 'നിംഫറ്റ്/nymphet' അഥവാ അപ്സരകന്യക (സിസ്ഡു ഷെല്ലിയുടെ മലയാള പരിഭാഷയിൽ) എന്നുവിളിക്കുന്നു.

"ഈ സ്വഭാവമാകട്ടെ മാനുഷികം അല്ല സ്വർഗീയമാണ് അഥവാ പൈശാചികം. തെരഞ്ഞെടുക്കപ്പെട്ട ഈ വിശിഷ്ട ജന്മങ്ങൾക്ക് അനാഘ്രാതകുസുമങ്ങളായ എന്റെ അപ്സരകന്യകമാർ എന്ന് ഞാൻ നാമനിർദ്ദേശം ചെയ്യുന്നു."[1] (their true nature which is not human but nymphic (that is demoniac); and these chosen creatures I proposed to designate as 'nymphets').

തനിക്ക് ലൈംഗികാഭിനിവേശം തോന്നുന്ന പെൺകുട്ടികൾ മാത്രമാണ് (ഒരുപക്ഷേ അനബെല്ല ലീയോട് സാമ്യമുള്ളവർ) നിംഫറ്റുകൾ. ഇവരെ കണ്ട മാത്രയിൽ തനിക്ക് തിരിച്ചറിയാൻ സാധിക്കും എന്നയാൾ കരുതുന്നു. രാംസ്ഡേൽ എന്ന ചെറിയ പട്ടണത്തിൽ താമസിക്കാൻ എത്തുന്ന ഹമ്പർട്ടിന് തന്റെ വാടകവീടിന്റെ ഉടമസ്ഥയായ ഷാർലെറ്റ് ഹേസിന്റെ മകളായ ഡൊളോറസ് ഹേസിൽ ഈ അപ്സരപ്രകൃതം അതിശക്തമായി അനുഭവപ്പെടുന്നു. ഈ താല്പര്യം കൊണ്ട് അയാൾ ഡോളോറസിനെ തന്റെ ലൈംഗികാഭിനിവേശത്തിന്റെ അതിരുകൾക്കകത്ത് 'ലോലിത' എന്ന് നാമകരണം ചെയ്യുന്നു. ലോലിതയെ സ്വന്തമാക്കാനുള്ള എളുപ്പവഴി എന്ന നിലയിൽ ഷാർലറ്റിന്റെ വിവാഹാഭ്യർത്ഥന അയാൾ സ്വീകരിക്കുന്നു. തന്നെ അപമാനിക്കുകയും ലോലിതയോടുള്ള അഭിനിവേശം രേഖപ്പെടുത്തുകയും ചെയ്ത ഡയറി കണ്ടെടുത്ത ഷാർലറ്റ് അതിനെക്കുറിച്ച് തന്റെ സുഹൃത്തുക്കളെയും ഡൊളോറസിനെയും അറിയിക്കാൻ എഴുതിയ കത്തുകൾ പോസ്റ്റ് ചെയ്യാൻ പോകുന്ന വഴിയുണ്ടായ കാറപകടത്തിൽ കൊല്ലപ്പെടുന്നു. അതോടെ അനാഥയായ ഡൊളോറസിന്റെ സമ്പൂർണ്ണ സംരക്ഷണം ആഖ്യാതാവിന് സ്വന്തമാകുന്നു. പിന്നീടങ്ങോട്ട് ലൈംഗികപൂർത്തിക്ക് മാത്രമായി അവളെ ഉപയോഗിക്കുകയും അവളുടെ ജീവിതത്തെ പരിപൂർണ്ണമായും അയാളുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഡൊളോറസിന്റെ തട്ടിക്കൊണ്ടുപോകലിന്റേയും തടവിലാക്കലിന്റേയും തുടരെയുള്ള ബലാൽക്കാരങ്ങളുടെയും വിവരണമാണ് ഈ പുസ്തകം. എനാൽ കാമവി

 ISSN: 2582 - 2594

വശനായ പ്രണയിതാവിന്റെ ഭാഷ സ്വീകരിച്ചുകൊണ്ട് ഈ കുറ്റകൃത്യത്തെ ആഖ്യാനത്തിൽ മറച്ചുപിടിക്കുന്നു. ആഖ്യാതാവിനെ അവിശ്വസിക്കുക എന്നതാണ് വായനയിലേർപ്പെടുന്നവർ പ്രാഥമികമായി ചെയ്യേണ്ടത്. ഭാഷയെ കാവ്യാത്മകമാക്കിക്കൊണ്ടും ഉള്ളടക്കത്തെ ഭാവതീവ്രമാക്കിക്കൊണ്ടും എഴുത്താൾ ആഖ്യാനപരമായ മതിഭ്രമം സൃഷ്ടിക്കുകയാണ്. നോവലിന്റെ ശീർഷകം 'ലോലിത' എന്നായിരിക്കുന്നതിൽ മുതൽ നബക്കോവ് തന്റെ ആഖ്യാനപരമായ തെറ്റിദ്ധരിപ്പിക്കൽ ആരംഭിക്കുന്നുണ്ട്. അക്ഷരാർത്ഥത്തിൽ നോവലിൽ ഏറ്റവും കുറവുള്ളതും നമ്മൾകണ്ടെടുക്കേണ്ടതും ഡൊളോറസിനെയാണ്.

ലോകത്തിലെ ഏറ്റവും മികച്ച 100 നോവലുകളിലൊന്നായി കരുതപ്പെടുന്ന ലോലിത നിരവധി ഭാഷകളിൽ പ്രസാധനം ചെയ്തിട്ടുണ്ട്. നോവലിനുണ്ടായ അനേകം പുറംചട്ടകളിൽ മിക്കതും ഡൊളോറസിനെ അവഗണിച്ചുകൊണ്ട് ഹമ്പർട്ട് നമ്മൾക്ക് കാണിച്ചുതരുന്ന ലോലിതയെയാണ് പുറംചട്ടവൽക്കരിച്ചിരിക്കുന്നത്. അതായത് എഴുത്താളൊരുക്കിയ ആഖ്യാനപരമായ മതിഭ്രമത്തിൽ അകപ്പെട്ടുപോയ പുറംചട്ടകളാണ് നോവലിന് അധികവും ഉണ്ടായിരിക്കുന്നത്.

ലോലിതയും ജനപ്രിയസംസ്കാരവും

1962ൽ സ്റ്റാൻലിക് കുബ്രിക് നോവലിന് അടിസ്ഥാനമാക്കി നിർമ്മിച്ച സിനിമയാണ് ലോലിതയെ അടിസ്ഥാനമാക്കിയുള്ള തെറ്റായ ഇടപെടലുകളുടെ കാരണമെന്ന് ജോൺ ബെർത്രാമം യൂറി ലീഗ് എന്നിവർ നിരീക്ഷിക്കുന്നുണ്ട്. "ലോലിതയുടെ ഭ്രാന്തമാംവിധം മായാത്ത ബിംബം സൃഷ്ടിച്ച 1962 ലെ കുബ്രികിന്റെ സിനിമയാണ് ഇത്തരം ഇടപെടലുകളുടെ പ്രാഥമിക ഉറവിടമെന്ന് വാദിക്കാവുന്നതാണ്." എലൻ പിഫർ പറയുന്ന "നബക്കോവിന്റെ നോവലിന്റെയും അതിലെ കഥാപാത്രങ്ങളുടെയും കറതീർത്ത അബദ്ധ പ്രതിനിധാനമാണ് സിനിമ."



ചിത്രം 1

നോവലിന്റെ പേജുകളിൽ ചിത്രീകരിച്ച കുട്ടിയുടെ പ്രകൃതത്തെ വ്യാജമായി അവതരിപ്പിച്ചത്കൂടാതെ, ഹംബർട്ട് ഹമ്പർട്ട് അവളുടെ ജീവിതം തകർത്തതിനെ നിരാകരിക്കുകയും ചെയ്യുന്നു."[2]

ഹമ്പർട്ടിന്റെ നോട്ടപ്പാടിലുള്ള ലൈംഗികാഭിനിവേശമുണ്ടാക്കുന്ന നിംഫെറ്റായാണ് സിനിമയിൽ ലോലിതയെ ചിത്രീകരിച്ചിരിക്കുന്നത്. ജനപ്രിയമാധ്യമം എന്ന നിലയിൽ സിനിമയ്ക്ക് സമൂഹത്തിലുള്ള സ്വീകാര്യതകൊണ്ട് ആഖ്യാനത്തിലേതിനേക്കാൾ സിനിമയിലെ ലോലിതയാണ് പ്രശസ്തയായത്. അതോടെ നോവൽ എന്ന നിലയിലെ ലോലിതയുടെ ഏറ്റവും വൈഷണികമായ സവിശേഷതയായ 'ആഖ്യാനപരമായ തെറ്റിദ്ധരിപ്പിക്കൽ' പരാജയപ്പെട്ടു. സിനിമയിലെ ചില ദൃശ്യബിംബങ്ങളെ മുൻനിർത്തിയും, ലോലിതയുടെ കഥാപാത്രം ചെയ്ത നായികയെ പുറംചട്ടവൽക്കരിച്ചും, നായികയോട് സാമ്യമുള്ള സ്ത്രീകളെ ചിത്രവൽക്കരിച്ചും ധാരാളം പുറംചട്ടകളുണ്ടായി. ഇതിൽ ഹൃദയാകൃതിയിലുള്ള കണ്ണട അണിഞ്ഞ സ്ത്രീ സിനിമയിലെ പ്രധാന ദൃശ്യ ബിംബങ്ങളിലൊന്നായിരുന്നു. ഈ കണ്ണട പിന്നീട് ജനപ്രിയ സംസ്കാരത്തിലെ ബിംബങ്ങളിലൊന്നായി മാറി. "ലൈംഗികതയിലേർപ്പെടാൻ തയ്യാറുള്ള പെൺകുട്ടിയുടെ സൂചകമായി സ്യൂ ലിയോന്റെ ഹൃദയാകൃതിയിലുള്ള കണ്ണട മാറി. ടെലിവിഷൻ പരിപാടികളും, സിനിമകളിലും മാസികകളിലും, പ്രധാനമായും പരസ്യങ്ങളിലും ഇത്തരം ചിത്രങ്ങൾ പ്രത്യക്ഷപ്പെട്ടു."[3]



ചിത്രം 2

ലോലിതയും ആദ്യപുറംചട്ടയും

"എനിക്ക് തെളിഞ്ഞ നിറങ്ങളും, ചാറുന്ന മേഘങ്ങളും, കൃത്യമായ വിശദാംശങ്ങളും, പുറകിലേക്ക് നീളുന്ന മഴയൊഴിഞ്ഞ വഴിയിൽ ചാലുകളിലും ചരിവുകളിലുമായി പ്രകാശം പ്രതിഫലിപ്പിക്കുന്ന തീക്ഷ്ണ സൂര്യനെയും വേണം. പെൺകുട്ടികൾ വേണ്ട."[4] ലോലിതയുടെ കവറിനെ കുറിച്ച് നബക്കോവിനുള്ള ഈ ആശയം 'ലോലിതാ സ്റ്റോറി ഓഫ് എ കവർഗേൾ' എന്ന പുസ്തകത്തിന്റെ പുറംചട്ടയായി ആലേഖനം ചെയ്തിട്ടുണ്ട്. എന്നാൽ എഴുത്താൾ വിഭാവനം ചെയ്ത രീതിയിൽ ഒരു പുറംചട്ട പോലും നോവലിന്റേതായില്ല. ആദ്യ പ്രസാധനമായ ഒളിമ്പ്യ പ്രസിന്റേത് ചിത്രങ്ങൾ ഒന്നുമില്ലാതെ പച്ചയിൽ കറുപ്പ് നിറത്തിൽ ലോലിത എന്നെഴുതിയ പുറംചട്ടയാണ്. ഈ മോണോക്രോം രീതി ഹമ്പർട്ടിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ആഖ്യാന

ISSN: 2582 - 2594



ചിത്രം 3

ത്തിന്റെ ഒറ്റധാരയിലേക്ക് സൂചന നൽകുന്നുണ്ട്. ശീർഷകത്തിന് ചുറ്റും വെളുത്ത നിറത്തിൽ ചതുരാകൃതി വരച്ചിരിക്കുന്നു. അതിന് ചുറ്റും ഇരുമ്പുവേലി പോലെ കറുത്ത അലങ്കാര പണി നടത്തിയിരിക്കുന്നു. ലോലിതയുടെ തടവിലാക്കപ്പെടലിന്റെ സൂചനയായി ഇതിനെ വ്യാഖ്യാനിക്കാം. ജനപ്രിയ സംസ്കാരത്തിൽനിന്ന് സൂചനയുൾക്കൊണ്ട് പിന്നീട് നിലവിൽ വന്ന പുറംചട്ടകളെക്കാൾ അർത്ഥവത്തായിരുന്നു ഇത്.

മലയാളത്തിലെ ലോലിതാചട്ടയും കാലുകളും

നോവലിൽ ഒന്നിൽ കൂടുതൽ സന്ദർഭങ്ങളിൽ ലോലിതയുമായുള്ള രതിവേഴ്ച്ചയെ കുറിച്ചുള്ള പരാമർശങ്ങളുണ്ട്. വളരെ സ്വാഭാവികം എന്ന രീതിയിലാണ് ഈ പരാമർശങ്ങളെല്ലാം തന്നെ. എന്നാൽ പതിനാറാമത്തെ അധ്യായത്തിന്റെ അവസാനഭാഗത്തായി ഹമ്പർട്ടിൽ നിന്ന് നോക്കുമ്പോൾ 'അതിലോലമായ സുഗന്ധത്തിലൂടെയുള്ള യാത്രയായും', മറ്റേതു കോണിൽ നിന്ന് നോക്കിയാലും ബലാൽക്കാരമായും ഉറപ്പിക്കാവുന്ന സന്ദർഭമുണ്ട്. രതിയും ബലാത്കാരവും തമ്മിലെ ഇത്തരം തെറ്റിദ്ധരിപ്പിക്കൽ സന്ദർഭങ്ങളെയാണ് മലയാളത്തിൽ ലോലിതയുടെതായ ഏകപുറംചട്ട ദ്യോതിപ്പിക്കുന്നത്. ഡി. സി. ബുക്സിന് വേണ്ടി അരുൺ ഗോകുൽ രൂപകല്പന ചെയ്ത പുറംചട്ടയിൽ ഒരു പെൺകുട്ടിയുടെ ഷൂസ് ഇട്ട കാലുകളും മുട്ടിലൂന്നിയിരിക്കുന്ന കൈകളും പിന്നിലെ തുടകളും കാലുകൾ വച്ച കറുത്ത പ്രതലവും ദൃശ്യമാണ്. ലോലിതയുടെ രൂപത്തിന്റെ സൂചകങ്ങൾ ആവിഷ്കരിക്കുന്ന ധാരാളം പുറംചട്ടകളിൽ ഒന്നാണ് ഡിസി ബുക്സിന്റേതും. എന്നാൽ സൂക്ഷ്മദൃഷ്ടിയിൽ വിരലിന്റെ തെരുപ്പിടിക്കൽ കൊണ്ടും ദൃശ്യത്തിലെ ഇരുളിമ കൊണ്ടും നിർവചിക്കാനാവാത്ത അസ്വസ്ഥത ഈ പുറംചട്ട പ്രദാനംചെയ്യുന്നു. പെൺകുട്ടി കാലുകൾ വച്ചിരിക്കുന്ന പ്രതലത്തിൽ പ്രകാശവിന്യാസം കൊണ്ട് ഉണ്ടാക്കുന്ന പരുപരുപ്പും ഇരുളും, അസുരക്ഷിതവും അസന്തുഷ്ടവുമായ ഭാവം സൃഷ്ടിക്കു



ന്നു. കാലുകൾ ചേർത്തുവെച്ച് കൈകൾ തെരുപിടിപ്പിച്ചുകൊണ്ടുള്ള ഇരിപ്പ് പരിഭ്രമമോ ഭീതിയോ ആയി വായിച്ചെടുക്കാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ ആദ്യ കാഴ്ച്ചയിലെ ലോലിതയിൽ നിന്ന് രണ്ടാം കാഴ്ചയിൽ ഡൊളോറസിലേക്ക് എത്തുന്നു. ലോലിതയുടെ ഫോണ്ട് ലിപ്സ്റ്റിക്ക് കൊണ്ട് കോറിവരച്ചത് പോലെയാണുള്ളത്. പാഠത്തിനകത്ത് ലിപ്സ്റ്റിക് കൊണ്ട് ലോലിത ഉച്ചരിക്കാനാവാത്ത തെറിവാക്ക് എഴുതിവയ്ക്കുന്ന സന്ദർഭമുണ്ട്. അതുപോലെ അശ്ലീലമാണ് ഹമ്പർട്ടിനുള്ളിലെ ലോലിതയും. ശ്ലീലമായതും വീണ്ടെടുക്കേണ്ടതും ഡൊളോറസിനെയാണ്. എന്നാൽ പുറംചട്ടവായനയിൽ നിന്ന് തീർത്തും കടകവിരുദ്ധമാണ് ബ്ലർബിലെ വിവരണം. "കവിയും ഭോഗതൃഷ്ണക്ക് അടിപ്പെട്ടവനുമായ മധ്യവയസ്കന് ഒരു 12കാരി പെൺകുട്ടിയിൽ ഉണ്ടാകുന്ന അഭിനിവേശമാണ് ഈ നോവലിൽ ചിത്രീകരിക്കുന്നത്. തീവ്രമായ പ്രണയത്തിന്റെയും അദമ്യമായ രതിയുടെയും കാണാപ്പുറങ്ങളിലേക്ക് അനുവാചകരെ നയിക്കുന്ന വിഖ്യാതരചന" എന്നാണ് ബ്ലർബിലെ വിവരണം. ലോലിതയിൽ ആദ്യാവസാനമില്ലാത്തത് പ്രണയം മാത്രമാണ്. ഭോഗതൃഷ്ണയ്ക്ക് അടിപ്പെട്ടവനായ മധ്യവയസ്കന് പെൺകുട്ടിയിലുണ്ടാവുന്ന അപകടകരവും കുറ്റകരവുമായ ലൈംഗികാഭിനിവേശത്തിന്റെ പുസ്തകമാണിത്. ഈ അഭിനിവേശത്തിന്റെ അടരുകളിൽ നിന്ന് കൗമാരവും ജീവിതവും നഷ്ടപ്പെട്ട ഡൊളോറസിനെ കണ്ടെടുക്കുക എന്നതാണ് നോവലിസ്റ്റിന്റെ കാവ്യോദ്ദേശ്യം. നോവലിന്റെ ദർശനം പെൺകുട്ടിയുടെ ജീവിതത്തിന്മേലാണ്. ഹമ്പർട്ടിന്റെ ആസക്തിമേലല്ല. മലയാളത്തിലെ ലോലിതാപുറംചട്ടയ്ക്ക് സമാനമായതാണ് 1997ൽ മെഗ്സൻ വിൽസന്റെ രൂപകൽപ്പന. കാഴ്ചയിൽ രതിജനകം എന്ന് തോന്നിക്കുകയും രണ്ടാമത് അസ്വസ്ഥമായ നിലയിലെ പെൺകുട്ടി ദൃശ്യമാവുകയും ചെയ്യുന്നു. "കാൽമുട്ടുകളുടെ ചേർത്തുവയ്ക്കൽ സ്വയം പ്രതിരോധിക്കാൻ വേണ്ടി ആവുന്നു. ആദ്യ കാഴ്ച്ചയിലെ 'ഇങ്ങോട്ട് വരൂ'എന്ന സ്വാഗത ഭാഷണം, രണ്ടാം കാഴ്ചയിൽ 'ചെയ്യരുത്' എന്ന അപേക്ഷയായി പരിണമിക്കുന്നു"[5].



ലോലിതയുടെ കാലുകളെ പാദരതിജനകത്വത്തിന്റെ (foot fetishism) ചിഹ്നങ്ങൾ ആയും പുറംചട്ടവൽക്കരിച്ചിട്ടുണ്ടെന്ന വൈരുദ്ധ്യം കൂടിയുണ്ട്. അമേരിക്കൻ ലോലിതാസംസ്കാരത്തിൽ കാലുകളും ചുണ്ടുകളും പ്രധാനപ്പെട്ട രണ്ട് ബിംബങ്ങളായിരുന്നു. നോവലിലെ ആഖ്യാനത്തിലും പലയിടത്തായി ഈ രണ്ടു ബിംബങ്ങളെ ആവർത്തിച്ചുപയോഗിച്ചിട്ടുണ്ട്.

ഭാഷയും പുറംചട്ടകളും

നോവലിലെ വാചകങ്ങളെ അതേപടി പുറംചട്ടവൽക്കരിച്ചിരിക്കുന്ന സവിശേഷതയും ലോലിതയ്ക്ക് ഉണ്ട്. നോവലിന്റെ ആഖ്യാനത്തിലെ കേന്ദ്രത്തെ തിരിച്ചറിഞ്ഞുകൊണ്ട് ഏറ്റവും പ്രസക്തമായ പുറംചട്ട രൂപകൽപ്പന ചെയ്തത് ജെയ്മി കീനനാണ്. "oh my Lolita, I only have words to play with". നോവൽ മുന്നോട്ട് വയ്ക്കുന്ന നരേഷണൽ ഫാലസിയെ തിരിച്ചറിഞ്ഞുകൊണ്ടുള്ള വാചകമാണിത്. കറുത്ത പിൻനിറത്തിൽ ചെയ്തിരിക്കുന്ന ടൈപ്പോഗ്രഫിയിൽ ലോലിത എന്ന വാക്കു മാത്രം വെളുത്തിരിക്കുന്നു. ബാക്കിയുള്ള വാക്കുകൾ മങ്ങിയ നിലയിലാണ്. ആഖ്യാന

ISSN: 2582 - 2594





ത്തിൽ തെളിയുന്നത് ലോലിത മാത്രമാണ് എന്നതിന്റെ സൂചകമാണത്. മറ്റെല്ലാത്തിനെയും വാക്കുകൾ കൊണ്ടുള്ള കേളികൊണ്ട് മറച്ചുവച്ചിരിക്കുന്നു.

ലോലിതയിൽ ഏറ്റവും കൂടുതൽ ആഘോഷിക്കപ്പെട്ട ഒരുപക്ഷേ 'വെള്ളി വെളിച്ചത്തിൽ' എന്ന് വിശേഷിപ്പിക്കാവുന്ന രണ്ടു വാചകങ്ങളാണ് മറ്റു പുറംചട്ട വൽക്കരണങ്ങൾ. നോവലിന്റെ ആരംഭവാചകങ്ങളാണ് ഇവ രണ്ടും. ആദ്യത്തേത് "lolita light of my life, fire of my loins. My sin, my soul. Lo-Lee-Ta. The tip of the tongue taking a trip of three steps down the palate to tap, at three, on the teeth. Lo. Lee. Ta.. "[6] എന്ന ആരംഭവാചകമാണ്. ഗ്രഹാം പുഡിന്റെ പുറംചട്ട രൂപകൽപ്പനയിൽ അവസാനത്തെ ലോലീത്തയെ മാത്രം കടുത്ത നിറത്തിലും ബാക്കിയെല്ലാം മങ്ങിയും ആവിഷ്കരിച്ചിരിക്കുന്നു. "She was Lo palin Lo in the morning, standing four feet ten in one sock. She was Lola in slacks. She was Dolly at school. She was Dolores on the dotted line. But in my arms she was always Lolita" എന്നതാണ് രണ്ടാമത്തെ വാചകം. സിനിമകളുടെയും ശ്രദ്ധേയമായ വാചകങ്ങൾ ആണിത്. അതുകൊണ്ടുതന്നെ ഇവയുടെ പുറംചട്ടവൽക്കരണത്തിന് സിനിമാസംസ്കാരത്തിന്റെ സ്വാധീനം കൂടിയുണ്ട്.



ഉപസംഹാരം

ആഖ്യാനത്തിലും പുറംചട്ടകളുമായി ജനപ്രിയ സംസ്കാരത്തിലുമായി ലോലിത നിർമ്മിച്ച ആശയ സന്ദിഗ്ധതകളെ അഭിസംബോധന ചെയ്തുകൊണ്ട് മാർക്ക് അബ്രാംസ് ആശ്ചര്യചിഹ്നത്തെ പുറംചട്ടവൽക്കരിക്കുന്നു. ഇതുവരെയുണ്ടായ വായനകളെയും പുറംചട്ടകളെയും പ്രശ്നവൽക്കരിച്ചു കൊണ്ടാണ് ഇത്തരമൊരു പുറംചട്ട രൂപംകൊള്ളുന്നത്. അവിശ്വസ്തനായ ആഖ്യാതാവിനെ സൃഷ്ടിച്ചുകൊണ്ടും കാല്പനികമായ ഭാഷയിൽ കുറ്റകൃത്യത്തെ വിവരിച്ചുകൊണ്ടും കേന്ദ്രകഥാപാത്രമായ ഡൊളോറസിനെ മറച്ചുവെച്ചും ആഖ്യാനപരമായ പരീക്ഷണത്തിൽ ഏർപ്പെടുകയാണ് നോവൽ. ഈ പരീക്ഷണത്തെ തിരിച്ചറിയാൻ പുറംചട്ടകൾ പലപ്പോഴും പരാജയപ്പെടുകയും കേന്ദ്രബിന്ദുവിനെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. എങ്കിലും സിനിമ നിർമ്മിച്ച തെറ്റായ ബിംബത്തിലൂടെയുള്ള പുറംചട്ടകളെ തിരിച്ചറിയാനും നോവലിനെ പുനർവായനയ്ക്ക് വിധേയമാക്കാനും പിന്നീട് സാധിച്ചിട്ടുണ്ട്. നോവലിന്റെ പുറംചട്ടകളുടെ ചരിത്രമെടുത്താൽ മാർക്ക് അബ്രാംസിന്റെ പുറംചട്ടവൽക്കരണത്തോട് സമരസപ്പെട്ടുകൊണ്ട് അനുവാചകർ ആശ്ചര്യചിഹ്നത്തിലാഴുന്നു.

ISSN: 2582 - 2594

കുറിപ്പുകൾ

1. pp. 20-2017
2. pp. 16-2013

   Ellen Pifer calls it "a blatant misrepresentation of Nabokov's novel, its characters, and its themes. Not only does it betray the nature of the child featured in its pages; it disregards the way that the narrator, Humbert Humbert, comes to terms with his role in ruining her life."
3. pp. 19-2013.

   Sue Lyon's heart-shaped sunglasses have become a "loose trademark"[12] that signify a young, sexually available girl. Her image is everywhere, in television programs, movies, magazine stories, and especially in advertising."[3]
4. i want pure colours, melting clouds, accurately drawn details, a sun-burst above a receding road with the light reflected in furrows and ruts after rain. No girls.
5. pp45-2013.

   The knee crosses protectively. What seemed to me at first as "come hither" has evolved into "please don't."
6. ഓ എന്റെ ലോലിത എനിക്ക് ലീലകളാടാൻ വാക്കുകൾ മാത്രമേയുള്ളൂ.
7. ലോലിത. എന്റെ ജീവന്റെ പ്രകാശമേ, എന്റെ അരക്കെട്ടിലെ തീയേ. എന്റെ പാപം, എന്റെ ആത്മാവ്. ലോ—ലീ—താ.
8. നാവറ്റം രണ്ടുതവണ താലുവിൽ ചുംബിച്ച് മൂന്നാം തവണ മുൻദന്തനിരയിലേക്ക്. ലോ. ലീ. താ..

ഗ്രന്ഥസൂചി

നബക്കോവ്, വ്ളാഡിമിർ, 2017, ലോലിത, 1, ഡിസിബുക്സ്, കോട്ടയം.

Bertram, John, Leving, Yuri(ed), 2013, Lolita The story of a covergirl. Vladimir Nabakov's novel in art and design, Print, Cincinnatti.

ISSN: 2582 - 2594

മനുഷ്യാവകാശധ്വംസനങ്ങളും സാഹിത്യപ്രതിനിധാനങ്ങളും

(ഇന്ദുലേഖ, അഗ്നിസാക്ഷി, സ്റ്റൂപ്പാക്കൊരാനേണ്ടാർന്ന്, മുത്തശ്ശി എന്നീ നോവലുകൾ മുൻനിർത്തിയുള്ള പഠനം)

ഡോ. ജെൻസി കെ.എ.
അസി. പ്രൊഫസർ, മലയാളം
സെന്റ് ജോസഫ് സ് കോളേജ്, (ഓട്ടോണമസ്)
ഇരിങ്ങാലക്കുട
E-mail: jencyka@stjosephs.edu.in

സംഗ്രഹം

മനുഷ്യാവകാശ പ്രശ്നങ്ങളെ വിവിധതരത്തിൽ നോക്കിക്കാണുന്ന കൃതികൾ മലയാള സാഹിത്യത്തിൽ എമ്പാടും രൂപപ്പെട്ടിട്ടുണ്ട്. നോവൽ സാഹിത്യത്തിന്റെ തുടക്കം മുതൽ തന്നെ മനുഷ്യാവകാശ ലംഘനമാണ് പല മികച്ച കൃതികൾക്കും അടിസ്ഥാനമായി ഭവിച്ചത്. വിവിധ കാലങ്ങളിലെ നാല്നോവലുകൾ പഠനവിധേയമാക്കുന്നതിലൂടെ മനുഷ്യാവകാശ ലംഘനങ്ങളുടെ പശ്ചാത്തലത്തിൽ മലയാള സാഹിത്യം എങ്ങനെ രൂപപ്പെട്ടു എന്നുള്ള ഒരു അന്വേഷണത്തിലേക്കാണ് പ്രബന്ധം എത്തിച്ചേരുന്നത്.

താക്കോൽവാക്കുകൾ : മനുഷ്യാവകാശം, പ്രതിനിധാനം

ആമുഖം

ഭൗതികയാഥാർത്ഥ്യം മനുഷ്യമസ്തിഷ്കത്തിൽ പ്രതിഫലിക്കുന്നതിന്റെ പരിണതഫലമായാണ് ആശയങ്ങൾ ഉണ്ടാകുന്നത്. മനുഷ്യമസ്തിഷ്കത്തിൽ രൂപമെടുക്കുന്ന ഭ്രമകല്പനകൾ പോലും അനുഭവപരമായി ബാഹ്യാവസ്ഥയിൽനിന്ന് ഉദ്ഭവിക്കുന്നവയാണ്. സ്ഥലകാലനിരപേക്ഷമെന്ന് കരുതപ്പെട്ടിരുന്ന ബോധവും ബോധത്തിന്റെ ആവിഷ്കാരങ്ങളായ കലയും സാഹിത്യവുമൊക്കെ ഭൗതികഘടനയുടെ പ്രതിഫലനമാണെന്ന കാഴ്ചപ്പാടിൽ ചിന്തിക്കുമ്പോൾ അതതുകാലങ്ങളിലെ ഭൗതികസാമൂഹികഘടകങ്ങളെ ഭാവനാത്മകമായ സാഹിത്യത്തിൽ നിന്നും നിർമിച്ചെടുക്കാനാകുമെന്ന് വരുന്നു. അത്തരത്തിൽ മനുഷ്യാവകാശ ധ്വംസനം കാലങ്ങളായി നിത്യ യാഥാർത്ഥ്യമായിക്കഴിഞ്ഞ സമൂഹത്തിന്റെ സ്വാഭാവിക പ്രതികരണമാണ് അവന്റെ സാഹിത്യവും കലകളും എന്ന് നിരീക്ഷിക്കാവുന്നതാണ്. പത്തൊൻപത് – ഇരുപത്

നൂറ്റാണ്ടുകളിലെ വിവിധ സാഹിത്യ മാതൃകകളുടെ പ്രതിനിധാനത്തിലൂടെ ഈ ആശയം വ്യക്തമാക്കാൻ ശ്രമിക്കുകയാണ്. സാഹിത്യം വസ്തുതയും സത്യവും ഇടകലരുന്നതാണ് എന്ന വസ്തുത നിലനിൽക്കുന്നുണ്ടെങ്കിലും യാഥാർത്ഥ്യത്തിന്റെ അനേകം പതിപ്പുകളിൽ ഒന്നു മാത്രമായി നമുക്ക് സാഹിത്യത്തെ അടയാളപ്പെടുത്താം. കലയിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന യാഥാർത്ഥ്യത്തിന്റെ നിലനിൽപ്പ് പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്നാൽ എഴുത്തിലൂടെ ഉരുത്തിരിയുന്ന യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനങ്ങളെ കണ്ടില്ല എന്ന് നടിക്കുക സാധ്യമല്ല. സാഹിത്യത്തിലെ ചില പ്രതിനിധാനങ്ങളെ ഉപയോഗിച്ച് മനുഷ്യാവകാശങ്ങൾ പല കാലഘട്ടങ്ങളിൽ എങ്ങനെ വിനിമയം ചെയ്യപ്പെട്ടിരുന്നു എന്ന് കണ്ടെത്താൻ ശ്രമിക്കുകയാണ്. ഇവിടെ പ്രതിനിധാനം എന്ന സങ്കല്പനം അർത്ഥത്തെയും ഭാഷയെയും സംസ്കാരവുമായി ബന്ധിപ്പിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാനും യാഥാർത്ഥ്യം ഭാഷയിലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്നതെങ്ങനെയെന്ന് അവലോകനം ചെയ്യാനും ശ്രമിക്കുന്നുണ്ട്.

മനുഷ്യാവകാശവും ഇന്ദുലേഖയും

കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ സ്ഥാനം എന്ന സമസ്യ ഉന്നയിച്ചുകൊണ്ടാണ് ഇന്ദുലേഖയുടെ തന്നെ ആവിർഭാവം. അടുക്കളയിലെയും കിടപ്പറയിലെയും ഉപകരണമെന്നതിലും കവിഞ്ഞ് സ്ത്രീക്ക് സവിശേഷ അസ്തിത്വമുണ്ടെന്നും ഉചിതമായ സന്ദർഭങ്ങളിൽ വേണ്ടിവന്നാൽ ആണിനെക്കാൾ 'ആണത്ത'ത്തിലേക്കുയരാൻ അവൾക്ക് കഴിയുമെന്നും ഇന്ദുലേഖ തെളിയിച്ചു. കൊളോണിയൽ ആധുനികതയിലൂടെയും ദേശീയമായ സ്വാഭാവിക ജാഗരണങ്ങളിലൂടെയും കൈവരിച്ചു വന്ന ഉയർച്ചയുടെ സ്ഫുരണമായിരുന്നു അത്. സ്ത്രീയെ അസ്വതന്ത്രതയിൽ തളച്ചിട്ടിരുന്നത് പ്രധാനമായും ആചാരാനുഷ്ഠാനങ്ങളും യാഥാസ്ഥിതികവിശ്വാസങ്ങളുമായിരുന്നതിനാൽ അവയെ തകർത്തുകൊണ്ട് മാത്രമേ സ്ത്രീശാക്തീകരണം സാധ്യമാവൂ എന്ന് ഇന്ദുലേഖ തന്നെ, ഏറെപരിമിതികളോടെയാണെങ്കിലും, വ്യക്തമാക്കുകയും ചെയ്തു. ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ മദിരാശിയിലേക്ക് കൊണ്ടുപോകുമെന്ന് മാധവൻ പറയുമ്പോൾ അത് കാരണവരോടുള്ള ധിക്കാരമായിട്ടാണ് അദ്ദേഹം എടുക്കുന്നത്. വിദ്യയഭ്യസിക്കാൻ ഒരു വ്യക്തിക്കുള്ള അവകാശത്തെ നിഷേധിക്കുന്ന നിലപാടിനെയാണ് മാധവൻ അവിടെ ചോദ്യം ചെയ്യുന്നത്. സ്വന്തം ഇഷ്ടത്തിന് അനുസരിച്ച് ഭർത്താവിനെ കണ്ടെത്തുവാനുള്ള സ്ത്രീയുടെ അവകാശത്തെയും ഇന്ദുലേഖ എന്ന നോവൽ ഊന്നിപ്പറയുന്നുണ്ട്. ഭക്ഷണത്തിൽ, വസ്ത്രത്തിൽ, ആചാരമര്യാദകളിൽ, സംസാരത്തിൽ എല്ലാം ഒരു സ്വതന്ത്രസ്ത്രീയായി ഉയർന്ന് ചിന്തിക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ദുലേഖയെ പ്രാപ്തയാക്കുന്നു എന്നാണ് നോവൽ സമർത്ഥിക്കുന്നത്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാനുള്ള തങ്ങളുടെ അവകാശത്തിന് വേണ്ടിയാണ് സ്ത്രീ പടപൊരുതുന്നത് എന്ന് കാണാൻ കഴിയും . ഇന്ദുലേഖ - കല്യാണിക്കുട്ടി ദ്വന്ദ്വങ്ങളിലൂടെ മനുഷ്യാവകാശ ധ്വംസനത്തിന്റെ വ്യഥയനുഭവിപ്പിക്കുകയാണ് അടിസ്ഥാനപരമായി നോവലിസ്റ്റ് ചെയ്യുന്നത്.

സ്ത്രീസ്വാതന്ത്ര്യവും ഉന്നതകുലയാഥാസ്ഥിതിക സ്ത്രീജീവിതവും അഗ്നിസാക്ഷിയിൽ

ഇന്ത്യൻ ചരിത്രത്തിലൂടെയും ദേശീയതയിലൂടെയും സ്ത്രീ നടത്തിയ സഞ്ചാരങ്ങളും അതിലൂടെ കൈവരിച്ച സാമൂഹികമായ പുരോഗതിയും പിന്നീട് അഗ്നിസാക്ഷി പോലുള്ള കൃതികളിലൂടെ വരച്ചിടുകയുണ്ടായി. പുരുഷാധിഷ്ഠിത -ധനാധിഷ്ഠിത -വർണാധിഷ്ഠിത സമൂ

ISSN: 2582 - 2594

ഹഘടനയുടെ ഇരുമ്പുകോട്ടകളിൽ വിള്ളൽ വീഴ്ത്തുവാനും ഈ കൃതിക്ക് കഴിഞ്ഞു. ലളിതാംബിക അന്തർജ്ജനത്തിന്റെ തന്നെ അഭിപ്രായത്തിൽ ഏതാണ്ട് നാൽപ്പതു വർഷക്കാലത്തെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ ഓർമ്മക്കുറിപ്പുകൂടിയാണ് ഈ നോവൽ. കേരളീയ സമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ കഥകൂടിയാണിത്. സാമൂഹിക സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ബലിദാനമായി കൊടുത്ത് മാനമ്പള്ളി ഇല്ലത്ത് 'അഗ്നിസാക്ഷി'യായി 'കുടി' കയറിയെത്തിയ തേതിക്കുട്ടിക്കാവിന്റെ കഥയാണ് നോവൽ. മലയാളനോവലിന്റെ വികാസചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടാണ് ഈ കൃതി.

എന്നാൽ, ഫ്യൂഡൽ സംബന്ധലൈംഗികതയുടെ തടവിൽനിന്ന് പുറത്തുകടക്കാൻ കഴിഞ്ഞെങ്കിലും സ്ത്രീ സ്വാതന്ത്ര്യമെന്നത് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ നിന്നും സങ്കൽപ്പസീമയിൽനിന്നും ഏറെയകലെത്തന്നെയാണ്. സ്വന്തം കൃത്യങ്ങൾ 'ആൺതുണ'യിൽ നിർവഹിക്കുന്ന സ്ത്രീ എന്ന സങ്കൽപ്പമാണ് ഇന്നും സമൂഹത്തിൽ അധീശത്വം വഹിക്കുന്നത്. വിവാഹം മഹത്വവൽക്കരിക്കപ്പെടുന്നതിനും ഭർത്തൃരഹിതയായ സ്ത്രീയെ സംശയത്തോടുകൂടി മാത്രം നോക്കിക്കാണുന്നതിനും കാരണം സ്ത്രീ അബലയാണെന്ന ധാരണയിൽനിന്ന് ഇനിയും മോചനമില്ലെന്നതാണ്. നമ്പൂതിരി സമുദായത്തിലെ മനുഷ്യത്വവിരുദ്ധവും സ്ത്രീവിരുദ്ധവും ആയ ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരായുള്ള പ്രക്ഷോഭത്തിന് കഥകളിലൂടെ ആവേശം പകർന്ന അവരുടെ ഏക നോവലാണ് അഗ്നിസാക്ഷി . ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിലെ കേരളീയ നവോത്ഥാന ചരിത്രത്തിന്റെ വികാസപരിണാമങ്ങളുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ട ഒരു നമ്പൂതിരി വനിതയുടെ ജീവിതമാണത്. വായനയുടെയും സ്വതന്ത്രചിന്തയുടെയും ലോകത്ത് വളർന്ന ദേവകിക്ക്, മാനമ്പിള്ളി ഇല്ലത്തെ ഉണ്ണിനമ്പൂതിരിയുമായുള്ള വിവാഹത്തിലൂടെ ആ ഭൂതകാലജീവിതത്തോട് വിടപറയേണ്ടിവരുന്നു. ദുഷ്ടനോ സ്നേഹശൂന്യനോ ഭീരുവോ ആയ ഭർത്താവായിരുന്നില്ല ഉണ്ണിനമ്പൂതിരി. അഫ്ഫന്റെ മകളായ തങ്കത്തിന്റെയും അനുജൻ നമ്പൂതിരിയുടെയും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മറ്റും സ്വതന്ത്രനിലപാട് എടുക്കുന്നതിനുള്ള ധീരത അദ്ദേഹം കാണിക്കുന്നുമുണ്ട്. എന്നാൽ സ്വന്തം വ്യക്തിജീവിതത്തിൽ ആചാരങ്ങളിൽനിന്ന് അണുവിടമാറാൻ അദ്ദേഹം തയ്യാറായില്ല. പൂജയും മന്ത്രവും സ്വന്തം ജീവിതചര്യയായി സ്വീകരിച്ച് സ്വയംപീഡനം നടത്താൻ തയ്യാറായപ്പോൾ പത്നിയും ആ പീഡനത്തിനിരയാകുന്നത് കർമഫലം എന്ന് ന്യായീകരിക്കാനാണ് അദ്ദേഹം തുനിഞ്ഞത്. സ്വാതന്ത്ര്യ ധ്വംസനത്തിന്റെ കാഴ്ചകൾ ജനങ്ങളിലേക്ക് എത്തിക്കാനും അവയ്ക്കെതിരെ പ്രതികരിക്കേണ്ടതുണ്ട് എന്ന് ബോധ്യപ്പെടുത്താനും ഇടവരുത്തിയ നോവലാണിത്. മനുഷ്യാവകാശലംഘനങ്ങളെ തുറന്നുകാണിക്കാൻ ഉപകരിക്കുകയും പിൽക്കാലത്ത് മാതൃകയായി മാറുകയും ചെയ്ത കൃതിയാണിത്.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന കൃതിയിൽ

പുതിയൊരു ലോകം, പുതിയൊരു ദേശം, പുതിയൊരു ജീവിതം, പുതിയ മനുഷ്യൻ എന്ന കാഴ്ചപ്പാടാണ് നവോത്ഥാന പ്രവർത്തനങ്ങൾ മുന്നോട്ടുവച്ചതെന്നതിനാൽ നവോത്ഥാനകാല എഴുത്തുകാരുടെ രചനകളിലും ആഭ്യന്തരവും ബാഹ്യവുമായ ചക്രവാളം അതുതന്നെയായിരുന്നു. എഴുത്തിന്റെ ലോകത്തെ ശക്തമായ പ്രതിനിധാനമായി വൈക്കം മുഹമ്മദ് ബഷീർ എത്തുന്ന

നാൽപ്പതുകൾ ഈ ചക്രവാളത്തിളക്കത്തിന്റെ വർണരേണുക്കളാണ് . 'പ്രേമലേഖനം' മുതലുള്ള അദ്ദേഹത്തിന്റെ രചനകളെ ശക്തമായ നവലോകാഭിദർശനങ്ങളാക്കി നോക്കിക്കാണാവുന്നതാണ്. . നവോത്ഥാനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബഷീറും തകഴിയും കേശവദേവുമെല്ലാം സ്വന്തം രചനകളിലൂടെ നൽകിയ സംഭാവനകൾ, വളരെ വലുതാണ്. അവയിലെ സമാനതകളും വ്യതിരിക്തതകളും, വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വ്യതിരിക്തതകൾക്കുള്ളിൽത്തന്നെ നിലകൊള്ളുന്ന സ്വത്വപരമായ വേറിടൽ കൊണ്ട് പദങ്ങളെയും വാക്യങ്ങളെയും സന്ദർഭങ്ങളെയും തികച്ചും വ്യതിരിക്തമാക്കി തന്നിലേക്കൊട്ടിച്ച് നിർത്തുന്ന ബഷീറിയൻ രചനാതന്ത്രത്തിന്റെ സവിശേഷതകൾ തികഞ്ഞ 'ന്റുപ്പപ്പാക്ക് ഒരാനേണ്ടാർന്ന്'' ഈ സാഹചര്യത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ചെറുപ്പകാലം വളരെ ദൂരത്താണല്ലോ എന്ന്, നോവലിന്റെ ആരംഭത്തിൽത്തന്നെ ഘടിപ്പിച്ചിരിക്കുന്ന ഒരു പരാമർശമുണ്ട്. നായികയായ കുഞ്ഞുപാത്തുമ്മയുടെ കുട്ടിക്കാലത്തിലേക്ക് അനുവാചകരെ നയിക്കുന്നതിനുവേണ്ടി ഗ്രന്ഥകാരൻ നടത്തുന്ന നിരുപദ്രവകരമായൊരു പരാമർശമാണത്. ആനുഷംഗികമെന്ന മട്ടിലുമുള്ള ആ പരാമർശം ഗ്രന്ഥം ഉൾക്കൊള്ളുന്ന കാലത്തെയും ആ കാലത്തിലൂടെ പരിണാമപ്പെട്ടുവരുന്ന ദേശത്തെയും കൂടി ഉൾക്കൊള്ളുന്നതാണെന്നു കാണാം. കുഞ്ഞുപാത്തുമ്മയുടെകുട്ടിക്കാലംമുതൽഇരുപത്തിരണ്ടുവയസ്സുവരെയെത്തുന്ന ജീവിതവും നിസാർ അഹമ്മദുമായുള്ള വിവാഹവുമാണ് നോവലിലെ പ്രത്യക്ഷത്തിലുള്ള പ്രമേയം. തന്നെ കടിച്ച എറുമ്പിനോട് വേദനയോടെ, 'നീ കടിച്ചും പോള്ള എല്ലാരേം കടിച്ചല്ലേ' എന്നു പറയുന്ന കുഞ്ഞുപാത്തുമ്മയുടെ മനോഭാവത്തെ കുട്ടിത്തമെന്നോ മണ്ടത്തരമെന്നോ അപഹസിക്കുന്ന ലോകം ഈ ചെറുപ്പത്തിൽ നിന്ന് വളരെ ദൂരെയാണ് നിലകൊള്ളുന്നത്. താൻ വേദന സഹിക്കേണ്ടിവന്നാലും മറ്റുള്ളവർ വേദനിക്കാനിടവരരുതെന്ന പുതിയമാനവികതാബോധത്തിന്റെ മറ്റൊരു രൂപമാണ് കുഞ്ഞുപാത്തുമ്മയിൽ കാണുന്നത്. സമൂഹം പുതിയ മാനവികതയിലേക്ക്, അതിന്റെ ഒരു പ്രകടിതരൂപമായ ആധുനികതയിലേക്ക് കടക്കുന്നതിന് വിഘാതമായി വരുന്ന കടമ്പകളാണ് ഈ നോവലിന്റെ സ്ഥൂലരൂപം തീർക്കുന്നത്. സാമൂഹികമായ പിന്നാക്ക നിലയാണ് അതിൽ പ്രധാനമെന്നും പറയാം. നോവലിന്റെ ആരംഭം മുതൽ നാം കണ്ടെത്തുന്ന കഥാപാത്രങ്ങൾ, ജീവിതബന്ധങ്ങൾ, ജീവിത സാഹചര്യങ്ങൾ, ഭാഷ, ആചാരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം ആധുനികത എന്ന സങ്കൽപ്പത്തിനും വിശാലമാനവികതയ്ക്കും പ്രതിദ്വന്ദ്വികളായി നിൽക്കുന്നു. മാറ്റം എന്ന സങ്കൽപ്പത്തെത്തന്നെ ഉൾക്കൊള്ളാനാവാത്ത കാഴ്ച്ചപ്പാടും വ്യവസ്ഥിതിയുമാണ് അവിടെ തുടർന്നുവന്നത്. ആധുനികത ഗ്രാമജീവിതത്തിലേക്കെത്തിയത് അതിനെ പാടേ മാറ്റിമറിച്ചുകൊണ്ടാണ്. കെട്ടിക്കാൻ പ്രായം കഴിഞ്ഞിരിക്കുന്ന ഒരു മുസ്ലീം പെണ്ണ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരാൺ പിറന്നവനോട് വർത്തമാനം പറഞ്ഞുവെന്നത് കുഞ്ഞുപാത്തുമ്മയെപ്പോലൊരു മുസ്ലീം പെൺകുട്ടിയിൽ നിന്ന് ഒരിക്കലും പ്രതീക്ഷിക്കുന്നതായിരുന്നില്ല. ജീവിതസൗകര്യങ്ങളിലും ജീവിതസാഹചര്യങ്ങളിലും ജീവിതസങ്കൽപ്പങ്ങളിലും ജീവിതബന്ധങ്ങളിലുമുള്ള സമഗ്രമായൊരു പൊളിച്ചെഴുത്താണ് ആധുനികത നിർവഹിച്ചത്. അതിന്റെ തിരപ്പുറപ്പാട് കേരളസമൂഹത്തിൽ, വിശേഷിച്ചും മുസ്ലീം സമൂഹത്തിൽ വരുത്തിയ പ്രതിരണനങ്ങളാണ് ന്റുപ്പപ്പാക്കൊാനേണ്ടാർന്നു -ൽ നാം കേൾക്കുന്നത്. ആ പൊളിച്ചെഴുത്തിൽ ഏറ്റവും പ്രധാനമായും അഴിഞ്ഞുവീണത് പേര് സൂചിപ്പിക്കുന്നതുപോലെ, വൃത്തികെട്ട കുലമഹിമാഘോഷണം തന്നെ. സാമ്പത്തികമികവോ, സ്ഥാനവലിപ്പമോ അല്ല, മാനുഷികമായ നിറവാണ് മാനിക്കപ്പെടേണ്ടതെന്ന നവോത്ഥാനമന്ത്രം

 ISSN: 2582 - 2594

ആ പേരിൽ മുഴങ്ങുന്നുണ്ട്. വ്യക്തിസ്വത്വവും സാമുദായികസ്വത്വവും സമൂഹസ്വത്വവും തമ്മിലുള്ള സംഘർഷങ്ങളെ അതിജീവിക്കാൻ മാനുഷികതയും മനുഷ്യാവകാശവും മുൻനിർത്തി നടത്തുന്ന സമര-സമന്വയ തന്ത്രങ്ങളുടെയും അവ വരുത്തുന്ന പരിണാമങ്ങളുടെയും സൂക്ഷ്മ ശ്രുതികൾ ഈ കൃതിയിൽ ആദ്യന്തം നമുക്കു കേൾക്കാം. ഗ്രന്ഥാവസാനത്തിൽ ചേർത്തിരിക്കുന്ന "ശുഭം" വെറുമൊരു സാമ്പ്രദായിക നിർവഹണത്തെയല്ല, സമൂഹത്തിൽ നടന്നുവരുന്ന സോദ്ദേശ്യമായ പരിണാമപ്രക്രിയയുടെ പര്യവസാനത്തെയും പ്രതീക്ഷയെയുമാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, കുപ്പായം തുടങ്ങിയവ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം, കുടുംബം വിട്ട് പുറത്ത് വരേണ്ടതിന്റെ പ്രാധാന്യം തുടങ്ങി നിരവധി മനുഷ്യാവകാശങ്ങളിലേക്ക് ചിന്ത കടത്തിവിടുന്നതിന് ഈ കൃതി പര്യാപ്തമാകുന്നു.

ചെറുകാടിന്റെ മുത്തശ്ശി – മനുഷ്യാവകാശത്തിനായുള്ള സംഘടിത ശ്രമം

ജാതിമേധാവിത്വവും ജന്മിത്തവും അവയുമായി ബന്ധപ്പെട്ട മറ്റനാചാരങ്ങളും കേരളീയ സമൂഹത്തിനുമേലാകെ നിഴൽവീഴ്ത്തിയിരുന്ന ഒരവസ്ഥയെയാണ് ചെറുകാടിന്റെ നോവലുകൾ തുടക്കത്തിൽ നമുക്ക് കാട്ടിത്തരുന്നത്. ആദ്യനോവലായ മരണപത്രം, നമ്പൂതിരി സമുദായത്തിനുള്ളിൽ അന്ന് സാധാരണമായിരുന്ന ഫ്യൂഡലിസ്റ്റ് ധനദുർമ്മോഹത്തെയും അധികാരപ്രമത്തതയെയും അനാവരണം ചെയ്തു കാണിക്കുന്നു. പഴമയുടെ മറക്കുടയ്ക്കുള്ളിൽ സുസ്ഥിതി തേടുന്നവരെയും അവരുടെ സുഖാലസതയ്ക്കിടയിൽത്തന്നെ കിളിർത്തുപൊന്തി വെളിച്ചം തേടുന്ന പുതുമയുടെ സകലശക്തികളെയും നാമിവിടെ കാണുന്നു. അവ തമ്മിലുള്ള സംഘർഷമാണ് ഇതിലെ പ്രമേയമെന്നു പറയാം. എന്നാൽ ആ സംഘർഷം സൂക്ഷ്മതലത്തിലൊതുങ്ങുന്നതും ബഹുമുഖവുമാണ്. ഈ സവിശേഷത നിലനിർത്താൻ എന്നും കഴിഞ്ഞതുകൊണ്ട് ചെറുകാടിന്റെ നോവലുകൾ ലഘൂകരണത്തിന് വിധേയമാകാതിരിക്കുകയും ജീവിതത്തിന്റെ സമഗ്രസ്വഭാവത്തിന് പ്രാതിനിധ്യം വഹിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളൊന്നും നന്മയുടെയോ തിന്മയുടെയോ ഏകമാത്രപ്രതിനിധാനങ്ങളല്ല. അതുകൊണ്ടാണ് പല സോദ്ദേശരചനകളിലും സംഭവിച്ചതുപോലെ, ചെറുകാടിന്റെ കഥാപാത്രങ്ങൾ ടൈപ്പുകളാകാതെ സവിശേഷ വ്യക്തിത്വരൂപങ്ങളായി വളർന്നുനിൽക്കുന്നത്. മരണപത്രത്തിലെ കുഞ്ചുണ്ണി നമ്പൂതിരിപ്പാടും കുഞ്ഞുണ്ണിനമ്പൂതിരിപ്പാടും ഈ വസ്തുതയ്ക്ക് നല്ല ഉദാഹരണങ്ങളാണ്. മുത്തശ്ശിയിൽ, നാണിയുടെ ജീവിതത്തിലേക്ക് അവളുടെ ഹിതത്തിന്നെതിരായി കടന്നുവരുകയും അങ്ങേയറ്റത്തെ ധാർഷ്ട്യത്തോടെ പെരുമാറുകയും ചെയ്യുന്ന കുട്ടപ്പൻനായർ പോലും നമ്മുടെ വിദ്വേഷത്തേക്കാളേറെ അനുകമ്പയാണ് പിടിച്ചുപറ്റുന്നത്. അനുകമ്പ, കുട്ടപ്പൻനായരെന്ന വ്യക്തിയിലേക്കും വിദ്വേഷം, അയാളെ അങ്ങനെയാക്കി മാറ്റിയ സമൂഹത്തിലേക്കും തിരിയുന്നുവെന്നു പറയുകയാവും ശരി. അങ്ങനെ സമുദായ ദുർനീതികളുടെ പ്രതിനിധിയായി വരുന്ന കുട്ടപ്പൻ നായർ പോലും ടൈപ്പായിമാറുന്നില്ല എന്നിടത്താണ് ചെറുകാടിലെ കലാകാരന്റെ അസൂയാവഹമായ വിജയം കുടികൊള്ളുന്നത്. ചൂഷണത്തിന്റെയും കാപട്യത്തിന്റെയും മൂർത്തീകരണമായ സ്കൂൾ മാനേജർ കുഞ്ഞനെഴുത്തച്ഛനായാലും വിപ്ലവകാരി എന്ന പേരിൽ വന്ന് സ്വാർഥം തേടിപ്പോയി, തിന്മകളിൽചേക്കേറുന്ന ഐഎഎസ് ഓഫീസർ രാമചന്ദ്രനായാലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ഈ കലാസൗഭഗത്തോടെയാണ്. ഇവിടെ ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങളെ സംബന്ധിച്ച ചിന്ത പ്രസക്തമാവുന്നു. അദ്ദേഹത്തിന്റെ നോവലുകളിലും നാടകങ്ങളിലും നാം കണ്ടെത്തുന്ന

ഒട്ടനവധി കഥാപാത്രങ്ങളിൽ ഏറെയും ശ്രദ്ധപിടിച്ചുപറ്റുന്നത് അവരിലെ വനിതാ പ്രതിനിധികളായിരിക്കും. എത്രതന്നെ പ്രതാപവാന്മാരും പ്രമുഖരുമാണെന്നിരുന്നാലും പുരുഷ കഥാപാത്രങ്ങളെല്ലാം അവരുടെ മുന്നിൽ നിഷ്പ്രഭരാവുകയേയുള്ളു. അടിച്ചമർത്തപ്പെട്ട സമൂഹത്തിന്റെ ഉന്നമനമായിരുന്നു ചെറുകാടിന്റെ ലക്ഷ്യം. സമൂഹത്തിൽ ഏറ്റവുമധികം അടിമത്തം അനുഭവിക്കുന്നത് സ്ത്രീകളാണ്. അതുകൊണ്ട് അടിമത്തത്തിൽ നിന്ന് സ്ത്രീയെ മോചിപ്പിച്ചെങ്കിലേ സമൂഹം ശുദ്ധമാകൂ എന്നദ്ദേഹം കരുതി. സ്ത്രീമോചനമാകട്ടെ, പുരുഷന്മാരുടെ പ്രസംഗങ്ങളിലൂടെയല്ല സ്ത്രീകളുടെ ആത്മബോധത്തിലൂടെയേ സാധ്യമാവൂ എന്നും അദ്ദേഹം വ്യക്തമാക്കി. . ഇതെല്ലാം അദ്ദേഹം ആലോചിച്ച് തീരുമാനിച്ചുചെയ്തു എന്നല്ല, അനുഭവപാഠങ്ങൾ അദ്ദേഹത്തെക്കൊണ്ട് അങ്ങനെയൊക്കെ ചെയ്യിച്ചു എന്നേ പറയാനുള്ളൂ. ഏതായാലും, മലയാളത്തിലെ മറക്കാനാവാത്ത കഥാപാത്രങ്ങളാണ് ചെറുകാടിന്റെ മാനസപുത്രിമാരെല്ലാംതന്നെ.

ജീവിതത്തിലായാലും സാഹിത്യത്തിലായാലും മുത്തശ്ശിമാർ യാഥാസ്ഥിതികത്വത്തിന്റെ പ്രതീകമാവുകയാണ് പതിവ്. എന്നാൽ തന്റെ നോവലുകളിൽ ചെറുകാട് നമ്മുടെ മുത്തശ്ശി സങ്കൽപ്പം പൊളിച്ചെഴുതുന്നു. മുത്തശ്ശിയിലെയും മണ്ണിന്റെമാറിലെയും മുത്തശ്ശിമാർ കാലം മാറിയത് കണ്ടറിയാനും അതറിഞ്ഞ് കാലത്തിനുമുന്നേ ചരിക്കാനും തയ്യാറായവരാണ്. മുത്തശ്ശിയിലെ മുത്തശ്ശിയെ എല്ലാവിധ യാഥാസ്ഥിതികസങ്കൽപ്പങ്ങളുടെയും പ്രതിനിധിയായിട്ടാണ് നോവലിന്റെ തുടക്കത്തിൽ നാം കാണുക. എന്നാൽ ജീവിതം അവരെ പലതും പഠിപ്പിക്കുന്നു. നാണിയുടെ പ്രവർത്തനങ്ങളിൽ നിന്നും നാട്ടിൽ നടക്കുന്ന സംഭവങ്ങളിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നുമെല്ലാം ജീവിതത്തെ കാലം കരുതിയിരുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമായിക്കാണാൻ പ്രേരിതയാകുന്നു. ഓരോ അനുഭവവും അവരെ ദീപ്തമാക്കുന്നു. അവസാനം നാട്ടുകാർക്കെന്നല്ല നാണിമിസ്ട്രസ്സിനുപോലും ആവേശം പകരാൻ കഴിയുന്നൊരു വ്യക്തിയായി മാറുന്ന മുത്തശ്ശി മലയാളം കണ്ട ഉജ്ജ്വലകഥാപാത്രങ്ങളിലൊന്നാണ്. ഗതികെട്ട ഒരു കഥാപാത്രത്തിന്റെ കയ്യിൽ അവസാനം ഒരു കൊടിയും കൊടുത്തുവിടുകയല്ല ചെറുകാട് ചെയ്തത്. കൊടിയും കൂട്ടവുമെല്ലാം വെറുക്കുകയും ഭയക്കുകയും ചെയ്തിരുന്ന വ്യക്തി ജീവിതാനുഭവങ്ങളിലൂടെ ആ കൊടി സ്വന്തം ജീവരക്തമാണെന്ന് തിരിച്ചറിയുകയാണ് ചെയ്യുന്നത്. ആ തിരിച്ചറിവിന്റെ സ്വാഭാവികതയും വിശ്വസനീയതയുമാണ് നോവലിന്റെ വിജയം. യഥാർഥ പ്രോലിറ്റേറിയൻ നോവൽ മനുഷ്യ ജീവിതാഖ്യാനമായി മാറുന്നത് മുത്തശ്ശി കാട്ടിത്തരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിനെക്കുറിച്ച് അന്നത്തെ ജനതയ്ക്കും അറിവുണ്ടായിരുന്നില്ല. സ്കൂൾ മാനേജർ ഇൻസ്പെക്ഷന്റെ ദിവസം മാത്രമാണ് സ്കൂൾ ശരിയാംവിധം നടത്തുക. കുട്ടികളുടെയും അദ്ധ്യാപകരുടെയും അംഗസംഖ്യ പോലും കൃത്രിമമായിരിയ്ക്കും. നാണി ആദ്യം അദ്ധ്യാപികയാകുന്നത് കൊല്ലത്തിൽ ആറുറുപ്പിക ശമ്പളത്തിനു മാനേജർ ഇടയ്ക്ക് വീട്ടിൽ കൊണ്ടുവന്നു കാണിയ്ക്കുന്ന രജിസ്റ്ററിൽ ഒപ്പുവെച്ചു കൊണ്ടാണ് – 'ഒപ്പുമിസ്ട്രസ്സ് '. കുട്ടികൾക്ക് ജയിച്ചതിനു സർട്ടിഫിക്കറ്റ് ലഭിയ്ക്കണമെങ്കിൽ മാനേജർക്ക് കൈക്കൂലികൊടുക്കണമായിരുന്നു. മാനേജർ സ്വാർത്ഥനും, അത്യാഗ്രഹിയും പിശുക്കനുമാണെങ്കിൽ അദ്ധ്യാപകരുടെ അവസ്ഥ വളരെ ദയനീയമായിരിയ്ക്കും. നിയമനം, ശമ്പളം, പിരിച്ചുവിടൽ എല്ലാംമാനേജരുടെ തീരുമാനപ്രകാരമാണ് നടക്കുക. എതിർക്കാനാർക്കും അവകാശമില്ല. ഇൻസ്പെക്ടരും മാനേജരുടെ പോലെ കൈക്കൂലിമേടിയ്ക്കുന്നവനാകയാൽ നിഷ്പക്ഷമായി പെരുമാറില്ല. ഗ്രാന്റ് കൊടുക്കുന്നഗവണ്മെന്റ്

 ISSN: 2582 - 2594

അനുശാസിയ്ക്കുന്ന നിയമങ്ങൾ പാലിയ്ക്കാൻ മാനേജർ തയ്യാറാകില്ല. ഹയർട്രെയിനിംഗ് കഴിഞ്ഞവർ തന്നെ ഹെഡ്മാസ്റ്ററാകണം. രണ്ടു ഹയർട്രെയിനിംഗ് കഴിഞ്ഞവർക്ക് ഒരു അൺട്രെയിന്റ് സാറിനെ 'അനുസരിയ്ക്കാൻ പ്രയാസമായിരുന്നു. ഇതിനെല്ലാമെതിരെപ്രവർത്തിയ്ക്കാനാണ് അദ്ധ്യാപകസംഘടന നിലവിൽ വന്നത്. വിദ്യാഭ്യാസാവകാശങ്ങൾ നേടിയെടുക്കുന്നതിനു സംഘടിത ശക്തിയായി പ്രവർത്തിക്കുവാൻ ആരംഭിക്കുന്ന ഘട്ടത്തിലാണ് ഈ നോവൽ ചെന്നെത്തിനില്ക്കുന്നത്. മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ ഭാഗം കൂടിയാണിത്.'

ഉപസംഹാരം

വിദ്യാഭ്യാസം, സ്ത്രീ പ്രാതിനിധ്യം, സാമൂഹ്യനവോത്ഥാനം എന്നീ മേഖലകളിൽ പത്തൊൻപത് - ഇരുപത് നൂറ്റാണ്ടുകളിൽ സംഭവിച്ച മാറ്റങ്ങളെ അടയാളപ്പെടുത്തുന്ന നോവലുകളെയാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയത്. മനുഷ്യാവകാശങ്ങളെ പുനർനിർവ്വചിക്കുന്നതിനും സാമൂഹ്യപുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാഹിത്യത്തിലെ ഇത്തരം പ്രതിനിധാനങ്ങൾ സഹായിച്ചിട്ടുണ്ട്.

* ഒ. ചന്തുമേനോൻ എഴുതിയ ഇന്ദുലേഖയുടെ രചനയിലൂടെ മലബാറിലെ സംബന്ധ വ്യവസ്ഥിതി, വിവാഹരീതി, സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത, ദേശീയതയുടെ ആവിർഭാവം, സുകുമാരകലകളിൽ സ്ത്രീകൾക്ക് പ്രാവീണ്യം നൽകേണ്ടതിന്റെ പ്രാധാന്യം താഴേക്കിടയിലുള്ളവർക്കും വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത തുടങ്ങി സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ചർച്ചചെയ്യുന്നുണ്ട്. പിൽക്കാല സമൂഹത്തിലെ നീതിന്യായ വ്യവസ്ഥിതിയിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ കൃതിക്ക് സാധിച്ചിട്ടുണ്ട്.

* വായനയുടെയും സ്വതന്ത്രചിന്തയുടെയും ലോകത്ത് വളർന്ന ദേവകിക്ക്, മാനമ്പിള്ളി ഇല്ലത്തെ ഉണ്ണിനമ്പൂതിരിയുമായുള്ള വിവാഹത്തിലൂടെ ആ ഭൂതകാലജീവിതത്തോട് വിടപറയേണ്ടിവരുന്നു. ദേവീ ബഹൻ എന്ന അന്തർജ്ജനത്തിന്റെ കഥയിലൂടെ സാമൂഹ്യ പരിഷ്കരണം, കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ അപാകതകൾ, സംബന്ധ വ്യവസ്ഥിതി ഏൽപ്പിക്കുന്ന അസമത്വങ്ങൾ തുടങ്ങിയവയൊക്കെ പ്രതിനിധാനം ചെയ്യപ്പെടുന്നു

* വൈക്കം മുഹമ്മദ് ബഷീറിന്റെ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവൽ മുസ്ലീം സാമൂഹ്യ ജീവിതത്തിലെ യഥാതഥ പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്നു. മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, ശുചിത്വബോധം, സാമൂഹ്യ അസമത്വങ്ങൾക്കെതിരെ കണ്ണുതുറക്കാനുള്ള ആഹ്വാനം തുടങ്ങി വ്യത്യസ്തമായ തലങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ സഹായിച്ച നോവലാണ് ഇത്.

* ചെറുകാടിന്റെ മുത്തശ്ശി എല്ലാ വിഭാഗം ജനങ്ങൾക്കും നീതിയും സാമൂഹിക സമത്വവും നടപ്പിലാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗം സോഷ്യലിസമാണെന്ന് വിശ്വസിച്ച നോവലാണ് 'മുത്തശ്ശി കമ്മ്യൂണിസത്തിൽ ഉറച്ചു വിശ്വസിച്ചിരുന്നതുപോലും മനുഷ്യാവകാശങ്ങൾ നേടിയെടുക്കാൻ ഉതകുന്ന ഇടം എന്ന നിലയ്ക്കാണ്.'

സഹായക ഗ്രന്ഥസൂചി

1. നവോത്ഥാനാനന്തര മലയാള നോവൽ, ഡോ. എസ്. രാജശേഖരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. ആഗസ്റ്റ് 2016

2 നോവൽ സി. വി മുതൽ ബഷീർ വരെ, ഡോ. ജോർജ്ജ് ഇരുമ്പയം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, ഏപ്രിൽ 2009

3. വിജ്ഞാന മലയാളം, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, നവംബർ 2021

ISSN: 2582 - 2594

പെൺപ്രതിരോധത്തിന്റെ മനശ്ശാസ്ത്രം

ഡോ. ദീപ എസ്.എസ്.
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം,
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
Email: deepasouparnika@gmail.com

സംഗ്രഹം

പല തരത്തിലുള്ള പരിണാമങ്ങളിലൂടെ രൂപപ്പെട്ടുകയും ക്രമേണ കൂടുതൽ സൂക്ഷ്മമാക്കപ്പെട്ടുകയും ചെയ്തതാണ് ഓരോ സിനിമകളും. പ്രതീകാത്മക ചിന്തയും ചില പ്രത്യേക സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും ഒത്തുചേർന്ന വരുന്നിടത്ത് നിന്നാണ് സിനിമകളുടെ തുടക്കം. തിരക്കഥാസാഹിത്യം മൗലികമായി മനസ്സിന്റെ സൃഷ്ടിയാണ്. മനസ്സിന്റെ ചലനങ്ങൾ, മനസ്സിനെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഇവയെല്ലാം തിരക്കഥാസാഹിത്യത്തിൽ പ്രതിഫലിക്കും. അതിനാൽ മനസ്സിന്റെ ഉൽപ്പന്നം എന്ന നിലയിൽ സിനിമയെ വിലയിരുത്തുന്ന മനശ്ശാസ്ത്ര സമീപനം ഏറെ സ്വാഭാവികവും നൈസർഗികവുമായ രീതിയാണ്. മനഃശാസ്ത്ര തത്വങ്ങൾ കൊണ്ട് കഥാപാത്രങ്ങളുടെയും തിരക്കഥാകൃത്തുക്കളുടെയും മാനസികപ്രതിഭാസങ്ങൾ അറിയുകയും സിനിമയെ മനശ്ശാസ്ത്രവിശകലനംകൊണ്ട് മനസ്സിലാക്കാനും സാധിക്കുന്നിടത്താണ് ഈ പദ്ധതി ശ്രദ്ധേയമാകുന്നത്. ജയ ജയ ജയ ജയ ഹേ എന്ന സിനിമയിലെ പെൺ പ്രതിരോധത്തിന്റെ ആന്തരാർത്ഥങ്ങൾ അന്വേഷിക്കുകയും മനശ്ശാസ്ത്രപരമായി അപഗ്രഥിക്കുകയും ചെയ്യുന്നതാണ് പ്രബന്ധം.

താക്കോൽവാക്കുകൾ: മനോവിജ്ഞാനീയം, പെൺപ്രതിരോധം, സ്ത്രീസ്വത്വം, സ്ത്രീവാദം, അനിമ, അനിമസ്

ആഖ്യാനത്തിന്റെ ബഹുസ്വരതയും കൗശലവും അമ്പരപ്പിക്കുന്ന വിഷയവൈവിധ്യവുമാണ് നവീന സിനിമകളെ മറ്റു സിനിമകളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. സ്ത്രീയവസ്ഥകളുടെ വൈവിധ്യപൂർണ്ണവും സങ്കീർണ്ണവുമായ നിരവധിമേഖലകൾ സിനിമയിൽ നവീന തിരക്കഥാകൃത്തുക്കൾ കാണിച്ചുതന്നു. ദൃശ്യങ്ങളെ ആധാരമാക്കിയുള്ള നവീന ആഖ്യാനരീതി പ്രേക്ഷകർക്ക് പുതിയ

അനുഭൂതി പകർന്നുനൽകി. ഓരോ പുതിയ സിനിമയിലും സ്ത്രീകൾ ഓരോ വിപ്ലവമാണെന്ന് പറയത്തക്കവിധം വിഭിന്നമായ ആഖ്യാന മാതൃകകളാണവ. സന്ദർഭത്തിനും ഭാവത്തിനും അനുയോജ്യമായി സ്ത്രീകൾക്ക് സിനിമയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നത് അതുകൊണ്ടാണ്. പച്ചമനുഷ്യരുടെ പച്ചയായ ജീവിതകഥകൾക്കിടയിൽ മൂല്യവ ത്തായ ദർശനങ്ങൾ കോർത്തുവച്ചുകൊണ്ട് സ്ത്രീസ്വത്വാവിഷ്കാരത്തെയും പ്രതിരോധത്തെയും മനഃശാസ്ത്രത്തിന്റെ സഹായത്തോടെ പൂരിപ്പിക്കുന്നതാണ് നവീനസിനിമയിൽ ദൃശ്യമാകുന്നത്. ജീവിതത്തിൽ സ്ത്രീകൾ വിലപിടിച്ചതായി കരുതുന്ന പല മൂല്യങ്ങളുടെയും പുനർവിചിന്തനവും മനസ്സിന്റെയും മാനസികാവസ്ഥകളുടെയും സൂക്ഷ്മമായ നിരീക്ഷണവും ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ കാണാനാകും.

മനോവിജ്ഞാനീയം

മനസ്സിന്റെ അപഗ്രഥനത്തിലൂടെ/വ്യാഖ്യാനത്തിലൂടെ മനസ്സിന്റെ നിഗൂഢതകളും രഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ കഴിയുന്ന ശാസ്ത്രീയ വിശകലനമാണ് മനഃശാസ്ത്രം (Psychology). നവീന മനഃശാസ്ത്രത്തിന്റെ പിതാവായറിയപ്പെടുന്ന വിൽഹെം വുണ്ട് (Wilhelm Wunt,1832-1920) ശരീരശാസ്ത്രപരമായ മനഃശാസ്ത്ര തത്ത്വങ്ങൾ (Principles of Physiological Psychology) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടെയാണ്, സൈക്കോളജി ഒരു ശാസ്ത്രശാഖയെന്ന നിലയിൽ അംഗീകരിക്കപ്പെട്ടത്. മനസ്സിന്റെ ബോധതലത്തെയും, അതിന്റെ നിയന്ത്രണത്തിന് വിധേയമാകാത്തതും സങ്കീർണ്ണഘടനയോടുകൂടിയതുമായ ഉപബോധതലത്തെയുംകുറിച്ചുള്ള ഫ്രോയിഡിന്റെ കണ്ടെത്തലുകൾ ഈ ശാസ്ത്രശാഖയുടെ പ്രസക്തി വർദ്ധിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദയംകൊണ്ടതും സാഹിത്യ നിരൂപണത്തെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുമുള്ള മേഖലയാണ് മനഃശാസ്ത്രാപഗ്രഥന വിമർശനം/മനോവിജ്ഞാനീയ വിമർശനം/മനോവിശ്ലേഷണ വിമർശനം.

ആധുനികബോധത്തിലേക്ക് മനുഷ്യരെ നയിച്ച ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തപദ്ധതിക്ക് സാഹിത്യത്തിൽ ആഴത്തിലുള്ള വേരോട്ടം ഉണ്ടായി. തുടർന്ന് യുങ്, ലക്കാൻ, ആഡ്ലർ തുടങ്ങിയവരുടെ സങ്കൽപ്പനങ്ങൾ സാഹിത്യത്തിലേക്ക് പ്രയോഗിക്കപ്പെടുകയും വിശകലനം നടത്തപ്പെടുകയും ചെയ്തു. മനോവിജ്ഞാനീയ രംഗത്ത് ഫ്രോയിഡ് ആവിഷ്കരിച്ച ചിന്താധാരകൾ സർഗ്ഗാത്മകരചനയേയും സാഹിത്യസിദ്ധാന്തത്തേയും വലിയ അളവിൽ സ്വാധീനിച്ചു. സ്വപ്നങ്ങളുടെ വ്യാഖ്യാനം (The Interpretation of dreams) എന്ന പുസ്തകത്തിൽ മനസ്സിന്റെ വിവിധ തലങ്ങളെ ഫ്രോയിഡ് വിശദമാക്കുന്നുണ്ട്. അബോധം (Unconscious), പൂർവ്വബോധം (pre-conscious), ഉപരിബോധം (subconscious) എന്നിങ്ങനെ മൂന്ന് അറകൾ മനസ്സിലുണ്ടെന്നും, അവ യഥാക്രമം ഇദ്ദ് (Id), ഈഗോ (Ego), സൂപ്പർ ഈഗോ (super Ego) എന്നീ മാനസികശക്തികൾക്ക് അധീനമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മനസ്സിന്റെ മൂന്ന് ശക്തികളിൽ സൂപ്പർഈഗോയുടെ സാക്ഷാത്കാരത്തിനായുള്ള യത്നത്തിൽ ബോധമണ്ഡലത്തിന് അബോധമണ്ഡലത്തിലെ പ്രേരണകൾ വിഘ്നമായിത്തീരുന്നു. അബോധമനസ്സിന്റെ പ്രേരണകളിൽനിന്ന് മുക്തിനേടാൻ അതിനെ അമർത്തിക്കളയുകയോ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പ്രകാശിപ്പിക്കുകയോ ചെയ്യുന്നു. പാശ്ചാത്യചിന്തയ്ക്ക് ഫ്രോയിഡ് നൽകിയ മികച്ച

 ISSN: 2582 - 2594

സംഭാവനകളിൽ ഒന്നാണ് അബോധം എന്ന കാഴ്ചപ്പാട്. മനസ്സിന്റെ ഏറ്റവും വലിയ ഭാഗമാണിത്. ആഗ്രഹങ്ങളുടെയും സ്മരണകളുടെയും ഉറവിടമാണിത്. വ്യക്തി അനുഭവിച്ച ദുരന്തങ്ങൾ, മാനസിക മുറിവുകൾ അബോധത്തിലാണ് സൂക്ഷിക്കുക. അബോധം എല്ലാവിധ പ്രചോദനങ്ങളുടെയും കേന്ദ്രമാണ്. ഈയൊരു പ്രചോദനത്തെ ബോധംകൊണ്ട് നിഷേധിക്കുകയോ തടയുകയോ ചെയ്താലും മറ്റൊരു രൂപത്തിൽ മനസ്സിലേക്ക് തന്നെ തിരിച്ചുവരും. ഇത്തരത്തിൽ അടിച്ചമർത്തപ്പെട്ട പ്രേരണകളാണ് കലാവ്യാപാരമായും കലാസൃഷ്ടികളായും പ്രത്യക്ഷപ്പെട്ട് മനസ്സിനെ/ജീവിതത്തെ സംതൃപ്തമാക്കുന്നത് എന്നാണ് ഫ്രോയിഡിന്റെ അഭിപ്രായം. ഫ്രോയിഡിന്റെ ശിഷ്യനായ യുങിന്റെ വീക്ഷണത്തിൽ മനസ്സിന്റെ അബോധതലം മൃഗീയവും അസാമൂഹികവുമായ വാസനകളുടെ കലവറയല്ല. മറിച്ച്, ബോധതലത്തിന്റെ ഉല്പത്തിയും നിലനില്പും അബോധതലത്തിന്റെ അടിസ്ഥാനത്തിലാണ്. ബോധാബോധതലങ്ങളെ മൊത്തത്തിൽ 'സൈക്ക്' എന്ന് അദ്ദേഹം പറയുന്നു. സൈക്കിന്റെ ചൈതന്യത്തിന് 'ലിബിഡോ' എന്ന് നാമകരണം ചെയ്യുന്നു. ലിബിഡോയുടെ അഭിലാഷങ്ങൾ നിർവഹിക്കപ്പെടാതെ വരുമ്പോൾ മനസ്സ് രോഗഗ്രസ്തമാകുന്നു. ഒരു വ്യക്തിയിൽ ബോധാബോധമനസ്സുകൾക്ക് പുറമേ ശക്തമായ സ്വാധീനം ചെലുത്തുന്ന സമൂഹാവബോധമനസ്സ് കൂടിയുണ്ടെന്ന് വ്യക്തമാക്കുന്നു. ഓരോരുത്തരുടെയും സഹജവാസന അനുസരിച്ചുള്ള പ്രവർത്തനത്തിൽ നിന്ന് അതിന്റെ സാന്നിധ്യം മനസ്സിലാക്കാം. മനുഷ്യവർഗ്ഗത്തിന്റെ ഭൂതകാല ചരിത്രത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ ജീവിതത്തെ കാണാനും അനുഭവിക്കാനും ഉള്ള പ്രവണതയെ യുങ് ആദിപ്രരൂപം (archetypical) എന്ന് വിശേഷിപ്പിക്കുന്നു. ഇവ പൂർവികരുടെ ജയാപജയങ്ങളെയും ഭയാശങ്കകളെയും ഉൾക്കൊള്ളുന്നു. ഇതിന്റെ സങ്കേതം അപബോധമനസ്സാണ്. മനുഷ്യമനസ്സിൽ നിഗൂഢമായി കിടക്കുന്ന ഈ ഇമേജുകളിലൂടെയാണ് മനുഷ്യൻ ഈശ്വരനെയും രാക്ഷസനെയും ശക്തിമത്തുകളായ ചിന്തകളെയും സംഭരിച്ചിട്ടുള്ളത്. ആദിപ്രരൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയും കലയെയും കലാകാരനെയും സംബന്ധിച്ച് ഏറ്റവും പ്രഭാവം ചെലുത്തുന്നവയുമാണ് അനിമ, അനിമസ്, ഇരുണ്ട സഹോദരൻ (dark brother) എന്നീ സങ്കല്പനങ്ങൾ.

ഓരോ മനുഷ്യനും അയാൾ അറിയുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു ഇരുണ്ട സഹോദരൻ കൂടിയുണ്ട്. തിന്മയുടെ പ്രതീകമായ ഈ അംഗത്തെ നിഴൽ (shadow) എന്ന് വിളിക്കുന്നു. വ്യക്തിത്വം ഭദ്രമാക്കാൻ ഈ നിഴലിനെ മെരുക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. Individuation എന്ന പദം കൊണ്ട് ഈ മെരുക്കി എടുക്കലാണ് യുങ് ഉദ്ദേശിക്കുന്നത്. മനുഷ്യവ്യക്തിത്വത്തിലെ പുരുഷനിൽ സ്ത്രീയും സ്ത്രീയിൽ പുരുഷനും ഉണ്ട്. പുരുഷനിലെ സ്ത്രീയ്ക്ക് അനിമ (anima) എന്നും സ്ത്രീയിലെ പുരുഷന് അനിമസ് (animus) എന്നുമാണ് പേര്.

തിരക്കഥാകൃത്തുക്കളുടെയും കഥാപാത്രങ്ങളുടെയും കലാകാരന്മാരുടെയും മനോസഞ്ചാരത്തെയും സാഹിത്യാസ്വാദനത്തെയും പഠിക്കുവാൻ ഈ തത്ത്വങ്ങൾ ഉപയോഗിക്കപ്പെട്ടു. ജയ ജയ ജയ ഹേ എന്ന സിനിമയിലെ ജയഭാരതിയും ഭർത്താവും തമ്മിലുള്ള അന്തഃസംഘർഷങ്ങൾ മനോവിജ്ഞാനീയ വിമർശനത്തിന്റെ സിദ്ധാന്തങ്ങൾ ഉപയോഗിച്ച് ഇവിടെ വിശകലന വിധേയമാക്കുന്നു.

സ്വത്വം, സ്ത്രീവാദം,പ്രതിരോധം

ഒരു വ്യക്തിയിൽ ചരിത്രത്തിന്റെയും സമൂഹത്തിന്റെയും സ്വാധീനത്താൽ രൂപപ്പെടുന്നതും സാഹചര്യങ്ങൾക്കനുസരിച്ച് പരിവർത്തന വിധേയമാകുന്നതുമാണ് സ്വത്വം. ലിംഗം, വർഗ്ഗം, ജാതി തുടങ്ങിയ സാമൂഹിക സാംസ്കാരിക ജീവശാസ്ത്രപരമായ കാര്യങ്ങൾ സ്വത്വത്തെ രൂപപ്പെടുത്തുന്നു. സ്ത്രീയുടെ ചരിത്രത്തെയും ജീവിതത്തെയും കുറിച്ചുള്ള അറിവിലൂടെ അവർ സ്വത്വത്തെ തിരിച്ചറിയുന്നു. നവോത്ഥാന ആശയങ്ങളും സാമൂഹിക വിപ്ലവങ്ങളും സ്ത്രീ ജീവിതത്തെ പരിവർത്തിപ്പിച്ചിട്ടുണ്ട്. എങ്കിലും സ്ത്രീയെന്ന രീതിയിൽ മനുഷ്യജീവിതത്തിലുള്ള അവകാശങ്ങൾ നേടിയെടുക്കുമ്പോഴും പല മട്ടിലുള്ള വിവേചനങ്ങൾ ഇന്നും തുടരുകയും അവർക്ക് ഈ വിവേചനം കൂടുതൽ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവർ കൂടുതൽ അടിച്ചമർത്തപ്പെട്ടവരാകുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സ്ത്രീവാദത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയും ചെയ്തു വന്നിടത്തുനിന്നും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് മറ്റൊരു തലമുണ്ടെന്നും അത് പരിഹരിക്കുകയാണ് വേണ്ടതെന്ന തിരിച്ചറിവാണ് നവീന സ്ത്രീവാദത്തിന്റെ കാഴ്ചപ്പാടും ലക്ഷ്യവും. സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ സമൂഹത്തിൽ തുറന്നുകാണിക്കാനും പരിഹാരങ്ങൾ നേടാനുള്ള ശ്രമങ്ങൾ ഉയർത്താനും ഇതിലൂടെ സാധിച്ചു. വിദ്യാസമ്പന്നരും ഉയർന്ന ജോലിയുള്ള സ്ത്രീകൾ പോലും പൊതുസമൂഹത്തിലും കുടുംബത്തിനുള്ളിലും പുരുഷാധിപത്യത്തിന് വഴങ്ങേണ്ടിവരുമ്പോൾ വിദ്യാഭ്യാസവും തൊഴിലുമില്ലാത്ത സാധാരണ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ ചെറുതൊന്നുമല്ല. സ്ത്രീകളെന്ന നിലയിൽ എല്ലാ പുരുഷന്മാരിൽനിന്നും നേരിടേണ്ടിവരുന്ന പുരുഷാധിപത്യ പീഡനങ്ങൾ, തൊഴിൽ എടുക്കുന്നവരെന്ന നിലയിൽ വർഗ്ഗപരമായ പീഡനം, ജാത്യധിഷ്ഠിതമായ പീഡനം, തുടങ്ങിയവ സ്ത്രീകൾ നേരിടേണ്ടിവരുന്ന വലിയ പ്രശ്നങ്ങളാണ്. ഈ പീഡനങ്ങളിൽ നിന്നും തങ്ങൾക്ക് പുറത്ത് കടക്കേണ്ടതുണ്ടെന്ന ചിന്ത സ്ത്രീവാദത്തിന് അടിത്തറയായി. ഇവയെ പ്രതിരോധിക്കേണ്ടതുണ്ടെന്ന ചിന്ത ഇന്ന് സ്ത്രീകളുടെ ജീവിതത്തിലും അവരെക്കുറിച്ചുള്ള ആഖ്യാനത്തിലും കടന്നുവരുന്നു. സ്ത്രീ എന്നുള്ള തങ്ങളുടെ സ്വത്വത്തിൽ അടിയുറച്ച് നിന്നുകൊണ്ടു തന്നെയാണ് അവർ പ്രതിരോധചിന്ത വികസിപ്പിക്കുന്നത്. തലമുറകളായി വിവേചനങ്ങളും ചൂഷണങ്ങളുമനുഭവിച്ച് വരുന്ന സ്ത്രീകളെക്കുറിച്ചുള്ള ആഖ്യാനത്തിലും അടിസ്ഥാനപരമായി രേഖപ്പെടുത്തുന്നതും അത്തരം ദുരനുഭവങ്ങളായിരിക്കും. അതിജീവിച്ചുപോന്ന വേദനകളെക്കുറിച്ചും വ്യവസ്ഥയോടുള്ള നിലപാടുകളെക്കുറിച്ചുമുള്ള ചിന്തകൾ പ്രതിരോധത്തിന്റേത് കൂടിയാകുന്നു. ഉത്തരാധുനിക ചിന്തകളായ സ്ത്രീവാദം, പാരിസ്ഥിതികവാദം, ദളിത് വാദം തുടങ്ങിയവയോട് പ്രതിരോധമെന്ന പദം വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ആധിപത്യവ്യവസ്ഥകൾക്കെതിരെ പ്രതിഷേധിക്കുക എന്നതാണ് പ്രതിരോധം കൊണ്ട് അർത്ഥമാക്കുന്നത്.

ഭാഷ–ഭാഷണം: പ്രതിരോധവും മനഃശാസ്ത്രവും

പഠിച്ചു മുന്നേറാൻ ശ്രമിക്കുന്ന ജയഭാരതി ഭാഷണത്തിലൂടെ സ്വന്തം ജീവിതത്തെ അടയാളപ്പെടുത്തിയിരിക്കുന്നതാണ് ജയ ജയ ജയ ജയ ഹേ സിനിമ യിൽ കാണുന്നത്. കേരളത്തിലെ സ്ത്രീകൾ കാലാകാലങ്ങളായി കുടുംബത്തിൽ അനുഭവിച്ചുപോന്ന അടിമത്തവും, ഒപ്പം അവയെ അതിജീവിച്ച് രൂപപ്പെടുത്തിയെടുത്ത പ്രതിരോധത്തിന്റെ പാഠങ്ങളും അവളുടെ ഭാഷണത്തിൽ

ISSN: 2582 - 2594

തെളിയുന്നു. "ഒരു പേര് പോലും ചേട്ടന്റെ പേരുമായി മാച്ച് ചെയ്യാൻ വേണ്ടി ഇട്ടതാണ്", "അച്ഛാ എനിക്ക് മാർ ഇവാനിയോസിൽ തന്നെ പഠിക്കണം. ബിഎസ്സ്സി ആന്ത്രോപോളജി പഠിക്കണം", "ചത്താലും ഞാൻ മാർഇവാനിയോസിലേ പഠിക്കത്തൊള്ളൂ.", "എനിക്കിപ്പോ കല്യാണം കഴിക്കണ്ട, അച്ഛാ എനിക്ക് പഠിക്കണം", "എനിക്ക് ഡിഗ്രി കംപ്ലീറ്റ് ചെയ്യണം, ഹയർ സ്റ്റഡീസിന് പോകണം, ജോലി വാങ്ങണം," ഭർത്താവിനോട് "എനിക്ക് പെറോട്ടയും ബീഫ് കറിയും വേണം", "ലൗലോലിക്ക ഇഷ്ടമല്ല" എന്ന് പറയാനുള്ള തന്റേടവും അവൾ കാണിക്കുന്നുണ്ട്. ബിരുദവും ഉന്നതബിരുദവും നിഷേധിച്ച കുടുംബത്തിൽ അവളുടെ അറിവിനെ കെട്ടിപ്പടുക്കാനും പുനരുജ്ജീവിപ്പിക്കാനും ഉതകുന്ന ആയുധമായി അവൾ സ്വയം ചിട്ടപ്പെടുത്തിയെടുക്കുന്നു. മൊബൈലിൽ ലൈവ് വീഡിയോ ക്ലാസ്സ് കണ്ടു രൂപപ്പെടുത്തിയെടുത്തതായ തയ്യൽ പഠനത്തിലൂടെയും അഭ്യാസമുറകളിലൂടെയും അറിവിനെ വിനിമയം ചെയ്യുന്നു. അവയെ ശക്തമായ ഒരു പ്രതിരോധമാർഗ്ഗമായി മാറ്റിയെടുക്കാൻ അവൾക്ക് സാധിച്ചു. പുരുഷമേൽക്കോയ്മയോട് ശക്തമായി പ്രതിരോധിക്കാനും പ്രതികരിക്കാനും അവൾക്ക് കഴിഞ്ഞു എന്നുള്ളത് സിനിമയുടെ രണ്ടാംപകുതിയിലുടനീളം കാണാം.

ഭർത്താവിന്റെ കോഴിഫാമിൽ പണിയെടുക്കുവാനോ അവിടെ പ്രവേശിക്കാനോ പോലുമുള്ള സ്വാതന്ത്ര്യം അവൾക്കില്ലായിരുന്നു. പുരുഷന്മാർ മാത്രം പണിയെടുക്കുന്ന കോഴിഫാമിൽ അവളെ പുറത്തുനിർത്തുമ്പോൾ സ്ത്രീകൾക്ക് പുരുഷന്മാർ കൽപ്പിക്കുന്ന നിലയെന്തെന്ന് അവൾ തിരിച്ചറിയുന്നുണ്ട്. അതിനെതിരെയുള്ള പ്രതിരോധമാണ് ഭർത്താവിന് ഡൈവോഴ്സ് നൽകി അവൾ മറ്റൊരു കോഴി ഫാമിലെ മുതലാളിയായി മാറുന്നത്. തന്റെ സ്ത്രീസ്വത്വത്തിൽ അടിയുറച്ചു നിന്നുകൊണ്ടാണ് ജയഭാരതി കോടതിമുറിയിൽ ജഡ്ജിയോട് സംസാരിക്കുന്നത്. താനൊരു സ്ത്രീയായതുകൊണ്ട് തന്നോട് ചോദിക്കാതെയാണ് ഡൈവോഴ്സിന് ഭർത്താവ് അപേക്ഷ നൽകിയതെന്നും, തനിക്ക് അയാളോട് അഞ്ച് മിനിറ്റ് സംസാരിക്കണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്ത്രീ സ്വത്വബോധത്തിൽ അധിഷ്ഠിതമായ പ്രതിരോധം അവൾ മുന്നോട്ടുവയ്ക്കുന്നു.

സ്ത്രീകൾ സമൂഹത്തിലും സ്വന്തം കുടുംബത്തിനുള്ളിലും രണ്ടാം തരക്കാരായി കരുതപ്പെടുന്നതും ചൂഷണങ്ങൾ അനുഭവിക്കുന്നതും സിനിമയിൽ കാണാം. കുട്ടിയായ ജയഭാരതി മരക്കൊമ്പിൽ കയറിയിരുന്ന ആൺകുട്ടികളോടൊത്ത് കളിക്കുമ്പോൾ അമ്മാവൻ അവളെ മാത്രം താഴെയിറക്കിവിടുന്നു. ചേട്ടൻ പഠിച്ച പുസ്തകങ്ങളും ചേട്ടന്റെ പഴയ കുപ്പായങ്ങൾ തുന്നിയതുമാണ് പെണ്ണായത് കൊണ്ട് മാത്രം അവൾക്ക് ലഭിക്കുന്നത്. ഭർത്താവ് പെണ്ണുങ്ങളെ തല്ലുന്നത് പുതുമയുള്ള കാര്യമല്ല, എന്നാൽ തൊട്ടതിനും പിടിച്ചതിനുമൊക്കെ തല്ലുന്നതിനെക്കുറിച്ചും ആറു മാസം കൊണ്ട് 21 അടിയാണ് ലഭിച്ചതെന്നും അങ്ങനെയാണെങ്കിൽ 40 വർഷം കഴിയുമ്പോൾ എത്ര അടിയാണ് ലഭിക്കുന്നത് എന്നും അവൾ ചോദിക്കുന്നുണ്ട്. സ്ത്രീകളോടുള്ള ശാരീരികമായ അതിക്രമങ്ങളെയും ലൈംഗികചൂഷണങ്ങളെയും സ്ത്രീകൾക്ക് പ്രതിരോധിക്കേണ്ടതുണ്ടായിരുന്നതുകൊണ്ട് അവളുടേതായ പ്രതിരോധതന്ത്രങ്ങൾ അവൾ സ്വയം രൂപപ്പെടുത്തി.

സ്ത്രീശരീരം ലൈംഗികമായി അതിക്രമിച്ചു കീഴടക്കുക എന്ന പുരുഷാധിപത്യത്തിന്റെ നയത്തിന് ഇരയായ ദുരനുഭവം ജയഭാരതിക്ക് ഉണ്ടായി. ബി.പി കൂടി അബോർഷൻ ആയ സമയത്ത് ഭർത്താവും കുടുംബക്കാരും ഉൾപ്പെടെയുള്ളവർ കുറ്റപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യുമ്പോൾ തീർത്തും നിസ്സഹായാവസ്ഥയാണ് ജയഭാരതിക്ക് ഉണ്ടായിരുന്നത്. കരഞ്ഞിട്ടു

കാര്യമില്ല എന്നും പെണ്ണിന്റെ കണ്ണീരിനു പോലും വിലയില്ലെന്നും അനുഭവം കൊണ്ട് അവൾ തിരിച്ചറിയുന്നു. പ്രതിഷേധിക്കാനും ശബ്ദമുയർത്താനും സാധിക്കാത്ത സ്ത്രീകൾ തങ്ങളുടേതായ ഏതെങ്കിലും തരത്തിലുള്ള പ്രതിരോധം രൂപപ്പെടുത്തുന്നുണ്ട്. അപമാനിക്കപ്പെട്ടിടത്ത് നിന്നും സ്വയം വിട്ടുപോന്നുകൊണ്ടാണ് അവൾ തന്റെ സ്വത്വബോധത്തെയും ആത്മാഭിമാനത്തെയും സംരക്ഷിക്കുന്നത്. ആരുടെയും പിൻബലം ഇല്ലാതെ ശക്തമായ പ്രതിഷേധം തീർക്കാനും സമൂഹത്തിന്റെയും കുടുംബത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ ആകർഷിക്കാനും അവളുടെ ലക്ഷ്യം നേടിയെടുക്കാനും സമര പോരാളിയായ അവൾക്ക് സാധിച്ചു. സ്ത്രീ എന്ന നിലയിൽ അവൾക്ക് നേരിടേണ്ടി വന്ന വെല്ലുവിളികൾ അവളുടെ പോരാട്ടങ്ങൾ പുരോഗമിക്കുമ്പോൾ ക്രമേണ അപ്രത്യക്ഷമാകുന്നതായി കാണാം. ഇപ്രകാരം പ്രത്യേക തരത്തിൽ ലഭ്യമാകുന്ന ദൃശ്യതയും അത് ഉയർത്തുന്ന പ്രതിരോധവും തമ്മിലുള്ള ഘർഷണത്തിന്റെ സൂക്ഷ്മതകളിലാണ് ജയ ജയ ജയ ജയ ഹേ യിൽ സ്ത്രീ അനുഭവത്തിന്റെ സങ്കീർണത കുടികൊള്ളുന്നത്. സ്ത്രീ സ്വത്വത്തിന് കീഴിൽ തങ്ങളുടെ അതിജീവനത്തിനായി സ്ത്രീകൾ രൂപപ്പെടുത്തിയ പ്രതിരോധത്തിന്റെ അടയാളപ്പെടുത്തലാണ് ഇവിടെ കാണുന്നത്.

ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ ഒരു സ്ത്രീയുടെ മനസ്സിന്റെ അകത്തളങ്ങളിൽ നടന്ന സംഘർഷം മനഃശാസ്ത്രപരമായി അപഗ്രഥിച്ചിരിക്കുന്നു. ഓരോ മനുഷ്യനിലും ലീനമായിരിക്കുന്ന ഹിംസവാസനയുടെ പ്രതിഫലനമാണ് മറ്റുള്ളവരുടെ ഹിംസവാസനയായി ഓരോ വ്യക്തിക്കും അനുഭവപ്പെടുന്നത്. ജയ ജയ ജയ ജയ ഹേ എന്ന സിനിമയും ഈ മനഃശാസ്ത്രതത്വമാണ് അനാവരണം ചെയ്യുന്നത്. മനോവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ജന്മവാസനയുടെ ഒരു ഇര എന്ന നിലയ്ക്ക് ജയഭാരതിയെ കാണാവുന്നതാണ്. പ്രതികാരം ജനിക്കുന്നത് എങ്ങനെയെന്ന് ധ്വന്യാത്മകമായി അവതരിപ്പിക്കുന്ന ജയ ജയ ജയ ജയ ഹേ എന്ന സിനിമയിൽ ഫ്രോയിഡിന്റെ പ്രേരണാശക്തി തിരക്കഥാകൃത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു. അടിച്ചമർത്തപ്പെട്ട തീക്ഷ്ണവികാരങ്ങൾ ഇരട്ടി ശക്തിയോടെ ഉയർത്തെഴുന്നേറ്റ് പ്രതികാരം ചെയ്യുമെന്ന ഫ്രോയിഡിയൻ മനഃശാസ്ത്രദർശനത്തിന്റെ ദൃഷ്ടാന്തമാണ് ജയഭാരതി.

സ്ത്രീയുടെ ഉള്ളിലെ പുരുഷ ചൈതന്യമായ അനിമസിനെ മുൻനിർത്തി പഠിക്കുമ്പോൾ ജയഭാരതിയുടെ ഉള്ളിലെ പുരുഷചൈതന്യമായ അനിമസാണ് അവളെ പ്രതിരോധിക്കാൻ പ്രാപ്തയാക്കുന്നത്. രാജേഷിന്റെ അടി തടുക്കാൻ പാകത്തിൽ രഹസ്യമായി അഭ്യാസമുറകൾ അഭ്യസിക്കുന്നതും അവളുടെ ഉള്ളിൽ അനിമസ് ഉള്ളതുകൊണ്ടാണ്. ചുരുക്കത്തിൽ ജയഭാരതിയുടെ അനിമസ് രാജേഷിൽ താദാത്മ്യം പ്രാപിക്കുന്നു.

പുരുഷന്റെ അബോധത്തിലുള്ള സ്ത്രൈണചേതനയായ അനിമയെ മുൻനിർത്തി ജയഭാരതിയുടെ ഭർത്താവായ രാജേഷിനെ വിലയിരുത്താം. അനിമയുടെ മുഖ്യധർമ്മങ്ങളായ രതി, വിനയം, ഭക്തി, ലജ്ജ, ശോകം തുടങ്ങിയ ഭാവങ്ങൾ സിനിമയിലുടനീളം രാജേഷ് എന്ന കഥാപാത്രത്തിൽ ആവിഷ്കരിക്കുമ്പോൾ രാജേഷിന് ഉണ്ടാകുന്ന സ്ത്രൈണപരിവേഷത്തിന്റെ മനോഹാരിത എടുത്തുപറയേണ്ടതാണ്. ജയഭാരതി ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി ഇറങ്ങിപ്പോയ സന്ദർഭത്തിൽ രാജേഷിന് ഉണ്ടായ വിരഹവും ഉത്കണ്ഠയും അനിമാധർമ്മത്തെ പ്രതിനിധാനം ചെയ്യുന്നു. "ഈ കാണുന്ന ജാഡയൊക്കെയേ ഉള്ളൂ, ഒറ്റയ്ക്ക് പറ്റില്ല"എന്ന രാജേഷിന്റെ വാക്കുകളിൽ വിരഹോൽകണ്ഠ പ്രകടമാകുന്നുണ്ട്.

ISSN: 2582 - 2594

ഭാഷയാണ് പ്രതിരോധത്തിന്റെ ശക്തമായ ഒരു ഉപാധിയായി ജയഭാരതിയെ രൂപപ്പെടുത്തിയതെന്ന് ജയ ജയ ജയ ജയ ഹേ എന്ന സിനിമ സാക്ഷ്യപ്പെടുത്തുന്നു. ഇത്തരത്തിൽ ഭാഷയിലൂടെ അനുഭവങ്ങളുടെയും വിവേചനങ്ങളുടെയും പങ്കുവയ്ക്കലിലൂടെ ജയ ജയ ജയ ജയ ഹേ സ്ത്രീസ്വത്വത്തിന്റെയും പെൺപ്രതിരോധത്തിന്റെയും പാഠങ്ങൾ സൃഷ്ടിക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ:

1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ് , 2003
2. പ്രശാന്ത് കുമാർ എൻ ഡോ., സ്ത്രീത്വദർശനം ഒരവലോകനം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1998
3. ജയകൃഷ്ണൻ എൻ, പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
4. ദേവിക ജെ, സ്ത്രീവാദം, സി.സി ബുക്സ്, കോട്ടയം, 2000
5. മീര വി, സ്ത്രീ സമത്വവാദത്തിന്റെ രാഷ്ട്രീയം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1992
6. രശ്മി ബിനോയ്, ചരിത്രത്തിലെ പെണ്ണിടങ്ങൾ, ആധുനിക സ്ത്രീപഠനത്തിന് ഒരാമുഖം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008
7. അച്യുതൻ എം, പാശ്ചാത്യ സാഹിത്യദർശനം, കോട്ടയം, എൻ ബി എസ്,1991
8. ലീനാറാണി, സാഹിത്യവും മനോവിജ്ഞാനീയവും, ഭാഷാസാഹിതി, കേരള സർവകലാശാല മലയാള വിഭാഗത്തിന്റെ ത്രൈമാസിക പ്രസിദ്ധീകരണം, ജനവരി-മാർച്ച് 1998
9. Lawrence. D H, foundation of the conscious, penguin Books,1997
10. Herbert Read,Michal Fardhan M.D. MRCP, Gerhard Adler(Ed)CJ Jung, Psychological types vl.6, 'The collected Works', H .G Baynes(Tr), London:Routledge and Kegan Paul Ltd, 1975
11. The Encyclopaedia Britanica in 30 Volume.Micro vol.V

ജൈനമതസ്വാധീനം തെക്കേ ഇന്ത്യയിൽ - തിരുച്ചരണത്ത് മല ക്ഷേത്രത്തെ ആസ്പദമാക്കി ഒരു പഠനം

ഡോ. ബിജികുമാരി പി.
അസ്സോസിയേറ്റ് പ്രൊഫസർ
ചരിത്രവിഭാഗം, ഗവ. കോളജ്,
നെടുമങ്ങാട്
E-mail: bijikumaryp@gmail.com

സംഗ്രഹം

ബ്രാഹ്മണ മേധാവിത്വത്തിനെതിരെ രൂപംകൊണ്ട ബുദ്ധജൈനമതങ്ങൾ ക്രമേണ ഇന്ത്യയിലുടനീളം വ്യാപിച്ചു. ബി.സി മൂന്നാം നൂറ്റാണ്ടിൽ കർണ്ണാടകയിൽനിന്നും തെക്കേഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലേക്ക് സ്വാധീനമുറപ്പിച്ച ജൈനസന്യാസിമാർ സ്ഥാപിച്ച പല ക്ഷേത്രങ്ങളും പിന്നീട് ഹിന്ദുക്ഷേത്രങ്ങളായി മാറി. തിരുച്ചരണത്ത് മലക്ഷേത്രം അതിന് ഉദാഹരണമാണ്. എന്നാൽ പ്രതിബന്ധങ്ങളെ അതിജീവിച്ച് ഇന്നും ജൈനക്ഷേത്രങ്ങളായി നിലകൊള്ളുന്നവയുമുണ്ട്. കർണ്ണാടകയിലെ ശ്രാവണബെലഗോള, തമിഴ്നാട്ടിലെ നാഗർകോവിൽ നാഗരാജക്ഷേത്രം എന്നീ ജൈന ക്ഷേത്രങ്ങൾ ശില്പചാരുതയിൽ പ്രസിദ്ധമാണ്. കേരളത്തിൽ വയനാട്, പാലക്കാട്, കാസർകോഡ് ജില്ലകളിൽ പ്രസിദ്ധമായ ജൈനക്ഷേത്രങ്ങളുണ്ട്. ചരിത്രപൈതൃക മുൾക്കൊള്ളുന്ന തിരുച്ചരണത്ത് മല ദേവീക്ഷേത്രം പഴയകാലത്തെ പ്രമുഖമായ ജൈന ക്ഷേത്രമായിരുന്നുവെന്ന് പ്രസ്തുത പഠനത്തിലൂടെ മനസ്സിലാക്കാം.

താക്കോൽവാക്കുകൾ: ജൈനമതം, മഹാവീരൻ, ദിഗംബരൻമാർ, ശാസനങ്ങൾ, ഭട്ടാരിയർ.

ബി.സി. അഞ്ചാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ രൂപംകൊണ്ട രണ്ടു പ്രധാന മത വിഭാഗങ്ങളാണ് ബുദ്ധമതവും ജൈനമതവും. ഹിന്ദുമതത്തിന്റെ ഭാഗമായി നിലനിന്നിരുന്ന മൃഗബലി, ബ്രാഹ്മണ മേധാവിത്വം, ആചാരാനുഷ്ഠാനങ്ങൾ എന്നിവക്കെതിരെ രൂപംകൊണ്ട ഈ മതങ്ങളിലേക്ക് സാധാരണക്കാർ ആകൃഷ്ടരായി. പ്രാദേശിക ഭാഷകളായ പാലി, പ്രാകൃത് ഇവയുടെ ഉപയോഗം മൂലം മതപരമായ ആശയങ്ങൾ പെട്ടെന്ന് ജനങ്ങളിലെത്തുന്നതിനു കാരണമായി. നിരവധി രാജാക്കന്മാരും മതപ്രചാരകരായി മാറിയതോടെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങ

ISSN: 2582 - 2594

ളിലേക്ക് പുതിയ മതങ്ങൾ വ്യാപിച്ചു. ബി.സി മൂന്നാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിലേയ്ക്കുള്ള ജൈനമത പ്രചാരണത്തിന് നേതൃത്വം നൽകിയത് മൗര്യ ചക്രവർത്തിയായ ചന്ദ്രഗുപ്തമൗര്യർ ആയിരുന്നു. ജൈനമതം സ്വീകരിച്ച അദ്ദേഹം രാജ്യത്ത് ഭക്ഷ്യക്ഷാമമുണ്ടായ അവസരത്തിൽ ദിഗംബരസന്യാസിയായ ഭദ്രബാഹുവിനോടൊപ്പം അനുയായികളുമായി കർണ്ണാടകയിലെ ശ്രാവണബെലഗോളയിലെത്തി. പിന്നീട് തെക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും ജൈന സന്യാസിമാർ എത്തിച്ചേർന്നു.

ദിഗംബര സന്യാസിമാർക്ക് ശൈവ, ഹിന്ദു വിഭാഗങ്ങളിൽനിന്നും പലവിധത്തിലുള്ള ആക്രമണങ്ങൾ നേരിടേണ്ടിവന്നു. അങ്ങനെ ഒരു വിഭാഗം സന്യാസിമാർ കബനീതീരത്ത് പനമരം ഭാഗത്ത് എത്തിച്ചേർന്നു. ഇവരാണ് ബൈൽ നാട് എന്നറിയപ്പെട്ടിരുന്ന വയനാട്ടിൽ ജൈനമതം പ്രചരിപ്പിച്ചത്. കന്നടഭാഷ സംസാരിക്കുന്ന ഇവർ ഗൗഡ എന്ന നാമത്തിൽ അറിയപ്പെട്ടു. ബത്തേരി ജൈനക്ഷേത്രം പഴയകാലത്ത് കിടങ്ങാട് ബസ്തി എന്നും ബത്തേരിയുടെ പഴയ പേര് ഹെന്നരെട് ബെഥി എന്നും രേഖകളിൽ സൂചിപ്പിക്കുന്നു[1]. ജൈനസന്യാസിമാരുടെ പന്ത്രണ്ട് തെരുവുകൾ അഥവ വാസസ്ഥലങ്ങൾ എന്ന അർത്ഥത്തിലാണ് പ്രസ്തുത വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് എം.ആർ. രാഘവവാര്യർ അഭിപ്രായപ്പെടുന്നു. ബെന്നഗഡ്, ഹൊസനഗഡി എന്നീ സ്ഥലനാമങ്ങൾ കർണ്ണാടകയുമായുള്ള പഴയകാല ബന്ധത്തിന്റെ തെളിവാണ്.

വയനാട് കൂടാതെ ജൈനസ്വാധീനമുള്ള മറ്റൊരു മേഖലയാണ് കാസർഗോഡ് ജില്ല. ചതുർമുഖബസ്തിഎന്നറിയപ്പെടുന്ന ക്ഷേത്രത്തിൽ മഹാവീരന്റെയും, പാർശ്വനാഥൻ ആദിനാഥൻ, ചന്ദ്രപ്രഭ എന്നീ തീർത്ഥങ്കരന്മാരുടെയും വിഗ്രഹങ്ങൾ സ്ഥാപിച്ചിരിക്കുന്നു. പാലക്കാട് ജില്ലയിൽ ജൈനമേട് ക്ഷേത്രം പാർശ്വനാഥന്റെ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്ന പുരാതന ക്ഷേത്രമാണ്. ഇരിഞ്ഞാലക്കുട കൂടൽമാണിക്യം ഭരതേശ്വരക്ഷേത്രത്തിൽ ജൈനതീർത്ഥങ്കരനായ ഋഷഭദേവന്റെ മകനായ ഭരതനെയാണ് ആരാധിച്ചിരുന്നത്. എന്നാൽ പിന്നീട് ശ്രീരാമ സഹോദരനായ ഭരതന്റെ പേരിൽ അറിയപ്പെട്ടു തുടങ്ങി[2]. മൂവാറ്റുപുഴ കല്ലിൽ ഭഗവതി ക്ഷേത്രം ഒരിക്കൽ ജൈനക്ഷേത്രമായിരുന്നുവെന്നും ഇപ്പോഴും മഹാവീരന്റെയും പാർശ്വനാഥന്റെയും വിഗ്രഹങ്ങൾ ആരാധിക്കുന്നുവെന്നും മനസ്സിലാക്കാം.

സംഘകാലഘട്ടത്തിൽ ജൈനബുദ്ധമത വിശ്വാസം തമിഴ് ജനതയെ സ്വാധീനിച്ചിരുന്നു വെന്ന് പിൽക്കാല സംഘകൃതികളിൽനിന്നും വ്യക്തമാകുന്നു. മണിമേഖല, ചിലപ്പതികാരം, മധുരൈകാഞ്ചി, ജീവക ചിന്താമണി എന്നീ കൃതികൾ ഉദാഹരണങ്ങളാണ്. തമിഴ്നാടിന്റെ വടക്കൻപ്രദേശങ്ങളായ വെല്ലൂർ, വില്ലുപുരം, കാഞ്ചിപുരം, തഞ്ചാവൂർ, മധുര എന്നീ പ്രദേശങ്ങൾ ജൈനകേന്ദ്രങ്ങളായിരുന്നു. ജൈനസന്യാസിയായിരുന്ന വജ്രനന്ദിയുടെ അധ്യക്ഷതയിൽ ഒരു മതസമ്മേളനം മധുരയിൽ സംഘടിപ്പിച്ചിരുന്നു[3]. കന്യാകുമാരി ജില്ലയിലെ പ്രസിദ്ധ ജൈനക്ഷേത്രങ്ങളാണ് നാഗർകോവിൽ നാഗരാജ ക്ഷേത്രം, ഇപ്പോൾ ശിവക്ഷേത്രമായി ആരാധിക്കുന്ന തിരുനന്ദിക്കര, ചിതറാൾ ഭഗവതിക്ഷേത്രം മുതലായവ.

മലൈകോവിൽ എന്നറിയപ്പെടുന്ന ചിതറാൾ ഭഗവതി ക്ഷേത്രം ചരിത്രപൈതൃകം പേറുന്ന ജൈനക്ഷേത്രമായിരുന്നു. വിളവൻകോട് താലൂക്കിൽ ചിതറാൾ വില്ലേജിലാണ് തിരുച്ചരണത്ത് മലക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചരണങ്ങൾ എന്നത് ജൈനസന്യാസിമാരെ സൂചിപ്പിക്കുന്നതായി ഡോ. എം.ജി.എസ്സ് നാരായണൻ അഭിപ്രായപ്പെടുന്നു.[4] തിരുചരണങ്ങൾ പതിഞ്ഞ് പവിത്രമായ ഇവിടത്തെ ജൈനവിഗ്രഹങ്ങൾ എ.ഡി. ഒൻപതാം നൂറ്റാണ്ടിൽ സ്ഥാപിച്ചതാണെ

ന്ന് കരുതുന്നു. എന്നാൽ എ.ഡി. പതിമൂന്നാം നൂറ്റാണ്ടു മുതൽ ഇത് ഒരു ഭഗവതിക്ഷേത്രമായി അറിയപ്പെടുന്നു. 1958 മുതൽ തമിഴ്നാട് ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകമായ ക്ഷേത്രത്തിൽനിന്നും പതിനേഴ് ശാസനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പന്ത്രണ്ടെണ്ണം ജൈനമതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാക്കി അഞ്ചെണ്ണം ഭഗവതി ക്ഷേത്രത്തിന്റെ പരാമർശങ്ങൾ അടങ്ങിയവയാണ്.

ക്ഷേത്രത്തിനുസമീപത്തായി സ്ഥാപിച്ചിരിക്കുന്ന കൽസ്തൂപത്തിൽ തമിഴ്വട്ടെഴുത്തു ലിപിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാസനത്തിൽ AD 1250 ൽ കീഴ് വെമ്പനാട്ടിലെ രാജവല്ലപുരത്തെ നാരായണൻ തിരുചരണത്ത് മല ഭഗവതി ക്ഷേത്രനടത്തിപ്പിലേക്ക് പണം നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്ന[5]. ആയ് രാജാവായ വിക്രമാദിത്യ വരഗുണന്റെ ഇരുപത്തിയെട്ടാം ഭരണവർഷത്തിൽ രേഖപ്പെടുത്തിയ വട്ടെഴുത്ത് ലിപിയിലെ ശാസനത്തിൽ പേരയക്കുടി അരിട്ടനേമി ഭട്ടാരയുടെ ശിഷ്യനായ ഗുണൻ ദൻഗി കരട്ടിങ്ങൽ തിരുച്ചനാട്ട് മല ഭട്ടാരിയാർക്ക് സ്വർണ്ണാഭരണങ്ങൾ സമർപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.[6] പേരയക്കുടി എന്നത് കഴുഗമല എന്ന പ്രദേശമാണെന്ന് കരുതുന്നു. കാരണം കഴുഗമല പ്രസിദ്ധമായ ജൈന കേന്ദ്രമായിരുന്നു. കൂടാതെ ഭട്ടാരർ അഥവ ഭട്ടാരി എന്ന പ്രത്യയം ജൈനസന്യാസിമാരെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീട് ഹിന്ദുദൈവങ്ങളേയും പരാമർശിക്കാൻ ഇതേ പ്രത്യയം ഉപയോഗിച്ചിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ മലയാളം വട്ടെഴുത്ത് ലിപിയിലുള്ള കുമാരനല്ലൂർ രേഖയിൽ ഭഗവതിയെ ഭട്ടാരിയാർ എന്നു വിശേഷിപ്പിക്കുന്നു.[7] തിരുനന്ദിക്കര രേഖയിൽ ശിവഭഗവാനെ തിരുനന്ദിക്കര ഭട്ടാരർ എന്നു സൂചിപ്പിക്കുന്നു.[8]

പ്രകൃതിദത്തമായ അതിവിശാലമായ കൂറ്റൻ പാറക്കൂട്ടങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് തിരുച്ചരണത്തു മല. ദിഗംബര സന്യാസിമാരുടെ ജീവിതത്തിനും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിനും യോജിച്ച തിരുച്ചരണത്ത് പള്ളി ഒരു വിദ്യാഭ്യാസ സ്ഥാപനം കൂടിയായിരുന്നെന്ന് രേഖകളിൽനിന്നും മനസ്സിലാക്കാം. പതിനാറ് കൽത്തൂണുകളോട് കൂടിയ മഹാമണ്ഡപത്തിൽ മഹാവീരൻ, പാർശ്വനാഥൻ, പത്മാവതി മറ്റ് തീർത്ഥങ്കരൻമാർ തുടങ്ങിയവരുടെ അർദ്ധപത്മാസന രൂപത്തിലുള്ള വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. കൽത്തൂണുകളിൽ യക്ഷൻ, യക്ഷിണി, ജ്വാലാമാലിനി എന്നിവരുടെ ശില്പങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. യക്ഷൻമാരെ ശാസന ദേവൻമാർ എന്നറിയപ്പെടുന്നു. മുഖ്യപ്രതിഷ്ഠകളുടെ ഉപദേവൻമാരായി ഇവർ നിലകൊള്ളുന്നു. പതിനാറ് വിദ്യാദേവി സങ്കല്പവും ജൈനമതത്തിനുണ്ട്. യക്ഷിണിമാർ പിന്നീട് ഹിന്ദുദേവതമാരായി പൂജിക്കപ്പെട്ടിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു.

മഹാമണ്ഡപത്തിനു മുന്നിലായി വരാന്തയിലാണ് കൽത്തൂണുകൾ. അവയ്ക്ക് സമീപത്തായി ബലിപീഠം സ്ഥാപിച്ചിരിക്കുന്നു. സമീപത്തായി മടപ്പള്ളി അഥവ അടുക്കള സ്ഥിതിചെയ്യുന്നു. മഹാമണ്ഡപത്തിനു സമീപത്തായി നിർമ്മിച്ചിരിക്കുന്ന ശില്പങ്ങളിൽ ആന, സിംഹം, മത്സ്യം, കുരങ്ങ്, സർപ്പം എന്നീ രൂപങ്ങളും കാണാം. പ്രകൃതിയോടിണങ്ങി വനാന്തർഭാഗങ്ങളിൽ വസിച്ചിരുന്ന ജൈനൻമാർ നാഗാരാധനക്ക് പ്രത്യേക പരിഗണന നല്കിയിരുന്നു. മഹാമണ്ഡപത്തിനു മുകളിലായി ശില്പഭംഗിയിൽ ചെറുഗോപുരം സ്ഥിതിചെയ്യുന്നു. ക്ഷേത്രത്തിനു സമീപത്തായി ജലലഭ്യതയുള്ള ഒരു കുളം കാണാം.

കർണ്ണാടകയിലെ ശ്രാവണബെലഗോളയിലെ ജൈനക്ഷേത്രവും തിരുച്ചരണത്തുമലക്ഷേത്രവും തമ്മിൽ സാദൃശ്യമുണ്ട്. ഇവ രണ്ടും അതിവിശാലമായ പാറക്കൂട്ടങ്ങൾക്ക് മുകളിലായി

ISSN: 2582 - 2594

സ്ഥിതിചെയ്യുന്നു. ഒറ്റക്കല്ലിൽത്തീർത്ത ഗോമതേശ്വര പ്രതിമയും കുളവും ശില്പഭംഗിയും കൊത്തുപണികളും ഇവിടത്തെ പ്രത്യേകതയാണ്. പാറയുടെ ഉപരിതലത്തിൽ നിരവധി ശാസനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

ഇപ്പോൾ മുത്താരമ്മൻ ദേവീക്ഷേത്രമെന്നറിയപ്പെടുന്ന മലക്കോവിലിലെ പ്രധാന ഉത്സവം പത്തു ദിവസങ്ങളിലായി ആഘോഷിക്കുന്നു. ഇടവമാസത്തിലെ അനിഴം നക്ഷത്രത്തിൽ ആറാട്ടോടുകൂടിയാണ് ഉത്സവം സമാപിക്കുന്നത്. ഒൻപതാം ദിവസം ദേവിയെ വേട്ടക്കെഴുന്നെള്ളിക്കുമ്പോൾ കൊടിമരച്ചുവട്ടിൽ വച്ച് ക്ഷേത്രതന്ത്രി ഭാരവാഹികളോട് ചോദിക്കും "തിരുച്ചനാട്ട് മല ഭഗവതിയമ്മയെ നെടുമങ്ങാട് കിളിക്കോട്ട് മഠത്തിലേക്ക് എഴുന്നെള്ളിക്കാൻ വഴിയും വെട്ടി ആനയും വന്നിട്ടുണ്ടോ?" "കീഴ്പതിവുപോലെ" എന്നു മറുപടി. തുടർന്ന് പാറപ്പുറത്ത് വച്ച് വേട്ട ചടങ്ങുകൾ നടക്കുമ്പോൾ അടുത്ത ചോദ്യം "നമ്പച്ചിക്കുറുപ്പും തട്ടുകുടി വീട്ടുകാരും വന്നിട്ടുണ്ടോ?" "കീഴ്പതിവുപോലെ" എന്നു മറുപടി. തിരുച്ചനാട്ട് ഭഗവതിയും നെടുമങ്ങാട് കിളിക്കോട്ടു മഠവും തമ്മിൽ അഭേദ്യബന്ധമുണ്ടെന്ന സൂചനയാണ് ഈ വരികൾ നൽകുന്നത്. ഐതിഹ്യമനുസരിച്ച് ജൈനദേവിയായ പത്മാവതിയുടെ അവതാരമാണ് കിളിക്കോട്ട് മഠത്തിലമ്മ.[9] ഇങ്ങനെ ചരിത്രവും ഐതിഹ്യവും കെട്ടുപിണഞ്ഞു കിടക്കുന്ന പ്രകൃതിയുടെ വരദാനമാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ഗുഹാക്ഷേത്രം.

ജൈനമതത്തിന്റെ സ്വാധീനം തെക്കേ ഇന്ത്യയിലുടനീളം ഇന്നും നിലനിൽക്കുന്നതായി മനസ്സിലാക്കാം. ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനംമൂലം ജൈനബുദ്ധക്ഷേത്രങ്ങൾ ശൈവവൈഷ്ണവ സങ്കല്പങ്ങളിലേക്ക് മാറ്റപ്പെടുകയും രാജാക്കൻമാർ ആഴ്വാർ, നായനാർ എന്നീ സ്ഥാനപ്പേരുകൾ സ്വീകരിക്കുകയും ചെയ്തു. രാജാക്കൻമാരുടെ പ്രോത്സാഹനം നഷ്ടമായതോടെ ക്രമേണ ജൈനതത്വങ്ങൾക്ക് മങ്ങലേറ്റു തുടങ്ങി. ഹിന്ദുക്ഷേത്രങ്ങളായി പരിണമിച്ചെങ്കിലും അവയ്ക്ക് ശില്പഭംഗിയിലോ കൊത്തുപണിക്കോ കോട്ടം തട്ടിയിട്ടില്ല. കൂറ്റൻപാറകൾ തുരന്ന് നിർമ്മിച്ചിരിക്കുന്ന മഹാമണ്ഡപങ്ങളും വിഗ്രഹങ്ങളും കൽസ്തൂപങ്ങളും പഴയ നിർമ്മിതികൾക്കായി ഉപയോഗിച്ചിരുന്ന സാങ്കേതികവിദ്യയും ചരിത്രാന്വേഷികൾക്ക് വിസ്മയമാണ്. മതത്തിന്റെ സംരക്ഷിത കവചത്തിനുള്ളിൽ ഈ സ്മാരകങ്ങൾ സുരക്ഷിതമായി ഇന്നും നിലകൊള്ളുന്നു.

റഫറൻസ്

1. രാഘവ വാര്യർ, എം ആർ, ജൈനമതം കേരളത്തിൽ, നാഷണൽ ബുക്സ്, കോട്ടയം, 2012, പു.86.
2. ശ്രീധരമേനോൻ എ, എ സർവെ ഓഫ് കേരള ഹിസ്റ്ററി, ഡി സി ബുക്സ്, കോട്ടയം, 2007, പു. 84.
3. ഉപീന്ദർ സിങ്, എ ഹിസ്റ്ററി ഓഫ് ഏൻഷ്യന്റ് ആന്റ് മിഡീവൽ ഇന്ത്യ, പിയേഴ്സൺ പബ്ലിഷേഴ്സ്, ന്യൂഡൽഹി, 2012, പു. 525.
4. ഡോ. എം.ജി.എസ് നാരായണൻ. പെരുമാൾസ് ഓഫ് കേരള, കോസ്മോ ബുക്സ്, തൃശ്ശൂർ, 2018, പു. 342.
5. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് (ടി.എ. എസ്), വാല്യം 1, പു.284.
6. ടി.എ.എസ്, വാല്യം 1, പു.284.
7. ടി.എ.എസ്, വാല്യം II, പു.192 - 196.
8. ടി.എ.എസ്, വാല്യം IV, പു.144 - 145.
9. വെള്ളനാട് രാമചന്ദ്രൻ, നെടുമങ്ങാട് നൂറ്റാണ്ടുകളിലൂടെ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023, വാല്യം V, പു. 241 - 244.

PANEL OF EXTERNAL PEER REVIEWERS

Dr. Lekshmi S.
Assistant Professor
Department of Malayalam
Govt. College, Nedumangad

Dr. M. Ramachandran Pillai
Assistant Professor
Department of Malayalam
Govt. College, Nedumangad

Dr. Ganga Devi M.
Assistant Professor,
Department of Malayalam,
Govt. College for Women,
Thiruvananthapuram

Dr. Dhanya P.D.
Assistant Professor
Dept. of Malayalam
K.K.T.M. Govt. College
Pullut

Dr. Nimmy A.P.
Assistant Professor
Dept. of Malayalam
Govt. Arts and Science College
Kozhikode

ISSN: 2582 - 2594

Vol. 7 No. 1 January 2024 ISSN 2582-2594 RNI No. KERMUL/2018/77513

www.akgct.org

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org